J12

Sree. Krishnavilasam Libarary
ശ്രീകൃഷ്ണവിലാസം ഗ്രന്ഥാലയം മലയിൻകീഴ്
Malayinkil

1904

SRI KRISHNAVILASAM READING ROOM * MALAYINKEEL *

# ബി. ഏ. മായാവി.

(ഒരു പ്രഹസനം)

ഈ. വി. കൃഷ്ണപിള്ള,

ബി. ഏ., ബി. എൽ; എം. എൽ. ഏ.

[അനുവാദംകൂടാതെ അഭിനയിക്കുവാൻ പാടില്ല]

ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം.

ഒന്നാംപ്രതിപ്പു കാപ്പി ൧൦൦൦.

വില ആറണ.

തൊഴിലില്ലായ്മകൊണ്ടു വലയുന്ന

യുവ സഹോദരങ്ങൾക്കായി

സ്നേഹപുരസ്സരം

ഈ ഗ്രന്ഥം സമർപ്പിച്ചുകൊള്ളുന്നു.

# മുഖവുര.

ഇക്കഴിഞ്ഞ തിരുനാൾമഹോത്സവത്തിന് എഴുതിയതാണിതു്. ഇതു് തിരുവനന്തപുരം വീരകേരളജിംഘാനാംഗങ്ങൾ ഭംഗിയായി തിരുവനന്തപുരം ജൂബിലി ടൌൺഹാളിൽ ഒന്നിലധികം പ്രാവശ്യം അഭിനയിച്ചിട്ടുണ്ടു്. അതിൽ പിന്നീട്ട് അവരും മററുചിലരും തിരുവിതാംകൂറിൻെറ പല ഭാഗങ്ങളിലും ഇതു് അഭിനയിച്ചു. അഭ്യസ്തവിദ്യന്മാരായ യുവാക്കന്മാരുടെയിടയിൽ തീവ്രമായി പ്രചരിക്കുന്ന തൊഴിലില്ലായ്മയെ ഇതു് ഉദാഹരിക്കുന്നു.

ഇതിലെ നായകൻെറ വേഷം എടുത്തു് അഭിനയവിദ്യയിൽ അനന്യസാധാരണയശസ്സു സമ്പാദിച്ചിട്ടുള്ള എൻ. പി. ചെല്ലപ്പൻനായർ ബി. ഏ അവർകളുടെ വേഷങ്ങളാണു് മുൻപിൻ വശങ്ങളിൽ കാണിച്ചിട്ടുള്ളതു്.

എൻെറ പ്രിയസ്നേഹിതൻ പോലീസുകമ്മീഷണരാഫീസ് മാനേജർ ഏ. പപ്പു ബി. ഏ., ബി. എൽ. അവർകൾ ഇതിൻെറ രചനയിൽ എന്നെ സാരമായി സഹായിച്ചിട്ടുണ്ടു്. സി. വി. കുഞ്ഞുരാമൻ അവർകൾ തുടങ്ങി പല മാന്യമിത്രങ്ങളും ഇതുകണ്ടു് അത്യുദാരമായി പ്രശംസിച്ചിട്ടുണ്ടു്. ഇവരോടെല്ലാം എനിക്കുള്ള കൃതജ്ഞത അപാരമാണു്.

ഇതു് അച്ചിടുന്നതിനു് ഇത്രയും താമസിച്ചുപോയതിൽ മഹാജനങ്ങളോടു് മാപ്പു ചോദിച്ചുകൊള്ളുന്നു.

തിരുവനന്തപുരം
4—8—'109 } ഈ. വീ. കൃഷ്ണപിള്ള.

# കഥാപാത്രങ്ങൾ.

സോമൻ:—ബി. ഏ. ജയിച്ച് ഉദ്യോഗം അന്വേഷിച്ചു വലയുന്ന ഒരു യുവാവ്; ഇരുപത്തിരണ്ടു വയസ്സ്.

ഗോവിന്ദപ്പിള്ള:—ഡവലപ്പുമെൻറു കമ്മീഷണരാഫീസിലെ ഒരു മദ്ധ്യവയസ്കനായ ക്ലാൿ.

ശേഖരൻനായർ:—ടി ആഫീസിലെ മാനേജർ. മുപ്പത്തിഎട്ടു വയസ്സ്.

പപ്പുക്കയ്മൾ:—ബി. ഏ. യ്ക്കു പഠിച്ചുകൊണ്ടിരിക്കുമ്പോൾ ട്രാഫിക്കുകാൺസ്റ്റബിൾ ആയിപ്പോയ ഒരു പ്രഭുകുടുംബാംഗം. സോമൻെറ പ്രായം.

കമ്മീഷണർ:— ഡവലപ്പുമെൻറുകമ്മീഷണർ. അൻപതുവയസ്സ്.

ഉമ്മട്ടിക്കയ്മൾ:—പപ്പുക്കയ്മളുടെ അമ്മാവൻ. ഒരു വൃദ്ധനിയമസഭാംഗം.

ചെട്ടിയാർ:—അരിക്കച്ചവടക്കാരൻ. പ്രായം നാല്പതോടടുക്കും.

പങ്കജാക്ഷിഅമ്മ:—സോമൻെറ പ്രേമഭാജനം. ഇരുപതുവയസ്സ്.

കമലമ്മ:—മാനേജരുടെ സഹോദരി. ഇരുപത്തിരണ്ടു വയസ്സ്.

ഭക്തിവിലാസം ഡഫേദാർ, ശിപായിമാർ.

1904
5.12

# ബി. ഏ. മായാവി.

## രംഗം ൧.

### സോമന്റെ മുറി.

(ഒരു മേശ, കുറേ പുസ്തകങ്ങൾ, അയയിൽ കീറിയ രണ്ടു മുണ്ടു്. ഭിത്തിയിൽ തറച്ചിരിക്കുന്ന പെഗ്ഗിൽ കോട്ടു്, ഷർട്ടു് മുതലായവ. സോമൻ മുണ്ടും ഷർട്ടുമായി നിൽക്കുന്നു)

സോമൻ:—(ആത്മഗതം) പ്രയാസം, പ്രയാസം! പ്രണയവും ദാരിദ്ര്യവും തമ്മിൽ തീരെ ചേരുകയില്ല. മോരും മുതിരയുംപോലെ കിടക്കും. രണ്ടും ദഹിക്കുകയില്ല. ഛർദ്ദിയും അതിസാരവും ഒരുമിച്ചുണ്ടാകും. ഇതു വല്ലതുമുണ്ടോ ലോലചിത്തകൾ അറിയുന്നു! അവരുടെ മുഖബിംബങ്ങൾപോലെതന്നെ ലോകവും പരമസുന്ദരവും, ചന്ദനശീതളവുമാണെന്നാണു് പാവങ്ങൾ വിചാരിക്കുന്നതു്. (കയ്യിലിരുന്ന കത്തു നീട്ടിയിട്ടു്) കണ്ടില്ലേ പങ്കജം എഴുതിയിരിക്കുന്നതു്! സാഹിത്യത്തിലുള്ള സകല മനോഹരപദങ്ങളും ഇതിൽ നിറച്ചിട്ടുണ്ടു്. വായിച്ചു വായിച്ചിരുന്നാൽ രണ്ടു ദിവസത്തേയ്ക്കു വിശപ്പറിയുകയില്ല. മൂന്നാം ദിവസമോ? നിരാഹാരവ്രതം അത്രമേൽ നീണ്ടുനില്ക്കുമെന്നു തോന്നുന്നില്ല. പെണ്ണുങ്ങൾ എവിടെയും

പെണ്ണുങ്ങൾ തന്നെയാണ്. സംശയമില്ല. അവൎക്ക് ആണുങ്ങളുടെ മനക്കരുത്തു കിട്ടുകയില്ല. സമുദായസേവനത്തിനിറങ്ങിയാലും, ബി. ഏ. ജയിച്ചാലും, പോലീസ് ഇൻസ്പെക്ടരായാലും പെണ്ണുതന്നെയോ—ഹൃദയം മഞ്ഞുപോലുരുകും, കണ്ണുനീർ ഇടവപ്പാതിപോലെ ചൊരിയും. പ്രണയം ഇക്കഴിഞ്ഞ വെള്ളപ്പൊക്കംപോലെ ഇരച്ചുകയറും, അല്ലെങ്കിൽ പങ്കജത്തിനു് ഇങ്ങനെ ഒരു കത്തെഴുതാൻ തോന്നുമോ! വലിയ 'സമുദായസേവനക്കാരിയാണു്; പ്രസംഗക്കാരിയാണു്; തൻേറടക്കാരിയാണു്. പ്രണയഭാജനത്തിന്നയയ്ക്കുന്ന കത്തോ! വെറും ഏഴാംക്ലാസ്സ്: (അല്പം ഗൌരവത്തിൽ) എന്നാൽ എൻെറ കായ്യമോ! ബി. ഏ. പാസ്സായി അതും വീട്ടിൽ വല്ല ഗതിയും ഉണ്ടായിട്ടാണോ? കണ്ടവനെ കളിപ്പിച്ചു തന്നെ അതും നിൎവ്വഹിച്ചതു്. വടക്കുനിന്നു് ഒരു പ്രഭുകുടുംബത്തിലെ ഒരു ഉണ്ണിക്കോരൻ തിരുവനന്തപുരത്തു പഠിക്കാൻ വന്നു. അവനെ കൊണ്ടുചെന്നു ട്രാഫിക്ക് പോലീസ്സിൽ ചേൎത്തു. അവൻെറ അമ്മാവൻ വിചാരിച്ചതു് അനന്തരവൻ ബി. ഏ. യ്ക്കു തകൃത്തു വായിക്കുകയാണെന്നായിരുന്നു. അനന്തരവൻ ഇതാ പാളയംപള്ളിമുക്കിലുള്ള പന്തൽശാലയിൽനിന്നു് മോട്ടോർവണ്ടികളോടു് "തോഴരെ! ഇതിലെ, ഇതിലെ" എന്നു പറയുകയാണു്. കാളേജിൽ പഠിക്കുവാൻ അവനു വന്ന പണംകൊണ്ടു് ഞാൻ വല്ലവിധവും ബീ. ഏ. കഴിച്ചു

കൂട്ടി. ഇപ്പോഴാണു് ബുദ്ധിമുട്ടറിയുന്നതു്. ഒന്നു നോക്കിയാൽ ട്രാഫിക്കുകാരൻതന്നെ ഭാഗ്യവാൻ. ഞാൻ അന്നു അതിനുപോയാൽ മതിയായിരുന്നു. (ഒരു വശത്തേയ്ക്കു നോക്കി) അതാ വരുന്നു നമ്മുടെ കടക്കാരൻ നമ്പർ ഒൺ. അരിക്കച്ചവടക്കാരൻ ചെട്ടിയാരാണു്. ഇനിയും അവധി കേൾക്കുകയില്ലെന്നുള്ള ഭാവമാണു മുഖത്തു്. ഇങ്ങനെ എത്ര മുഖങ്ങൾ ഞാൻ കണ്ടിരിക്കുന്നെടോ, വണിഗ്പരാ! എനിക്കു് ഈ പാവങ്ങളെയൊക്കെ കാണുമ്പോൾ—പരമാൎത്ഥം പറയണമല്ലോ—വലിയ അനുകമ്പയാണു തോന്നുന്നതു്. സാധുക്കൾ! തീരെ ഭാവനാശക്തിയില്ലാത്തവർ! എന്റെ കയ്യിൽനിന്നു് ഒററക്കാശെങ്കിലും കിട്ടുമെന്നു് ഈ ശുദ്ധനതിക്കാർ ആശിക്കുന്നതു മൎയ്യാദയാണോ? ബുദ്ധിയാണോ? മനുഷ്യനു് ആശയ്ക്കുണ്ടോ അതിരു്? (മുഖഭാവം മാററി ഉച്ചത്തിൽ) വരണം, വരണം. മുതലാളി ഓടിവരണം. വളരെസന്തോഷം. ഒരു നല്ല കാൎയ്യത്തിനിറങ്ങുമ്പോൾ ഇഷ്ടമുള്ളവരെ കാണുക ഒന്നാംതരം ശകുനമാണു്. സംശയമില്ല.

(അരിക്കച്ചവടക്കാരൻ ചെട്ടിയാർ പ്രവേശിക്കുന്നു)

ചെട്ടിയാർ:—ആമാ! ആമാ! ഉങ്കളുക്കു് നല്ല കാലം വരുകിറുതു്. ഇവനുടെ കടൈ ജപ്തിയിടുകിറതു്. അന്ത വള്ളക്കടൈവുമുതലാളി ഇരിക്കിറാനെ. അവൻ എന്നൈ സിവിൽ ജയിലിക്കു് അനുപ്പിയല്ലാമൽ മാററമാട്ടേനെൻറു് കട്ടായമായി നിക്കിറാൻ.

സോമ:—(ഗൌരവത്തിൽ) പൊയ്ക്കൊള്ളു ജയിലിലേക്കു പൊയ്ക്കൊള്ളു. പക്ഷേ, ഒരു കാര്യം ചെയ്യേണ്ടണം. എത്രുറുപ്പിക കടമുണ്ടു്, ആൎക്കെല്ലാമാണു കൊടുക്കേണ്ടതു് എന്നുമാത്രം ഒരു തുണ്ടുകടലാസിൽഎഴുതി എന്നെ ഏല്പിച്ചിട്ടു് ജയിലിൽ പൊയ്ക്കൊള്ളണം. അടുത്തമാസം ശമ്പളം വാങ്ങുമ്പോൾ ആ തുക എടുത്തുവച്ചിട്ടു് എനിക്കു മറവുള്ള ചിലവുകൾ നിശ്ചയിക്കേണ്ടതാണു്. ഞാൻ വീട്ടുന്ന കടങ്ങൾ—അതു് സൌകൎയ്യംപോലെ തന്നാൽ മതി. നിങ്ങൾ അത്ര ശുദ്ധനാണു്, നല്ലവനാണു്, പ്രാണോപകാരിയാണു്.

ചെട്ടി:—(അല്പം പ്രസാദത്തോടെ) എന്നാ ഉങ്കളുക്കു് ശമ്പളമാ? നീങ്കളാവതു് ശമ്പളമാവതു്!

സോമ:—വെറുതെയാണൊ, ഈ കാളേജിൽനിന്നു് ഒന്നാമതായി ഐ. സി. എസ്സ്. ജയിച്ചതു്! മുതലാളിയോടു് ഇത്ര അധികം അരിവാങ്ങിച്ചതു് എന്തിനെന്നറിയാമോ? തലച്ചോറിനു ഭക്ഷണം കൊടുക്കാൻ. പഠിച്ചു, മുക്കറയിട്ടു പഠിച്ചു. ദിവസം രണ്ടിടങ്ങഴി മൂന്നിടങ്ങഴി അരിയുടെ ചോറുതട്ടിക്കൊണ്ടു പഠിച്ചു. സാധാരണ ബി. ഏ. ക്കാരനു കിട്ടുന്ന പത്തോ, നൂറോ രൂപാ ശമ്പളമാണെന്നായിരിക്കാം മുതലാളി വിചാരിച്ചതു്. അതേ. അതെ. അങ്ങനെതന്നെ ചെട്ടിയാർ വിചാരിച്ചതെന്നു മുഖം തെളിച്ചുപറയുന്നല്ലോ. എന്നാൽ പിടിച്ചോളൂ. മാസം അറുന്നൂറുരൂപായാണു് ആദ്യം ഒരു വൎഷത്തേയ്ക്കു്. ഓരോ മാസം ഒന്നാംതീയതി അറുന്നൂറുരൂപയാണു കെട്ടിവാ

ങ്ങുന്നതു്. മനസ്സിലായോ! പക്ഷേ, ഒരു വ്യത്യാസമുണ്ടു്. ഇംഗ്ലീഷുമാസം ഒന്നാംതീയതിയാണു് അതിനു് നിങ്ങളുടെ നാട്ടുമാസം എത്രാംതീയതിയാണെന്നു് പഞ്ചാംഗംനോക്കി അറിഞ്ഞുകൊള്ളണം. അതിനു തൽക്കാലം എനിക്കു സമയമില്ല. പിന്നീടു് ആണ്ടുതോറും നൂറുരൂപാവീതം കൂടുകയും. എന്തു പറയുന്നു! സ്വല്പം ഒന്നു സന്തോഷിക്കേണ്ടതല്ലേ കാര്യ്യം? ഇതാ, ഇന്നാണു് ഉത്തരവ് കിട്ടിയതു്. എന്നാൽ കൂട്ടെപഠിച്ചിട്ടുള്ള നാലുസ്നേഹിതന്മാൎക്കു കാപ്പിവാങ്ങിക്കൊടുക്കണമെന്നുവച്ചാൽ, മുതലാളിക്കറിയരുതെ നമ്മുടെ പച്ച, കയ്യിൽ നാലുകാശുമില്ല. അഞ്ഞൂറുരൂപാ ശമ്പളത്തിനു പോകയാണു്. വിദ്വാൻെറ കയ്യിലോ! ഒററച്ചില്ലിയില്ല. ആയില്ലേ കഥ! വല്ലവരും കേട്ടാൽ വിശ്വസിക്കുമോ? സംഗതി പരമാൎത്ഥവുമല്ലേ? നല്ല ശമ്പളമുള്ള ഒരുദ്യോഗംകിട്ടിയതുകൊണ്ടു് വല്ലവരോടും കടംതെണ്ടി നടക്കാമോ? അതും കുറച്ചിൽ. കേട്ടാൽ ചിരിവരുന്ന ഒരു കാൎയ്യമല്ലെ മുതലാളി ഇതു്?

ചെട്ടി:—അന്ത ഉദ്യോഗത്തുടെ പേരെന്ന?

സോമ:—ലോഫർ ജനറാൾ ഓഫ് ട്രാവൻകൂർ. ജോലിപിടിപ്പതുണ്ടു്. വെറുതേയിരിക്കാൻ സമയമില്ല. പക്ഷേ, ദിവാൻജിക്കുപോലും നമ്മുടെമേൽ അധികാരമില്ല. ഇതു കിട്ടിയതിൻെറ കഥയോ? ഭയങ്കരം! അതിഭയങ്കരം! ഇതിൻെറ ദുസ്സാദ്ധ്യത ഓൎമ്മിച്ചു് നാട്ടുകാരാരും മത്സരിക്കുവാൻവന്നില്ല. അതു പോകട്ടെ.

അവിടെപ്പറഞ്ഞുനിൽക്കാം. പിന്നെപ്പിണങ്ങേണ്ടിവ ന്നതാരോട്ട്? ഒരു യൂറോപ്യനോട്ട്. അവനെപിടിയോ! അങ്ങേഅററംവരെ. അവൻ തട്ടിയെടുത്തെന്നു ഞാൻ വിചാരിച്ചുപോയി. പക്ഷേ അവന്ന് വെസ്റ്റേൺ യൂറോപ്പിലെത്തുക്ററിംഗ് ലോഫർ ജനറാൾസ്ഥാനം കിട്ടി. ഈശ്വരാധീനം. നമുക്ക് ഇതുകിട്ടുകയും ചെയ്തു. (ഒരുവശത്തേയ്ക്കുനോക്കി, ആത്മഗതം) അ താരു്! നമ്മുടെ ട്രാഫിക്ക് കാൺസ്റ്റബിൾ കയ്മൾ ചേട്ടൻ വരികയാണു്. ഇപ്പോൾ കള്ളം വെളിയി ലാകുമല്ലോ. ആകട്ടെ. ഇങ്ങനെ അഭിനയിക്കാം. (പ്രകാശം) ഓ. നമുക്ക് ആർഡർലിയേയും അയ ച്ചുകഴിഞ്ഞോ? ഉപദ്രവം. ഈ ഉദ്യോഗമട്ടൊക്കെ ഒ ന്നുപഠിക്കേണ്ടിയിരിക്കുന്നു. നമുക്കിതുവശമില്ലതാനും. നോക്കണം മുതലാളീ (അരിക്കച്ചവടക്കാരൻ നോക്കു ന്നു) മുതലാളി കടന്നേക്കണം. അപ്പോൾ മുതലാളിയു ടെകടങ്ങൾ—ഭയപ്പെടേണ്ടാ, ലേശംക്രൂസണ്ടാ—സ കല കടവും നാം വീട്ടും. എന്നെ വളരെ വളരെ സ ഹായിച്ചആളാണു് നിങ്ങൾ. (പരികംചുളിച്ചു്) എ ന്താണതു് മടിയിൽ? രൂപയാണെങ്കിൽ ഒരു ററ്വൻറി രൂപ്പീസ് ഇങ്ങെടുത്തേയ്ക്കണം. കൈനീട്ടം മുതലാളി യുടേതാകട്ടെ. (കാര്യമട്ടിൽ)ഇതു തിരിച്ചുചോദിച്ചേക്ക രുതു്, പറഞ്ഞേക്കാം. ഇതിൽ നൂറിരട്ടി ഞാൻ വേ റെതരും. എന്നാൽ ഇതുതരികയില്ല. മനസ്സിലായോ? അതുവേറെകാര്യം. ഇതു് ഒരു മംഗളമുഹൂർത്തത്തിൽ സമ്മാനമായിവാങ്ങുകയാണു്.

ചെട്ടി:—(കൃതാൎത്ഥതാപുരസ്സരം) ഇരുപത്തിയഞ്ചിരിക്കട്ടും യശമാനേ; യശമാൻ എന്നെമാത്രം ഒരു ഒരു കൺ പാൎത്തു കൊള്ളവേണ്ടിയതു്. (അത്ഭുതഭാവത്തിൽ) അറുനൂറുരൂപൈ ശമ്പളം! അപ്പപ്പാ! പന്തിരാറു്, എഴുപത്തിരണ്ടു്. വരിഷാവരിഷം ഏളായിരുത്തിരുനൂറുരൂപായ്! അതിനുടയ വട്ടിയും വട്ടിയ്ക്കു വട്ടിയുമാനാൽ അപ്പപ്പാ!.

സോമ:—പിന്നെ, സഞ്ചാരപ്പടി, കെട്ടിടവാടക, ലോക്കൽ അലവൻസ്, ഓവർസീസ് അലവൻസ്, കാഡ്ജേജ് അലവൻസ്-രൂപ എടുത്തേക്കണം. വേഗമാകട്ടെ.

ചെട്ടി:—(രൂപ എടുത്തുകൊടുത്തിട്ടു തൊഴുതുപോകുന്നു)

(ട്റാഫിക്ക് കാൺസ്റ്ററബിൾവേഷത്തിൽ പപ്പുക്കയ്മൾ പ്രവേശിക്കുന്നു.)

സോമ:—വരൂ, കൊച്ചുകയ്മളെ സുഖം തന്നെല്ലോ!

പപ്പുക്കയ്മൾ—ഈ പോക്രിത്തരം ഇനിമേൽ താൻ ആരോടും കാണിക്കരുതു്. ബീഏയ്ക്കു പഠിച്ചുകൊണ്ടിരുന്ന എന്നെക്കൊണ്ടുചെന്നു് ട്രാഫിക്ക്പോലീസിൽ ചേൎത്തിട്ടു് ഇന്നു് ഇൻസ്പക്റ്ററുദ്യോഗംകിട്ടും, നാളെ ക്കിട്ടുംഎന്നുപറഞ്ഞു്-ഇപ്പോൾ ആണ്ടുരണ്ടായി. എനിക്കു മാസാമാസം അമ്മാവൻ അയച്ചുകൊണ്ടിരുന്ന പണമെടുത്തു് താൻ പഠിച്ച മിടുക്കനൊവുകയും ചെയ്തു. എന്നിട്ടു് ഒരു ഹേഡ്ഉദ്യോഗമെങ്കിലും കിട്ടിയോ! അതുമില്ല.

സോമ:—സഹോദരാ! അതിനൊക്കെ ചിലപൊടിവിദ്യകളുണ്ടു്. സൂപ്രണ്ടിനെ നിങ്ങൾക്കു നല്ലപോലെ അറിയരുതെ? ചുമ്മാതെചെന്നാൽ സാധിക്കുമോ? അതു

മല്ല, ഇനി നിങ്ങൾക്കു പേടിക്കുവാനുമില്ലല്ലൊ. നി ങ്ങളുടെ അമ്മാവൻ കൌൺസിൽ മെമ്പർ ആകുമെ ന്നു കേൾക്കുന്നല്ലോ.

പപ്പു:—പാവത്തിനെ അങ്ങനെ ആരാണ്ടു വേഷം കെട്ടി ക്കുന്നെന്നു കേൾക്കുന്നു. അതിരിക്കട്ടെ. ഞാൻ എ ന്താണു് ഇപ്പോൾ ചെയ്യേണ്ടതു്? അനന്തിരവൻ ബി. ഏ. ജയിച്ചു കേമനായി നടക്കുന്നെന്നു വിചാരി ച്ചാണു് മൂപ്പീന്നിന്റെ വരവു്. ഞാൻ എങ്ങിനെ അദ്ദേഹത്തെ കാണും? ഒരു ഫേഡു് എങ്കിലും ആ യെങ്കിൽ—വല്ലതും കൊടുത്തു കാര്യം പററിക്കാമെന്നു വച്ചാൽ കയ്യിൽ നാലുകാശുമില്ലതാനും.

സോമ:—എടോ ഭാഗ്യദോഷീ! രണ്ടു വർഷം ട്രാഫിക്കിൽ ഇ രുന്നുംവച്ചു് കൈയിൽ കാശില്ലെന്നു പറയുന്നതിനു് നിങ്ങൾക്കു ലജ്ജയില്ലല്ലോ. ഇനി നിങ്ങളെ വൈ ശ്രവണന്റെ നിലവറയിൽ വജ്രരത്നക്കുന്നുകൾക്കിട യിൽ മറിച്ചിട്ടിട്ടു പോന്നാലും വെളിയിൽ ഇറങ്ങി വരുമ്പോൾ ഒരു സിംഗിൾ ചായയ്ക്കുള്ള കാശു് നി ങ്ങളുടെ കയ്യിൽ കാണുകയില്ല. ഇങ്ങനെയാണോ ട്രാഫിക്കു് ഉദ്യോഗം നോക്കുന്നതു്!

പപ്പു:—അതൊന്നും തനിക്കറിയാൻവയ്യെടോ. ബസ്സിന്റെ പിരിവുകണക്കു പറഞ്ഞേവിടെ ഏല്പ്പിക്കണം. മന സ്സിലായോ? എനിക്കൊരു ട്രാഫിക്കിൻസ്പെക്ടരുദ്യോഗം കിട്ടിയാൽ മതി. ആ ഉദ്യോഗത്തിനുമാത്രം എഴുത്ത റിയണമെന്നില്ലല്ലൊ. മാസം നൂററിയൻപതുരൂപാ, നൂററിത്തൊണ്ണൂറുരൂപാ ക്കെയാണു് ശമ്പളവും പ

ടിയുംകൂടി കിട്ടുന്നതു്. ജോലി വല്ലതുമുണ്ടോ! സ്വസ്ഥം. ബി. എ-യും ബി എൽ-ലും ജയിച്ച് ഇരുപത്തഞ്ചുവഷം കള്ളനേയും കൊലപാതകിയേയുംമേച്ചുകൊണ്ടു നടന്നു് പോലീസ്സിൻസ്പെക്ടരായി കഴിയുന്ന വക്കശമ്പളമോ? വെറും തൊണ്ണൂറു്. വല്ലടത്തേയ്ക്കും പോണമെങ്കിൽ ബസ്സ്കൂലി നേരത്തെ ഏല്പിക്കണം. ഇതു് അതുവല്ലതുമുണ്ടോ? പരമാനന്ദം. പെൻഷൻെറ വിശ്രമവും ഉദ്യോഗത്തിൻെറ പ്രതാപവും ഒരുമിച്ചാസ്വാദിക്കാം.

സോമ:—ആകട്ടെ, നമുക്കൊരു സ്വാധീനമുള്ള സംബന്ധം കയ്യേലാക്കാം. ഞാൻ ഒരിടത്തു് ഒരു ഉന്നം കണ്ടുവച്ചിട്ടുണ്ടു്. നിരാശപ്പെടണ്ടാ. (ഒരു വശത്തേക്കു നോക്കി) അതാ, നമ്മുടെ ഒരു പഴയ കടക്കാരൻ വരുന്നു. ജവുളി വാങ്ങിയ വകയാണു്. അയാളുടെ കടയിൽനിന്നൊട്ടത്തു കീറി പിന്നെ മൂന്നു സ്ഥലത്തുകൂടെ കുടമായി. എന്നിട്ടും അവൻെറ ദുരാഗ്രഹം നോക്കണം. വിട്ടുന്നില്ല. കയ്മൾ ഒന്നു ദയവുചെയ്യുമോ? വെളിയിൽ പോയി അവിടെ നിൽക്കുന്ന ആ മുസ്ലീംസഹോദരനോടു് യജമാനനു് ഇന്നു ആരെയും കാണാൻ സൌകയ്യമില്ലെന്നു പറഞ്ഞയയ്ക്കാമോ? അങ്ങനെ ചെയ്താൽ വലിയ രക്ഷയായി.

പപ്പു:—(ആശ്ചയ്യഭാവത്തിൽ) യജമാനനൊ! ഏതെജമാനൻ?

സോമ:—തെരുവു തെണ്ടിനടന്ന പിള്ളേർ ട്രാഫിക്ക് ഇൻസ്പെക്ടറന്മാരായപ്പോൾ അവരെ യജമാനനെന്നു വി

ളിക്കാമെങ്കിൽ ഒന്നുമില്ലെങ്കിലും ബി. എ. ജയിച്ച എന്നെ യജമാനനെന്നു വിളിച്ചുകൂടെ? യൂണിവേഴ് സിററി ഇതു കേട്ടാൽ തന്റെ ചെകിട്ടത്തടിക്കും.

പപ്പു:—വീടുംകൂട്ടുമില്ലാത്ത തന്നെ ഞാൻ യജമാനനെന്നു വിളിക്കാറുമായോ! ഞങ്ങൾ മംഗലശ്ശേരി കയ്മൾ മാർ കുടുംബത്തോടെ യജമാനന്മാരാണ്. തനിക്കതു മനസ്സിലായില്ലായിരിക്കാം.

സോമ:—അതെ, യജമാനനെ. ഇതു് എന്നെ ഒന്നു രക്ഷി ക്കുന്നതിനാണ്. അതിനു പകരം ഞാൻ ആയിരം പ്രാവശ്യം നിങ്ങളെ യജമാനനെന്നു വിളിച്ചേക്കാം. ഇങ്ങനെ ഒരു വിദ്യ എടുത്തില്ലെങ്കിൽ ആ മുസ്ലീംവ ണിക്ക് എന്നെ ഇന്നു കൊന്നുകളയും. വേഗം അ ങ്ങോട്ടൊന്നിറങ്ങിച്ചെല്ലണം. കാക്കിത്തുണി കണ്ടാൽ അവമാനം പേടിച്ചു് ആരും പിൻമാറിക്കളയും.

(പപ്പുക്കയ്മൾ പോകുന്നു.)

സോമ:—(ആത്മഗതം) ഇനിയും ഇവിടെ താമസം പന്തി യല്ല. വല്ലവഴിക്കും പോകുകയേ നിവൃത്തിയുള്ളൂ. ഒരു പത്തുരൂപയെങ്കിലും ശമ്പളം കിട്ടിയാൽ മതിയെന്നു വിചാരിച്ചു് സകല ഉദ്യോഗസ്ഥന്മാരുടെ പടിവാത ലുകളും കാത്തു. ഒരു നിവൃത്തിയുമില്ല. ഇക്കണെക്കിനു ശ്രീപരശുരാമക്ഷേത്രം ഉപേക്ഷിക്കുകയേ തരമുള്ളൂ വെ ന്നാണു തോന്നുന്നതു്. പൊയ്ക്കളയാം. എന്തിനിവിടെ ക്കിടന്നു് ഉന്തിത്തള്ളുന്നു! പോകുന്നതിൽ ഒരു മനസ്താ പമേയുള്ളൂ. പങ്കജവുമായി പിരിയണമല്ലൊ. യാ തൊരു ഗതിയുമില്ലാത്ത ഞാൻ ഇങ്ങനെ ഒരു ക്ഷീണ

ബുദ്ധി കാണിക്കേണ്ടിയില്ലായിരുന്നു. പാവപ്പെട്ട പെൺകുട്ടി! ഞാൻ എത്ര പറഞ്ഞിട്ടും വിശ്വസിക്കു ന്നില്ല. എനിക്കു കാലക്ഷേപത്തിനു യാതൊരു ഗതി യുമില്ലെന്നു പറഞ്ഞതിൽ, അവൾക്കു ധാരാളം സ്വ ത്തുണ്ട്, അവിടെച്ചെന്നു താമസിക്കണം എന്നാണു മറുപടി. അതു വലിയ നാണക്കേടാണ്. നമ്മേ ക്കൊണ്ടതാവില്ല. സ്വന്തമായി ഒരുപജീവനമാർഗ്ഗം കയ്യിലിരിക്കണം. ആകട്ടെ, ഡവലപ്പ്മെൻറ് കമ്മീ ഷണരുടെ ആഫീസിൽ ഇന്നലെ മൂന്നൊഴിവുണ്ടായി ട്ടുണ്ടല്ലൊ. അദ്ദേഹത്തെ മാത്രം ഞാൻ ഇതുവരെ കണ്ടിട്ടില്ല. കാൽക്കൽ വീണു കരഞ്ഞുനോക്കാം. വല്ലതുമൊന്നു സഹായിക്കുമൊ എന്നറിയാമല്ലൊ. പ ങ്കജത്തിനു ഭാഗ്യമുണ്ടോ എന്നും ഒന്നു പരീക്ഷിച്ചുകള യാം. എൻെറ ഭാഗ്യം ഞാൻ ഇതുവരെ പരീക്ഷിച്ചു നോക്കി. ഗുണമില്ലെന്നുകണ്ടു. ഇനിയും എൻെറ പ്രണയഭാജനത്തിൻെറ ഭാഗ്യമാണു നോക്കേണ്ടതു്. അതും നാസ്തിയെന്നു കണ്ടാൽ പിന്നെ സക്കാരുദ്യോ ഗത്തിനു ശ്രമിക്കുകയേ ഇല്ല. (ഒരുവശത്തേക്കുനോ ക്കി) അല്ലാ, ആ മുസ്ലീംസ്നേഹിതൻപോയില്ലെന്നോ! എന്നാൽ ഈ വഴിക്കു കടന്നുകളയാം.

(കർട്ടൻ.)

[library stamp]

## രംഗം ൨.

---

### ഡെവലപ്പുമെൻറ് കമ്മീഷണരാഫീസ്സുമാനേജർ

### ശേഖരൻനായരുടെ വസതി.

(ക്ലാക്ക് ഗോവിന്ദപ്പിള്ള ഫയൽകെട്ടുമായി നിൽക്കുന്നു. ആഫീസുമുറിയുടെ ഉപകരണങ്ങൾ രംഗസാമഗ്രികൾ)

ഗോവിന്ദപ്പിള്ള:—(ആത്മഗതം) അമേരിക്കാക്കാരൻെറ സ്വാതന്ത്ര്യയുദ്ധവും ഇംഗ്ലീഷുകാരൻെറ സ്വാതന്ത്ര്യകാംക്ഷയും എല്ലാം പഠിച്ചുംവച്ച് ഇങ്ങനെ എച്ചിൽക്കുഴിയിൽ കാത്തുനിൽക്കേണ്ടതായ ഉദ്യോഗത്തിനു പോകുന്നവനെ മുക്കാലിയിൽ കെട്ടി അടിക്കുകതന്നെ വേണം. പഴയ മററ്റിക്കുലേഷൻ ജയിച്ചു മുപ്പതു വഷവുമായി. മുപ്പത്തഞ്ചു രൂപാ പട്ടിണിക്കൂലിക്കു് ഇതുപോലെയുള്ള വങ്കന്മാരുടെ ധിക്കാരങ്ങഠം കേഠംക്കുവാൻ പാറാവുനില്ക്കുകയാണു് തൊഴിൽ. എത്ര നേരമായി ഇവിടെ വന്നുനിന്നിട്ടു്! മാനേജർ ദേവേന്ദ്രൻ ഇങ്ങോട്ടു വരുവാൻ ഭാവമേയില്ല. തലയിലെഴുത്തിൻെറ വിശേഷം! കൊച്ചുന്നാളിലേ മററു വല്ല തൊഴിലിനും പോയിരുന്നെങ്കിൽ ഇന്നു ഞാൻ ഇവൻെറ യജമാനനാണു്. എന്തുചെയ്യാം! അന്നത്തെ ശമ്പളഭ്രമം, ജോലിചെയ്യാനുള്ള മടി. ഓരോ ദിവസം കഴിയുംതോറും ഇതു വിട്ടുപിരിയുവാനുള്ള ഭയവും. ഒടുവിൽ കലാശം ഇങ്ങനെ. ഇനി പൌരുഷമെല്ലാം

അടുത്ത ജന്മത്തേയ്ക്കു മാററിവയ്ക്കാം. അല്ലാതെ നിവൃത്തിയില്ല.

(ഒരു ശിപായി പ്രവേശിക്കുന്നു)

ശിപായി:—അങ്ങുന്ന് ഒന്നു മാറിനില്ക്കണെ: കൊച്ചമ്മ ഈ വഴിയിൽക്കൂടി വരുന്നു.

ഗോവിന്ദ:—ആരു്? മാനേജരദ്ദേഹത്തിൻെറ സഹോദരിയോ!

(കമലമ്മ പ്രവേശിക്കുന്നു.)

കമലം:—(ശിപായിയെ നോക്കി) എടോ പടുകിഴവാ! തനിക്കു മര്യാദയും മാനവുമില്ലെ? ആരാണെടൊ അവിടെ കയറി വിളക്കുമരംപോലെ നില്ക്കുന്നതു്? ശവത്തിനോടു മാറിനില്ക്കാൻ പറയു? അണ്ണനോടു ഞാൻ എത്രതവണ പറഞ്ഞു, ആഫീസിലുള്ള ക്ഷാമമൂത്തികളെയെല്ലാം വീട്ടിൽ എഴുന്നള്ളിപ്പിക്കരുതെന്നു്.

ഗോവിന്ദ:—എടൊ, മാത്താണ്ഡപ്പിള്ളെ! തൻെറ കൊച്ചമ്മയോടു കുറച്ചു മര്യാദയായി സംസാരിക്കാൻ പറയു.

കമലം:—എന്തു പറഞ്ഞെടോ അയാൾ? പിടിച്ചുതള്ളുവെടൊ വെളിയിൽ. താൻ എൻെറ അണ്ണൻെറ ശമ്പളമല്ലേടോ വാങ്ങി ഉപ്പുംക്കൂട്ടി കഴിക്കുന്നതു്! ആങ്ഹാ! അത്രയ്ക്കായിപ്പോയോ? അണ്ണനോടൊന്നു ചോദിച്ചുകളയാം. വീട്ടിൽ കയറി സ്ത്രീകളെ ആക്ഷേപിക്കുന്ന ശേവുകക്കാരെയാണോ അണ്ണൻ വച്ചുവളത്തുന്നതെന്നു ചോദിച്ചുകളയാം.

(ദേഷ്യപ്പെട്ടു പോകുന്നു.)

ശിപായി:—(ഗോവിന്ദപ്പിള്ളയോട്ട്) മുടിയാൻപോണ കാലത്തിന്ന കാലമാടൻ വന്നുകേറി മററുള്ളവൻെറ ശമ്പളം തുട്ടിയാക്കി. ഇനി വാങ്ങികൊള്ളണം, ഇതിന്ന സമ്മാനം.

ഗോവിന്ദ:—എന്തു സമ്മാനമാണെടൊ? പൌരുഷം പണയംവച്ചിട്ടു ഇവിടെ ആൎക്കും ഈ മുപ്പത്തഞ്ചു രൂപാ വാങ്ങണ്ടാ. വെറുതെ നിന്ന എന്നെ എത്ര ധിക്കാരമായിട്ടാണ് ആ സ്ത്രീ ചീത്തപറഞ്ഞതു്! താൻ കേട്ടില്ലെ?

(മാനേജർ പ്രവേശിക്കുന്നു.)

ഗോവിന്ദ:—(തൊഴുന്നു. മാനേജർ അതു കണ്ടതായി നടിക്കുന്നില്ല)

മാനേജർ:—(ശിപായിയോട്ട്) ആരാണെടാ ഇവിടെ കമലത്തിനെ ചീത്തപറഞ്ഞതു്?

ശിപായി:—(കരഞ്ഞുകൊണ്ട്) പൊന്നങ്ങത്തെ പൊന്നുരക്ഷിതാവേ! സങ്കടമുണ്ടേ. വലിയ സംങ്കടമുണ്ടേ കൊച്ചമ്മയെ ഈ നിൽക്കുന്ന മനുഷ്യൻ തോരെ ദത്താരെ ചകാരിച്ചു. എന്നിട്ട് ആ നല്ലോരു കുഞ്ഞു് ഒന്നും ഉരിയാടാതെ പൊയ്ക്കളഞ്ഞു. പൊന്നൊജമാനെ സങ്കടമായിപ്പോയേ! തീൎത്താലും തീരാത്ത സങ്കടമായിപ്പോയേ.

മാനേജർ:—ആരെങ്കിലും അങ്ങനെ ചെയ്യുവൻെറ കരണക്കുററി നോക്കി തനിക്കു രണ്ടടികൊടുക്കാൻ വഹിയായിരുന്നു, അല്ലെ, റാസ്കൽ? (ഗോവിന്ദപ്പിള്ളയോടു തിരിഞ്ഞു്) താൻ എന്തിനെടോ ഇവിടെ വന്നതു്?.

ആരു പറഞ്ഞു തന്നോടിവിടെ വരാൻ? ഭദ്രം. ഞാൻ ആരാണെന്നു തനിക്കറിയാമല്ലോ. എൻെറ നേരെ നിന്നു കമ്മീഷണർപോലും മറുത്തു സംസാരിക്കുകയില്ലെന്നു താൻ കണ്ടിട്ടുണ്ടല്ലോ. പൊയ്ക്കൊള്ളു. താൻ ഇന്നുമുതൽ ആഫീസ്സിൽ വരണ്ടാ. കടക്കൂ പുറത്തു്. തൻെറ പെൻഷൻ അനുവദിച്ചിരിക്കുന്നു.

ഗോവി:—അങ്ങുന്നു് ദയയുണ്ടായി കേൾക്കണം— ഇതല്ല പരമാൎത്ഥം.

1904 7-12

മാനേജർ:—(ശിപായിയോടു്) പിടിച്ചിറക്കുവിനെടാ അയളെ വെളിയിൽ.

(മാനേജർ കോപിഷ്ഠനായിപ്പോകുന്നു)

ശിപായി:—അങ്ങുന്നേ! ആടുപോലെ നരച്ചല്ലോ. എന്നിട്ടും ലോകത്തിൽ പൊറുക്കാൻ പഠിച്ചിട്ടില്ല. അതിനു് എന്തനുഭവം കിട്ടി! വീട്ടിലിരുന്നു് ഉദ്യോഗം ഭരിക്കാം. നടക്കണം, നടക്കണം. ഇങ്ങനെയുള്ള കണ്ടാകണ്ണന്മാരെ സേവിക്കാൻ ഇവനോടു പഠിക്കണം. മനസ്സിലായോ?

ഗോവിന്ദ:—മഹാപാപി. ഇവൻെറ കീഴിലാണു് മററുള്ളവൻ ഉദ്യോഗം ഭരിക്കേണ്ടതു്. വയറിൻെറ വലിപ്പം എത്ര നാണക്കേടു വരുത്തുന്നു! എന്തുചെയ്യാം? ഇന്നു് ഇവൻ പറയുന്നതാണു ന്യായം. നാട്ടിലുള്ളവരെപ്പററിയെല്ലാം നുണ കൊണ്ടുകൊടുത്തു് എല്ലാ സ്ഥാനവും അവൻ വശപ്പെടുത്തി വച്ചിരിക്കയാണു്. പത്മനാഭാ! കാലം ഇങ്ങനെയായല്ലോ. കിട്ടുന്ന ശമ്പളത്തിൻെറ പത്തിരട്ടിക്കു് രായും പകലും ജോലി

ചെയ്യുന്ന മററുള്ളവൻ മുഴപ്പട്ടിണി, വലിയ പ്രാരബ്ധക്കാരൻ. കാലത്തെഴുന്നേററു പത്തു നണയുമായി സേവ പിടിക്കാൻ ചുററിനടന്നു്, ഒരു ജോലിയുംചെയ്യാതെ, ഒന്നും അറിയുവാൻ വഹിയാതെ സുഖിക്കുന്നവനു ആണ്ടുതോറും ശമ്പളക്കൂട്ടതല്ലും-

ശിപായി:—എൻെറ പൊന്നങ്ങുന്നേ.! ഈ വേദാന്തമൊക്കെ ആ റോട്ടിൽ ഇറങ്ങിനിന്നു് ഉരുവിടണേ. മററുള്ളവൻെറ കഞ്ഞിയിൽ പാററയിടല്ലേ. ചെറുക്കൻ ഒന്നു മററിക്കുലേഷൻെറ താഴത്തെ ക്ലാസ്സിൽ പഠിക്കുന്നു. അവനെ ഒന്നു കരകേററുന്നതുവരെ എനിക്കു വേദാന്തം സാധിക്കുകയില്ല. ഇറങ്ങിയാട്ടെ. നേരെ മരുതാമലയിലോ മറേറാ പോയി ഒരു തപസ്സു തുടങ്ങിയാട്ടെ. ഉടലോടെ സ്വർഗ്ഗത്തു കേറാം.

(കർട്ടൻ)

## രംഗം ൩.

### ഡെവലപ്പ്മെൻറു കമ്മീഷണരുടെ പടിവാതൽ.

(ഒരു വൃദ്ധൻ ശിപായി ഇരുന്നു് ഉറക്കം തൂങ്ങുന്നു)

സോമൻ:—(ആത്മഗതം) അമ്മാച്ചനിരുന്നു് ഉറങ്ങുകയാണു്. ഈ തരം കണ്ടു് അകത്തു കടന്നാലോ (സാവധാനം ഉള്ളിലേക്കു പ്രവേശിക്കാൻ നോക്കുന്നു. ശിപായി ഉണരുന്നു)

ശിപായി:—(ചാടിഎഴുന്നേററു്) ആരടാ അതു്. നില്ക്കു് അവിടെ.

സോമ:—(തിരിഞ്ഞുനിന്നു്) അല്ലേ, നില്ക്കാതെ ഞാൻ ഇവിടെ കിടക്കുകയാണോ! രണ്ടു മണിക്കൂറായി ഇവിടെ വന്നു നിന്നിട്ടു്. അമ്മാച്ചൻ ഉറങ്ങുന്നതു കണ്ടു കൊതിതോന്നി. എന്നാൽ അങ്ങേവശത്തിരുന്നു നമുക്കും ഒന്നു മയങ്ങിക്കളെയാമെന്നു വിചാരിച്ചു് കാലൊന്നു മടക്കിയപ്പോഴും വഴക്കുമായോ!

ശിപായി:—വഴിയെ പോണവനൊക്കെ ഇരുന്നു സുഖിക്കാനുള്ള സ്ഥലമാണോ ഇതു്? ആരാണിവിടെ താമസിക്കുന്നതെന്നറിയാമോ!

സോമ:—ഡവലപ്പ്മെൻറു കമ്മീഷണർ, എൻെറ ഒരു അടുത്തമിത്രം. അദ്ദേഹം ഇന്നാളിൽ സർക്കീട്ടിനു വന്നപ്പോഴും അദ്ദേഹം ഇവിടെയാണു താമസിക്കുന്നതെന്നാണു പറഞ്ഞുതന്നതു്. തിരുവനന്തപുരമാണു്, എനിക്കു വീടു കണ്ടുപിടിക്കാൻ സാധിക്കുകയില്ലെന്നു

ഞാൻ പറഞ്ഞപ്പോൾ ഇന്നാടത്തുകൂടി ഇന്നാടത്തു വരണമെന്നു് അദ്ദേഹം നിർബ്ബന്ധിച്ചു പറഞ്ഞു.

ശിപായി:—തന്നോടോ? യജമാനൻ അത്രവളരെ നിർബ്ബന്ധിച്ചു ക്ഷണിച്ചു തന്നെ; ഇല്ലെ?

സോമ:—താനെന്നും മോനെന്നുമൊക്കെ വിളിച്ചുകൊള്ളണം. എനിക്കതിൽ വിരോധമില്ല. ഞാൻ ഗേററിൽ വന്നിട്ടു് ഒരു മുതുക്കൻ ശിപായി എന്നെ തടഞ്ഞു നിറുത്തി എന്നു ഞാൻ കത്തുമൂലം അറിയിച്ചേക്കാം.

ശിപായി:—പിന്നേ, മുതുക്കനെന്നും ചതുക്കനെന്നും ഒക്കെ വിളിക്കുന്നതു്——

സോമ:—വീട്ടിലുള്ളവരെ ആരെയെങ്കിലും വേണമെന്നല്ലെ? ശരി. സമ്മതിച്ചു. ആ മര്യാദവാക്കിനെക്കുറിച്ചു കൂടി ഞാൻ എഴുത്തിൽ പറഞ്ഞേക്കാം.

ശിപായി:—യജമാനൻ ഇത്ര വളരെ സല്ക്കരിക്കാൻ നിശ്ചയിച്ചിരിക്കുന്ന നമ്മൾ ഇപ്പോൾ ആരാണു്?

സോമ:—അതു കമ്മീഷണരോടു ചോദിച്ചുകൊള്ളണം. തനിക്കു് ഇംഗ്ലീഷ്ഭാഷ മനസ്സിലാവുകയില്ല.

ശിപായി:—എന്നാൽ കയ്യിൽത്തുണ്ടുകടലാസ്സുണ്ടോ, ഇങ്ങെടുക്കണം. അകത്തു കൊണ്ടുപോയി കൊടുക്കാം. പിന്നെ ഒരു കാര്യം പറഞ്ഞേക്കാം. വല്ല ശേവുകത്തിനുമാണെങ്കിൽ പിള്ള നിന്നു് ഇളംവെയിൽകൊള്ളാതെ തിരിഞ്ഞു നടന്നുകയാണു നല്ലതു്.

സോമ:—ശേവുകമോ! അതിനു കമ്മീഷണർ എൻെറ പുറകെ നടക്കണം. എൻെറ അസിസ്റ്റൻറുമാനേജരു

ടെ ശമ്പളമെന്തെന്നു് അമ്മാച്ചൻ അറിഞ്ഞിട്ടില്ല. അല്ലേ?

ശിപായി:—അതെ. ഉണ്ണിയെ കണ്ടാലറിയാം ഊരിലെ പഞ്ഞം. രണ്ടും മൂന്നും പറയേണ്ടാ. കടലാസ്സുണ്ടെങ്കിൽ എടുക്കണം.

സോമ:—എനിക്കു കടലാസ്സും ഓലയുമൊന്നുമില്ല. ഞാൻ വെറും കൃഷിക്കാരൻ. മനസ്സുണ്ടെങ്കിൽ പോയി പറയൂ. അല്ലെങ്കിൽ ഞാൻ പോകുന്നു. പക്ഷേ ലാവണം ദൂരെത്തെറിച്ചുപോകാതെ നോക്കുകയും വേണം; പറഞ്ഞേക്കാം.

ശിപാ.—എന്നാൽ അവിടുത്തെ പേർ ഒന്നുത്തരവായേച്ചാൽ—

(കമ്മീഷണർ പ്രവേശിക്കുന്നു)

കമ്മീഷണർ:—ആരവിടെ! പ്യൂൺ! (സോമനെ നോക്കാതെ ശിപായിയോടു്) ആരവിടെ, ലഹളയുണ്ടാക്കുന്നു?

ശിപായി:—(വിറച്ചുകൊണ്ടു്) ഉത്തരവ്. സമക്ഷത്തിലേക്കു കാണണമെന്നു പറഞ്ഞു് ഒരാൾ.

കമ്മി:—എനിക്കോ? എനിക്കു കാണേണ്ട ആളോ! ആരെന്നു ചോദിക്കൂ.

സോമ:—പൊന്നെജമാനേ. ബി. എ. ജയിച്ചിട്ടുണ്ടു്. യജമാനന്റെ ആഫീസിൽ മൂന്നൊഴിവും ഉണ്ടു്.

കമ്മി:—പ്യൂൺ! പിടിച്ചു വെളിക്കിറക്കു ഇയാളെ. ഡ്രൈവറെവിടെ? കാർ കൊണ്ടുവന്നില്ലേ?

(ശിപായി സോമനെ പിടിക്കുന്നു. സോമൻ ചെറുക്കുന്നു)

സോമ:—പൊന്നു രക്ഷിതാവേ കാലക്ഷേപത്തിനു വേറെ യാതൊരു മാൎഗ്ഗവുമില്ല.

കമ്മീ:—(അക്ഷമനായി) ആരെടാ അവിടെ? അയാളെ പിടിച്ചു വെളിക്കിറക്കാൻ പറഞ്ഞാൽ—

(പോകുന്നു)

ശിപായി:—എന്തരു പിള്ളെ! പിള്ള ആരു്! കൊച്ചി ത്തമ്പുരാനോ ശിങ്കംപെട്ടി ശെമിന്താരോ! മതി മതി. പാളയം ലാക്കപ്പിൽ പൊയ്യോകുമായിരുന്നു. ഇനി ഈ കള്ളവേഷവുംകൊണ്ടു നടന്നാലുള്ള അനു ഭവം അറിയാമോ? ഇറങ്ങു്, ശവം പുറത്തു്.

സോമ:—(ഗൗരവത്തിൽ) അപ്പോൾ കമ്മീഷണരെ ഇ നി കാണാനുള്ള സമയം ഏതാണു്?

ശിപായി:—അല്ലേ. പിന്നെയും നിന്നു വിളയുന്നതു ക ണ്ടില്ലെ? ഇറങ്ങെടാ പുറത്തു്.

സോമ:—ശരി. ഞാൻ നാളെ രാവിലേ ഒരുപക്ഷെ വരു മെന്നു കമ്മീഷണരോടു പറഞ്ഞേക്കു.

ശിപായി:—ഛീ! പട്ടി!

(കർട്ടൻ)

---

## രംഗം ൪.

### മാനേജരുടെ വസതി.

(കമലം കണ്ണാടി നോക്കി പൊട്ടു ശരിയാക്കുന്നു.
ശിപായി പ്രവേശിക്കുന്നു)

ശിപായി:—വിചാരിപ്പുകാരങ്ങത്തെ മോള് ഇങ്ങോട്ടു വരുന്നു.

കമലം:—ആരു്, പങ്കജമോ! ഇങ്ങോട്ടായിരിക്കയില്ലെടോ. നാണം ഉണ്ടെങ്കിൽ ഇവിടെകേറുകയില്ല, ആ ധിക്കാരിപ്പെണ്ണു്.

(കയ്യിൽ ബാഗോടുകൂടി പങ്കജം പ്രവേശിക്കുന്നു)

പങ്കജം:—കമലമ്മയെ കണ്ടിട്ടു വളരെ നാളായി. സുഖം തന്നില്ലോ.

കമ:—(ശിപായിയോടു്) എടോ, അണ്ണൻ ഇവിടെഉണ്ടോ കച്ചേരിയിൽ പോയോ എന്നു നോക്കൂ.

പങ്ക:—മാനേജരദ്ദേഹം കച്ചേരിയിൽ പോയി. ഞാൻ ഇങ്ങോട്ടു കേറിയപ്പോൾ ഇറങ്ങുന്നതു കണ്ടു.

കമ:—അല്ല. ശിശുക്കളുടെ കാര്യത്തിൽ തന്നെയല്ലായിരിക്കും പങ്കജാക്ഷിയമ്മയുടെ നോട്ടം.

പങ്ക:—കമലമ്മയുടെ സഹോദരനല്ലേ? ആ സ്ഥിതിക്കു് അദ്ദേഹത്തിൻെറ ക്ഷേമംകൂടി ഞാൻ അന്വേഷിച്ചതിൽ തരക്കേടുണ്ടോ? ഇല്ലെന്നാണു തോന്നുന്നതു്.

കമ:—അതു എന്നുമുതലാണെന്നു ഞങ്ങൾ അറിഞ്ഞില്ല.

പങ്ക:—നാം തമ്മിൽ ഇത്ര അടുത്തു സ്നേഹമായതുമുതൽ തന്നെ.

കമ:—എൻെറ ആ കഥ, മാസികയിൽ ഇടണമെന്നു പറഞ്ഞു ഞാൻ അയച്ചപ്പോൾ ഈ സ്നേഹമൊന്നുമില്ലായിരുന്നു. അല്ലെ!

പങ്ക:—മാസിക ഞാൻ നടത്തുന്നതാണെങ്കിലും അതിൽ വരുന്ന ഓരോ വരിയും ഓരോ ലേഖനവും പൊതുജനങ്ങൾക്കായുള്ളതാണു്. അവരുടെ രുചി അനുസരിച്ചു ഞാൻ അതു നടത്തുന്നു എന്നു മാത്രമേ ഉള്ളു. അതു കമലമ്മയ്ക്കു് അറിയരുതേ?

കമ:—ഈ പൊതുജനഭക്തി മററു ചില ലേഖനങ്ങളിൽ കാണുന്നില്ലല്ലൊ. കാശിനു കൊള്ളരുതാത്ത എത്രയെണ്ണം അതിൽ അച്ചടിച്ചു വിടുന്നു! എഴുത്തു പഠിക്കാത്തവർ എത്രഎണ്ണം അതിൽ എഴുതുന്നു!

പങ്ക:—അതു് അഭിപ്രായവ്യത്യാസംകൊണ്ടു മാത്രം തോന്നുന്നതാണു്. കമലമ്മ എന്നെ ശകാരിച്ചയച്ച എഴുത്തു ഞാൻ മുഴുവൻ വായിച്ചില്ല. പെട്ടെന്നുണ്ടായ കോപംകൊണ്ടു് എഴുതിയതാണെന്നു വിചാരിച്ചു്, ഞാൻ അതു വലിച്ചു കീറിക്കളഞ്ഞു.

കമ:—എൻെറ അണ്ണൻ വിചാരിച്ചാൽ ആ കഥ പത്രണ്ടു മാസികയിൽ ഇടും. മാസികക്കാരും പത്രക്കാരും എൻെറ പുറകേ വന്നു എൻെറ കഥകൾ വാങ്ങിക്കൊണ്ടു പോകും.

പങ്ക:—അതു ശരിതന്നെ ആയിരിക്കും. പക്ഷേ ഓരോരുത്തരുടെ തോതു് ഓരോന്നു്, അങ്ങിനെയല്ലേ?

കമ:—അതേ. അല്ലെങ്കിൽ, പേരിനെപ്പററി തെല്ലെങ്കിലും മതിപ്പു വേണമെന്നുദ്ദേശിക്കുന്നവർ ഇങ്ങനെ കേൾപ്പിക്കുമോ?

പങ്ക:—എങ്ങിനെ? കുറേക്കൂടെ തെളിച്ചു പറയണം.

കമ:—ഞാൻ ഒന്നും പറഞ്ഞില്ല. വെറുതെയിരിക്കുന്നവരോടു കയറി വഴക്കുണ്ടാക്കുന്നതു് വലിയ ആഢ്യത്തിൻെറ കൂടുതൽകൊണ്ടായിരിക്കാം.

പങ്ക:—ആകപ്പാടെ, എന്നോടു തിരെ രസമില്ലാതെയാണു കമലമ്മയുടെ സംസാരം. സമയം നന്നല്ല. ഞാൻ പോയേക്കാം.

കമ:—ഇവിടെ യാതൊരു വല്ലായ്മയും ഇല്ല. പോകുകയേ വേണ്ടൂ.

പങ്ക:—നാം പണ്ടത്തേപ്പോലെ സ്നേഹമായിട്ടല്ലേ പിരിയുന്നതു്?

കമ:—കുറേ കോപിച്ചു പിരിഞ്ഞാലും ഇവിടെ വ്യസനമില്ല.

പങ്ക:—എനിക്കു വ്യസനം ഉണ്ടു്.

കമ:—എന്നാൽ അവിടെയിരുന്നു വ്യസനിച്ചുകൊള്ളണം. (പോകുന്നു.)

പങ്ക:—പാവപ്പെട്ട കമലം! ഇത്ര ഇളപ്പബുദ്ധിക്കാരിയായാൽ എന്തു ചെയ്യും! (ശിപായിയോടു്) എടോ! ഇങ്ങു വിളിക്കൂ.

ശിപാ:—ആരെ?

പങ്ക:—കമലമ്മയെ.

ശിപാ:—അതിനേക്കാൾ നല്ലതു് ഭദ്രകാളിയെ വിളിക്കാൻ പറയണം. കുഞ്ഞിനു വേറെ ജോലിയില്ലേ? മനുഷ്യത്വമുള്ളിടത്തെങ്ങാനും പോകാതെ ഇവിടെക്കേറിവന്നതു് എന്തിനു്?

പങ്ക:—ആകട്ടെ, ഞാൻ ഇനിയും വരുമെന്നു കമലമ്മയോടു പറഞ്ഞേക്കണം. (പോകുന്നു)

ശിപാ:—അതു പറയാൻ ആളിനെ വേറെ അന്വേഷിക്കണം.

(കർട്ടൻ)

# രംഗം ൨.

## ഗോവിന്ദപ്പിള്ളയുടെ വീട്ട്.

(ഗോവിന്ദപ്പിള്ള പ്രവേശിക്കുന്നു.)

ഗോവിന്ദപ്പിള്ള:—(മുന്നോട്ടുനോക്കി) വരൂ അനുജാ! ഇവിടെവന്നു നോക്കിയിട്ട് എങ്ങോട്ടു പോകുന്നു!

(സോമൻ പ്രവേശിക്കുന്നു.)

സോമൻ:—വെറുതെ വന്ന് ഒന്നു നോക്കി. വല്ല ഉദ്യോഗത്തിന്റെ കഷണവും ഇവിടെയെങ്ങാനും പൊഴിഞ്ഞു കിടപ്പുണ്ടോ എന്നു നോക്കി. ഒന്നും കണ്ടില്ല. മടങ്ങിപ്പോകാമെന്നു നിശ്ചയിച്ചു.

ഗോവി:—അനിയാ! രജിസ്ട്രേഷൻ ഡയറക്ടരാഫീസിൽ ഒരൊഴിവുണ്ടെന്നു കേട്ടല്ലോ.

സോമ:—എന്റെ പൊന്നുചേട്ടാ, ചേട്ടന്റെ കഷ്ടപ്പാടു കേട്ടതിൽ പിന്നീട് ഉദ്യോഗം വേണ്ടെന്നു തോന്നിപ്പോകുന്നു. ചുമടെടുത്തു കാലംകഴിക്കാം. നമുക്കിതു സാധിക്കയില്ല.

ഗോവിന്ദ:—എന്റെ കുഞ്ഞേ! ആ പഞ്ചപാപി മാനേജർ എനിക്കവകാശമുള്ള പെൻഷൻ മുഴുവൻ തരുവിക്കാതിരിക്കുന്നതിനു നോക്കുകയാണ്. കമ്മീഷണരെജമാനന്റെ അടുത്തു രണ്ടുമൂന്നുപേരെ കൊണ്ടു ഞാൻ പറയിപ്പിച്ചു. ശേഖരൻനായരുടെ ഇന്നത്തെ മേളത്തിനു പാവം കമ്മീഷണരെജമാനന് എന്തു ചെയ്വാൻ കഴിയും!

സോമ:—ഞാൻ ചെന്നു് അവനു രണ്ടടി കൊടുക്കട്ടോ? തറവാട്ടുമഹത്വം കണികണ്ടിട്ടില്ലാത്ത ഏഭ്യമാളി! എന്നിട്ടു്—ആ പെണ്ണും ഇത്ര അസത്താണു്, അല്ലേ?

ഗോ-പിള്ള:—ആ മൂധേവിയുടെ കാൎയ്യം പറയണ്ടാ. പങ്കജാക്ഷിയമ്മയോടുതന്നെ പെരുമാറിയതു് അനുജൻ കേട്ടില്ലേ?

സോമ:—ഇത്ര വലിയ പ്രതാപമൊക്കെ മാനേജൎക്കു വന്നിട്ടു് ഇവൾക്കു ഇതുവരെ ഒരു ഭൎത്താവു വരാത്തതെന്തു്?

ഗോ-പിള്ള:—കൊള്ളാം. പ്രേഷ്ഠാരേക്കാൾ കുറഞ്ഞ സ്ഥിതിയുള്ള ആളിനെ അതിനു വേണ്ടാ. അതാണു കാൎയ്യം. എത്ര പേർ സംബന്ധം ആലോചിച്ചു എന്നറിയാമോ!

സോമ:—എന്നാൽ വാൺഹിററ്ലരുടെ ഭാൎയ്യയായിക്കൊള്ളട്ടെ. എനിക്കു് ഈ കഥകളൊക്കെ കേട്ടിട്ടു് പലതും തോന്നുന്നു.

ഗോ-പിള്ള:—സമാധാനപ്പെട്ടിരിക്കു് അനുജാ. ഈശ്വരൻ ചോദിച്ചുകൊള്ളും. നാം കാണുന്നില്ലെ അനുജാ! ഓരോരുത്തൻെറ പ്രതാപങ്ങൾ പൊങ്ങുന്നതും താഴുന്നതും. എല്ലാം മൂന്നേമുക്കാൽനാഴികനേരത്തേ നാടകം. ഈശ്വരനേ മറന്നുള്ള പ്രവൃത്തികൾ.

സോമ:—ഏയ്! ഈശ്വരനോ; അങ്ങേക്കു വയസ്സായി. ഇനിയുള്ള കാലം വഴക്കിനും വയ്യാവേലിക്കും പോകാതെ സ്വൈരമായി കഴിച്ചുകൂട്ടണമെന്നേ ഈശ്വരനും വിചാരമുള്ളൂ. അതു ചേട്ടനു മനസ്സിലായിട്ടുണ്ടോ?

ഗോ-പിള്ള:—അങ്ങിനെ അല്ല അനുജാ! അവിടുന്നു് എ

ല്ലാം കാണുന്നുണ്ടു്. എല്ലാത്തിനും അവിടുന്നു പരിഹാരവും കരുതുന്നുണ്ടു്. അല്പം ക്ഷമ വേണമെന്നേയുള്ളു.

സോമ:—എനിക്കത്ര ബ്രഹ്മജ്ഞാനത്തിനു പ്രായമായില്ല ചേട്ടാ. പരമാൎത്ഥം പറഞ്ഞാൽ തലയും അത്ര നരച്ചില്ല.

(പപ്പുക്കുട്ടൻ പ്രവേശിക്കുന്നു.)

എടോ കയ്മൾഗ്രാഫിക്കേ! തനിക്കൊരു സംബന്ധം വേണോ?

പപ്പു:—ഇനി അതിന്റെ കുറവേയുള്ളു. ഇൻസ്പക്ടരുദ്യോഗം വാങ്ങി തന്നുകഴിഞ്ഞു.

സോമ:—മറയാ! ഒരു ഇൻസ്പെക്ടരുദ്യോഗം കിട്ടുവാനുള്ള സംബന്ധമാണു് ഞാൻ പറയുന്നതു്. ഒരു ഏ. എസ്. പീ.ക്കോ, ഡി. എസ്. പീ.ക്കോ കിട്ടാത്ത ഉദ്യോഗവുമാണു്. താൻ മാനേജർ ശേഖരൻനായരെപ്പററി കേട്ടിട്ടുണ്ടോ?

പപ്പു:—എനിക്കു് ആരെയും അറിയാൻ വയ്യാ.

സോമ:—അതെ. വല്ല പാവപ്പെട്ട ഡ്രൈവർമാരെയും കൺടക്ടർമാരെയും ഞെക്കിപ്പിഴിയുന്നതിനിടയ്ക്കു്, തനിക്കിതൊക്കെ അന്വേഷിക്കുവാനാണോ അവസരം! ആ ശേഖരൻനായരുടെ സഹോദരി, ഒരു ഒന്നാംതരം പെൺകുട്ടി. തനിക്കു സംബന്ധം ചെയ്യാമോ?

ഗോ-പിള്ള:—നേരംപോക്കു കളഞ്ഞിട്ടു് പാവം കയ്മൾ എന്തിനാണു വന്നതെന്നു ചോദിക്കുനേജാ.

സോമ:—അയാൾ വന്നതു്, അലക്കുകമ്പനിയിൽഇട്ടിരിക്കു ന്ന മുണ്ടെടുക്കുന്നതിനു് ഏഴേകാൽചക്രം എന്റെ കയ്യിൽ ഇല്ലെന്നറിഞ്ഞു് അതു തരാൻവന്നതാണു്. അതു് എനിക്കുകണ്ടപ്പോൾതന്നെ മനസ്സിലായി.

പപ്പു:—പിന്നെ: ഇയാൾക്കു് എന്നും ചക്രംകൊണ്ടുവരാ നല്ലേ എന്റെ ജോലി! ചതിയൻ, എനിക്കു നാട്ടിലും വീട്ടിലും, കേറണ്ടാഎന്നാക്കി.

സോമ:—കടുപ്പിച്ചുപറയരുതേ. ട്രാഫിക്ക് ഇൻസ്പെക്ററ രുദ്യോഗം പൂജ്യമാകുമേ. ആകട്ടെ, തന്റെ അമ്മാവ ന്റെ തിരഞ്ഞെടുപ്പുശ്രമം എന്തായി?

പപ്പു:—അതു പറയാൻവിട്ടുപോയി. അമ്മാവൻ അ സംബ്ളിമെംബരായികഴിഞ്ഞു. ഇന്നെനിക്കൊരെ ഴുത്തുണ്ടായിരുന്നു. പപ്പുക്കയ്മൾ ബീ- എ എന്നാ ണു് എന്റെ മേൽവിലാസം വച്ചിരുന്നതു്. ബി- എ ക്കാരൻ അനന്തിരവനെ കാണാൻ വരു മ്പോൾ ഞാൻ എവിടെ ഒളിക്കണം ഭഗവാനേ!

സോമ:—ബീ. ഏ. ജയിക്കത്തക്ക ബുദ്ധിമോശം തനിക്കു വന്നില്ലെന്നും, കാലക്ഷേപമാഗ്ഗം നേരത്തേ നോക്കി യെന്നും പറയണം. അതിരിക്കട്ടെ. മണ്ടക്കയ്മൾ അസംബ്ളിമെമ്പറും ആയോ! കൊള്ളാം, കൊള്ളാം. ഇനി അയാളുടെ വോട്ടിന്റെ തിരിവനുസരിച്ചാണു്, ഡർബാർഫിസിഷൻ മരുന്നുകൊടുക്കേണ്ടതു്, പ്രഫ സർ ഷേക്സ്പീയർ പഠിപ്പിക്കേണ്ടതു്, ഫൈനാൻ ഷ്യൽ സെക്രട്ടറി ബഡ്ജററ് തയാറാക്കേണ്ടതു്. കാ ര്യംനന്നായില്ലേ!

പപ്പു—എടോ, അമ്മാവനെപ്പററി അധികപ്രസംഗം പറഞ്ഞാൽ അറിയാമോ?

സോമ:—എൻെറ പൊന്നു ട്രാഫിക്കേ! അധികപ്രസംഗം ഒന്നും പറഞ്ഞില്ല. ഡെമോക്രസിയുടെ നന്മ പറയുകയായിരുന്നു. ഉമ്മട്ടിക്കയ്മളുടെ വോട്ടനുസരിച്ച രാജ്യകാര്യം നടക്കേണ്ടിവരുന്നല്ലോ എന്ന് ഒന്നോർത്തു പോയതാണേ, രാമനാരായണാ! ഏതായാലും കയ്മൾ മെംബർ വരുന്നതു നന്നായി. നമുക്കു മുൻപേ പറഞ്ഞ സംബന്ധം ഉടൻ നടത്തിക്കാം. ഞാൻ സൂത്രം കണ്ടിട്ടുണ്ട്. ഫിററ്ലരെ വേണമെന്നു പറയുന്ന പെണ്ണിൻെറ ധിക്കാരവും അടങ്ങും. തനിക്കുദ്യോഗക്കയററവും കിട്ടും. ശരി, ശരി. അങ്ങനെ ഒരു രസം നടക്കട്ടെ. ചേട്ടാ വരണം. ട്രാഫിക്കെ, വാ! ഒരേഴേകാൽചക്രം ഇങ്ങോട്ടെടുക്കു. ആ രജകഭീതി ഒന്നുച്ചാടനം ചെയ്യട്ടെ.

പപ്പു:—താൻ പോടോ. എൻെറ കയ്യിൽ ചക്രവും ഇല്ല, കാശും ഇല്ല.

സോമ:—എന്നാൽ കടക്കു്. വെളിയിൽ കടക്കു്. പണമില്ലാത്തവൻ പിണമാണു്. ചേട്ടാ! അപ്പോൾ ഞാൻ മാനേജരെ ഒന്നു പററിക്കുവാൻ നിശ്ചയിച്ചിരിക്കുകയാണു്. ഒരു പക്ഷേ, ഈ പററിപ്പിൽനിന്നു് ഞാൻ ഒരു സമ്പാദ്യവുമായിപ്പൊങ്ങും. എൻെറ പൊന്നോമനക്കയ്മൾക്കു ഒരു നല്ല സംബന്ധം കിട്ടുകയും ചെയ്യും. അല്ലെങ്കിൽ ഞങ്ങൾക്കു രണ്ടുപേക്കും പരാജയവുമായേക്കാം.

ഗോ. പി:—അനിയൻ എന്തുചെയ്യാൻ പോകുന്നു?

സോമ:—ഞാൻ മാനേജർ ശേഖരൻനായരുടെ അരിവയ്പുകാരനാകുവാൻ പോകുന്നു. കയ്മളുടെ വിവാഹത്തിനു ഇനി താമസം പാടില്ലെന്നാണു് ജാതകക്കാരൻ പറയുന്നതു്.

പപ്പു:—താൻ എന്തെടോ, എന്റെ കാൎയ്യം പറയുന്നതു്?

സോമ:—പഞ്ചബാണകളഭമേ! വാ! രഹസ്യം കണ്ണിങ്ങളിൽ ഓതിത്തരാം. (പിടിച്ചുകൊണ്ടു പോകുന്നു)

(കൎട്ടൻ)

## രംഗം ൩

### മാനേജർ ശേഖരൻനായരുടെ വസതി.

(മേശപ്പുറത്തു ഫയൽകെട്ടുകൾ കിടക്കുന്നു. മാനേജർ ഫയൽ നോക്കിക്കൊണ്ടിരിക്കുന്നു. അറിവപ്പുകാരൻെറ വേഷത്തിൽ സോമൻ പ്രവേശിക്കുന്നു)

സോമൻ:—ഉത്തരവ്. അസംബ്ളിമെംബർ ഉമ്മട്ടിക്കയ്മളുങ്ങുന്ന വന്നുനില്ക്കുന്നു. ഇപ്പോൾ കാണാൻ സമയമില്ല, യജമാനൻ സക്കാർജോലിയിൽ ഇരിക്കുകയാണെന്നു പറഞ്ഞിട്ട് ഇറങ്ങിപ്പോകുന്നില്ല.

മാനേജർ:—അസംബ്ളിമെംബറോ! ഇന്നലെ അസംബ്ളി തീൎന്നതുകൊണ്ടു, ഇന്നു മെംബറന്മാർ പത്തും ഇരുപതും ശുപാശ്കളോടെ ഉദ്യോഗസ്ഥന്മാരെബുദ്ധിമുട്ടിക്കാൻ ഇറങ്ങിയിരിക്കുകയാണു്. ആരോ ഇവന്മാരോടു പറഞ്ഞിരിക്കും ഉരത്ത കാൎയ്യങ്ങൾക്കു നമ്മെ കണ്ടാൽ മാത്രമേ സാധിക്കുകയുള്ളുവെന്നു്.

സോമ:—ഉത്തരവ്. കയ്മളദ്ദേഹം വടക്കൻദേശവഴിക്കു ഒരു ഭാരിച്ച ഗൃഹസ്ഥനാണു്. ഒരു ഒററ അനന്തിരവൻ മാത്രമേയുള്ളൂ. ഞാൻ കൊച്ചുകയ്മളങ്ങത്തെ കൂടെ താമസിച്ചിട്ടുണ്ടു്. ഇവിടെ പഠിച്ചുകൊണ്ടിരുന്നപ്പോൾ മാസം ആയിരം രൂപയും ഒന്നുമല്ല ചിലവിന്ന അയച്ചുകൊടുത്തുകൊണ്ടിരുന്നതു്. ഇപ്പോൾ ശീമയ്ക്കു പോകുവാൻ നിശ്ചയിച്ചിരിക്കുന്നെന്നു പറയുന്നതു കേട്ടു.

1904 1/12

മാനേജർ:—എടാ കഴുതെ! ശീമയ്ക്കു പോയാലെന്തു്, ഹിമാലയം കേറിയാലെന്തു്? നമ്മുടെ യോഗം ഇവന്മാൎക്കു വരുമോടാ മരത്തലയാ?

സോമ:—ഉത്തരവു്. ഇന്നു രാജ്യത്തിൽ എൻെറ പൊന്നെജമാനനെ കടന്നിട്ടു ഒരൊററ ഉദ്യോഗസ്ഥൻ ഉണ്ടോ? കാൎയ്യങ്ങൾ അങ്ങിനെ ഇരിക്കുന്നതുകൊണ്ടു് കയ്മളങ്ങത്തോട്ടു് അങ്ങു പോകാൻ പറയട്ടോ.

മാനേജർ:—മറയാ വേണ്ടാ, വേണ്ടാ. ഒന്നുമില്ലെങ്കിലും അസംബ്ളിമെമ്പർ അല്ലേടാ? വല്ലവനും എഴുതിക്കൊടുക്കുന്ന ചോദ്യം അവിടെക്കൊണ്ടുവിളമ്പാൻ അവനു കഴിയുമല്ലൊ. പിണക്കിവിടണ്ടാ.

സോമ:—എൻെറ യജമാനനോടു ദൈവം പിണങ്ങാതിരുന്നാൽമതി. ശേഷം കാൎയ്യമൊക്കെ ഞാൻ ഏററു.

മാനേജർ:—(ചിരിച്ചു്) അധികപ്രസംഗം പറയാതിരിക്കെടാ. വിളിയ്ക്കു് കയ്മളെ.

സോമ:—ഉത്തരവു് (പോകുന്നു)

മാനേ:—നമ്മുടെ ഈ പ്രാഭവം കണ്ടിട്ടു്, എല്ലാവനും കണ്ണുകടിയുണ്ടു്. ഇന്നാളിൽത്തന്നെ ആ പേഷ്കാർ അത്ഥംവച്ചു് ഒന്നു സംസാരിച്ചു. ഇന്നലേവരെ ആൎക്കും വേണ്ടാതെ കിടന്നവൻ ഇപ്പോൾ എല്ലാവരുടേയും പൂജയ്ക്കു പാത്രമാകുന്നതു കണ്ടാൽ ആരും ഒന്നുവല്ലാതെ ആകുമേ. അതിനു അവരെ കുററപ്പെടുത്തുവാനില്ല. പക്ഷെ നമ്മുടെ ശമ്പളമോ! ലോകമൊക്കെ അടക്കി ഭരിക്കുകയും വേണം, ശമ്പളം ഈ നിസ്സാരത്തുകയും. കുട്ടിക്കിട്ടണമെന്നു എത്ര നാൾകൊ

ണ്ടു പറയുന്നു! അതുമാത്രം സാധിക്കുകയില്ല. വരട്ടെ. ഞാൻ വിചാരിക്കുന്ന കടവിൽ കൊണ്ടുകെട്ടും. അതിനു സംശയമില്ല.

(ഉമ്മട്ടിക്കയ്മൾ പ്രവേശിക്കുന്നു.)

ഉമ്മട്ടിക്കയ്മൾ:—(കൈപ്പടം മലത്തി നെററിയിൽ വച്ചിട്ട്) സലാം സാറേ!

മാനേജർ:—വരണം, കയ്മളെ. ഇരിക്കണം. അസംബ്ളി എല്ലാം കഴിഞ്ഞു; അല്ലേ!

ഉമ്മട്ടി:—(ഇരുന്നിട്ട്) കഴിഞ്ഞേ കഴിഞ്ഞു. ആ അടിയന്തരവും കഴിച്ചുകൂടി. എല്ലാവരും പ്രസംഗിക്കണം. അതിനാണു് ഇവിടെ വന്നിരിക്കുന്നതു്. അല്ലാതെ കാര്യമൊന്നും നടത്താനല്ല. വോട്ടു കിട്ടുന്നതു സഭയിൽ വരാൻ. സഭയിൽ വരുന്നതു വോട്ടുകിട്ടുവാൻ. ഇങ്ങനെ രണ്ടെണ്ണമല്ലാതെ ഇതിനിടയിൽ വല്ലകാര്യവും ചെയ്യണമെന്നു ആൎക്കും വിചാരമില്ല.

മാനേ:—ആകപ്പാടെ ഇത്തവണത്തെ അസംബ്ളി നന്നായിരുന്നെന്നാണു് ദിവാൻെറ അഭിപ്രായം. എൻെറ അഭിപ്രായം എന്തെന്നു ചോദിച്ചു. എനിക്കു് ഒരഭിപ്രായവുമില്ലെന്നു ഞാൻ പറഞ്ഞു

ഉമ്മട്ടി:—അതുതന്നെ നല്ലതു്. ഒന്നിനെപ്പററിയും തീൎച്ച ഒരിക്കലും പറയരുതു്. ആവശ്യമനുസരിച്ചു് അങ്ങോട്ടോ ഇങ്ങോട്ടോ നമുക്കു ചേൎന്നുകൊള്ളാം. ഞാനും അങ്ങനെതന്നെ സഭയിൽ നിന്നുസാറെ!

മാനേ:—അല്ല മിസ്റ്റർ കയ്മൾ. എനിക്കു മററുദ്യോഗസ്ഥന്മാരെപ്പോലെ അഭിപ്രായസ്വാതന്ത്ര്യമില്ല. പല

ത്തും ആലോചിച്ചിട്ടുവേണം ഞാൻ ഒന്നു പറയേണ്ടതു്. അങ്ങനെ ഒരു ധൎമ്മസങ്കടത്തിലാണു നമ്മുടെ നില.

ഉമ്മട്ടി:— എനിക്കു മനസ്സിലായി. അതു മനസ്സിലാക്കിയിട്ടുതന്നെ ഞാനും ഇങ്ങോട്ടു കേറിയതു്. എനിക്കു് ഒന്നുരണ്ടു കാൎയ്യം പറയാനുണ്ടു്.

മാനേജർ:—പറയാമല്ലൊ. എനിക്കു നേരിട്ടൊരധികാരവുമില്ലെന്നും ഞാൻ വെറും ഒരു താണ ഉദ്യോഗസ്ഥനാണെന്നും മിസ്റ്റർ കയ്മൾ അറിഞ്ഞിരിക്കുമല്ലൊ.

ഉമ്മട്ടി:—അറിഞ്ഞേ അറിഞ്ഞു. രാജ്യത്തിൽ നടക്കുന്ന കാൎയ്യങ്ങളെപ്പററി ഒരറിവും ഇല്ലാത്തവരാണു നാട്ടിൻപുറത്തു കിടക്കുന്നവർ എന്നു സാർ വിചാരിക്കണ്ടാ. സാറിൻെറ സ്ഥാനം എന്തെന്നും ഒക്കെ എനിക്കറിയാം. ഞാൻ ഒന്നുരണ്ടു കാൎയ്യങ്ങൾ പറയാനാണു വന്നതു്. ഞങ്ങളുടെ ദിക്കിൽ ഒരു വാദ്ധ്യാർ ഉണ്ടു്. അയാളെ രണ്ടുതവണ തൊണ്ണൂറാംവകുപ്പിനു ജാമ്യമെഴുതിവയ്പിച്ചതാണു്. അയാൾ അവിടെ വന്നതിൽ പിന്നീടു് ഉള്ള കള്ളക്കേസ്സുകൾ എല്ലാമുണ്ടാക്കി നാട്ടാരെ തമ്മിൽ കൂട്ടി അടിപ്പിച്ചു് ആകപ്പാടെ ഒരു നിവൃത്തിയുമില്ലാതായിത്തീൎന്നിരിക്കയാണു്. ഞങ്ങൾ എത്ര ഹൎജ്ജി അയച്ചു; എത്ര തവണ ഓരോരുത്തർ ഇൻസ്പെക്ടരെ വന്നു കണ്ടു. അദ്ദേഹം അയാളുടെ ചൊല്പടിയിലാണു്. അയാളെ ഒന്നുസ്ഥലം മാററിക്കിട്ടിയെങ്കിൽ വലിയ രക്ഷയായി.

മാനേ:—അതിനു്, എനിക്കധികാരം?

ഉമ്മട്ടി:—അതൊരു കാൎയ്യം. പിന്നെ ഞങ്ങളുടെ മുൻസിഫ്ഫ്കോർട്ടിൽ ഒരു ആമീൻ ഉണ്ട്: എത്രതവണയും വിധിനടത്തു് എടുക്കട്ടെ, അയാൾക്കു പത്തു രൂപയുടെ കാശു കിട്ടുമെങ്കിൽ പ്രതി പണംതരണ്ടാ. പത്തു പതിനേഴ വൎഷമായി, അയാൾ അവിടെ വന്നിട്ടു്. ഒരു ഇരുപതിനായിരത്തിൻെറ സമ്പാദ്യവും കാണും. ഒന്നു സ്ഥലംമാററിക്കിട്ടിയെങ്കിൽ—

മാനേ:—ഇതിനൊന്നിനും എനിക്കധികാരമില്ല മിസ്റ്റർ കയ്മളേ. എടേ രാമാ! (സോമൻ പ്രവേശിക്കുന്നു) മിസ്റ്റർ കയ്മളെ! എനിക്കു കുളിക്കാൻ നേരമായി.

ഉമ്മട്ടി:—പിന്നെ ഒരു കാൎയ്യം പറയാനുണ്ടു്. അതാണു പ്രധാനകാൎയ്യം. അതുകൂടി പറഞ്ഞിട്ടു് ഞാൻ നടന്നുകളയാം ആദ്യമെ അതു പറയേണ്ടെന്നുവച്ചാണു് ഈ മുഖവുര തുടങ്ങിയതു്- എൻെറ അനന്തിരവൻ ഒരു കൊച്ചനുണ്ടു്. പത്തും പലതുമൊന്നുമില്ല. വിത്തിനും നെല്ലിനുംകൂടി ഒരൊററ എണ്ണമേയുള്ളു.

മാനേജർ:—(പ്രസന്നനായി) എനിക്കറിയാം. ബി. ഏ. ജയിച്ചിട്ടു് ഇപ്പോൾ ശീമയ്ക്കു പോകണമെന്നു പറഞ്ഞു നിൽക്കുന്നു.

ഉമ്മട്ടി:—സാറിനു തെററിപ്പോയി, അതല്ല.

സോമൻ:—തെററിയും മററുമില്ല. കൊച്ചുകയ്മളങ്ങത്തെ കാൎയ്യമല്ലെ പറയുന്നതു്? ഞാൻ അദ്ദേഹത്തിൻെറ അരിവപ്പുകാരൻ ആയിരുന്നു. മംഗലശ്ശേരിക്കയ്മളന്മാരെ ആരും അറികയില്ലെന്നായിരിക്കും വലിയങ്ങത്തെ ഭാവം!

ഉമ്മട്ടി:—അതെ. അതുതന്നെ. അവനെ നല്ല കൂട്ടത്തിൽ കൊണ്ടു ചേർത്താൽ കൊള്ളാമെന്നുണ്ട്.

മാനേജർ:—(മധുരസ്വരത്തിൽ) അങ്ങനെ വേണമല്ലൊ.

ഉമ്മട്ടി:—ഇവിടെ സാറിൻെറ ഒരു സഹോദരി ഒരു പെൺകുട്ടിയുണ്ടെന്നറിഞ്ഞു. നിങ്ങളെപ്പോലെയുള്ളവരുടെ ബന്ധം അവന്റെ മേൽഗതിക്കും സംഗതിയാകുമല്ലൊ.

മാനേ:—അതു ഞങ്ങൾക്കും സന്തോഷമായേ വരുവാൻ മാർഗ്ഗം ഉള്ളുവല്ലൊ. ഞാൻ കൊച്ചുകയ്മളെ ഒന്നു കാണട്ടെ. തന്നെയുമല്ല, വലിയ സ്ഥാനങ്ങളിലൊക്കെ അറിയിക്കേണ്ട കടമ നമുക്കുണ്ട്. ആ രക്ഷയാണ് എൻെറ സകലതും.

ഉമ്മട്ടി:—എവിടെയൊക്കെ ആലോചിക്കണമോ, അവിടെ ഒക്കെ ആലോചിച്ചുകൊള്ളണം. എനിക്കു മറുപടി വേഗമറിയണം.

മാനേ:—അതിൽ അവിടുന്നു സംശയിക്കണ്ട. നമുക്കു എല്ലാം അവിടുത്തെ ഹിതംപോലെ നടത്താം. എടാ, രാമാ! തടിപോലെ നോക്കിനില്ക്കുന്നതു കണ്ടില്ലേ! കുറേ കാപ്പി കൊണ്ടുവരാൻ പറഞ്ഞിട്ട്. കയ്മൾ ചേട്ടൻ ആദ്യമായി വീട്ടിൽ വന്നപ്പോൾ

ഉമ്മട്ടി:—അതൊക്കെ പിന്നാകാം. ഞാൻ പോകുന്നു.

മാനേ:—ഒരു കപ്പു കാപ്പിയുംകൂടി കുടിക്കാതെപോയാൽ—

ഉമ്മട്ടി:—അതൊക്കെ പിന്നാകാം. എന്നാൽ പിന്നെ കാണാം. പിന്നെ, ഈ സൂത്രം ഒന്നെടുത്തുകൊള്ളട്ടെ. (ഫയൽബോർഡ് ചൂണ്ടിക്കാണിച്ച്) ഡൗൺഹാളിൽ നിന്ന് രണ്ടുമൂന്നു കടലാസ്സെടുത്തതു പറന്നുപോകുന്നു.

മാനേ:—ഓഹോ. അതിനിത്ര വിഷമമോ! എന്നാൽ പിന്നെക്കാണാം. (തൊഴുന്നു കയ്മാറം ഫയൽ ബോർഡുമായി പോകുന്നു)

സോമ:—എൻെറ യജമാനനു് എല്ലാംകൊണ്ടും മഹാ യോഗംതന്നെ. പത്മനാഭാ!

മാനേ:—എന്തെടാ?

സോമ:—മുൻപേതന്നെ രാജ്യത്തിൽ ഇത്ര ശക്തിയുള്ള ഒരാറം ഇല്ല. ഇപ്പോറം ഇതാ വലിയ ഒരു പണക്കാരൻ സ്വന്ത ബന്ധുവും ആകാൻ പോകുന്നു. വല്ലാത്ത ഗ്രഹനില.

മാനേ:—എടാ മട്ടുകണ്ടിട്ടു് ഈയാറം ഒരു കഥയുമില്ലാത്തവനാണെന്നു തോന്നുന്നല്ലൊ.

സോമ:—കഥകെട്ടവനൊന്നുമല്ല. എത്ര മരുശിമയിൽ പോയിട്ടു വന്നാലും അനന്തിരവനു് ഒരു മേൽഗതി വേണമെങ്കിൽ ഇവിടെ കനിയണമെന്നു് ആ കള്ള മൂപ്പീന്നിനറിയാം. അതിനു് അയ്യായിരമോ ആറായിരമോ കയ്ക്കൂലിതന്നാലും അയാറംക്കു ചേതമില്ല.

മാനേ:— അങ്ങനെ വല്ലതും തട്ടാൻ സാധിക്കുമോടാ! സാധാരണക്കാൎക്കു വന്നു സംബന്ധം ചെയ്യാവുന്ന സ്ഥലമാണോ ഇതു്! എൻെറ ഇപ്പൊഴത്തെ സ്ഥിതിയെപ്പററി, കഴുതെ! നിനക്കു് എന്തു തോന്നുന്നു?

സോമ:—അപാരം! അപാരം!

മാനേ:—നീ ആ കതകു് ഒന്നടച്ചേക്കു് (പോകുന്നു)

സോമ:—അങ്ങനെ, ഓഫിക് കാൺസ്റ്റബിറം പപ്പുകയ്മാറം, മാനേജരെജമാനൻെറ മച്ചിനനാകാൻ പോകുന്നു. ഹിപ്പ്, ഹിപ്പ്, ഹുറെ. ഹിപ്പ്, ഹിപ്പ് ഹുറേ.

(കർട്ടൻ)

---

## രംഗം ൭.

### വിചാരിപ്പുകാരുടെ വീട്ട്

(പംകജം ചിന്താധീനയായി നില്ക്കുന്നു)

പങ്കജം:—(ആത്മഗതം) ഞാൻ നിർബ്ബന്ധിച്ചു പറഞ്ഞതു കൊണ്ടായിരിക്കാം, ഒരാഴ്ചയായി ഇങ്ങോട്ടു കാണ്മാനു മില്ല. അച്ഛൻ എന്നെ വല്ലാതെ ഞെരുക്കുന്നു താനും. മാനേജർ ശേഖരൻനായർ അച്ഛനെ എന്നും ഉപദ്രവിക്കുകയാണു്. അയാൾ ഉന്നതസ്ഥിതിക്കു് അടുത്തുതന്നെ വലിയ ഉദ്യോഗങ്ങളിലൊക്കെ കേറുമെന്നാണു് അച്ഛൻ പരിഭ്രമിക്കുന്നതു്. അതു് അച്ഛൻെറ തെററുമല്ല. അയാളുടെ നില അതാണു്. ഇദ്ദേഹമാകട്ടെ സ്വന്തമായി ഒരു ആദായമാർഗ്ഗം കാണാതെ വിവാഹം ചെയ്യുകയില്ലെന്നു് നിർബ്ബന്ധവും. ഈ ശക്തികൾക്കിടയിൽ ഞാൻ കറങ്ങുന്നു. പിന്നെ ഒരു രക്ഷയുള്ളതു്, അനാഥമന്ദിരത്തിലെ ജോലിമാത്രമാണു്. അതിനു കമലമ്മയും കൂട്ടുകാരികളുംകൂടി വേണ്ടാത്ത എതിർപ്പുണ്ടാക്കുവാൻ ഭാവവും ഉണ്ടു്. ഇന്നത്തെ അഞ്ചലിൽ അധികം ഒന്നും കാണുന്നില്ലല്ലോ. (മേശപ്പുറത്തുകിടക്കുന്ന അഞ്ചൽ ഉരുപ്പടികൾ തിരഞ്ഞുനോക്കി ഒരെണ്ണം എടുക്കുന്നു) ഇതു സരസമ്മയുടേതാണു്. അകത്തു വല്ല ലേഖനവും കാണും. (കവർ പൊട്ടിച്ചു ഒരു ഫോട്ടോ എടുക്കുന്നു) ഇതാരുടെ ഫോട്ടോ! ഞാൻ കണ്ടിട്ടുള്ള

തുപോലെയിരിക്കുന്നു. (അത്ഭുതഭാവത്തിൽ) അല്ലാ, ഇതു സരസമ്മയുടേതു തന്നെയോ? ഫോട്ടോഗ്രാഫർ അതിവിരുതൻ. സംശയമില്ല. എന്റെ പഴയ കൂട്ടുകാരിയെ എത്ര മനോമോഹിനിയാക്കിയിരിക്കുന്നു! (അതിന്റെ കൂടെയുള്ള കത്തു വായിച്ചിട്ടു്) ശരി! ശരി! സരസമ്മയുടെ വിവാഹം നിശ്ചയിച്ചിരിക്കുന്നു, അതുകൊണ്ടു ഫോട്ടോസഹിതം ഈ ലേഖനം മാസികയുടെ അടുത്ത ലക്കത്തിൽ വരണമെന്നുള്ള അപേക്ഷയാണു്. വിവാഹം നിശ്ചയിച്ചു കഴിഞ്ഞെങ്കിൽ ഈ കള്ളങ്ങൾക്കു എന്തർത്ഥം! ഇനി ലേഖനം എന്താണെന്നു നോക്കാം. അതു നോക്കേണ്ടതായ ആവശ്യമില്ല വല്ലതിന്റേയും പകപ്പായിരിക്കണം. (ഫോട്ടോയും കടലാസ്സും താഴെയിടുന്നു) ഈ ഒരാഴ്ചയായിട്ടു ഇങ്ങോട്ടു കാണാത്തതിലുള്ള രഹസ്യം എന്തു്! ഉദ്യോഗം തേടി എവിടെയോ ഓടിനടക്കുകയായിരിക്കണം. ഇത്ര അർത്ഥമില്ലാത്ത അന്തസ്സു എന്തിനാണെന്നു ഞാൻ അറിയുന്നില്ല. ഇവിടെവന്നു താമസിക്കരുതേ!

(നല്ല വേഷത്തിൽ സോമൻ പ്രവേശിക്കുന്നു)

സോമൻ:—പങ്കിഅമ്മയുടെ മുഖംപോലെതന്നെ എന്നെ ച്ചുറ്റുന്ന അന്തരിക്ഷവും തെളിയാതെ നില്ക്കുന്നു. പണികൾ പലതും ചെയ്യുന്നുണ്ടു്. വഴികൾ പലതും നോക്കുന്നുണ്ടു്. എന്നിട്ടു് ഒരടി മുന്നോട്ടു പോകുന്നില്ല. എന്തുചെയ്യട്ടേ!

പങ്കജം:—ഒന്നും ചെയ്യാനില്ല. ധവലപ്പുമെൻറു കമ്മീഷണരാപ്പീസ്സ് മാനേജർ ശേഖരൻനായർ അവൎകൾ എന്നെ വിവാഹം ചെയ്യുന്ന ദിവസം ഒന്നാംപന്തിക്കല്ലെങ്കിലും രണ്ടാംപന്തിക്കുണ്ടാൻ വന്നേക്കണം.

സോമ:—അതെ, ഇതു ഞാനും കേൾക്കാതിരുന്നില്ല. പക്ഷെ, അതിനേക്കാൾ വലിയ ഉദ്യോഗസ്ഥനായിട്ടായിരിക്കും ഈ രാജമാന്യരാജശ്രീ സോമൻനായർ അവൎകൾ സൌഭാഗ്യവതി പങ്കജാക്ഷിഅമ്മയെ വിവാഹംചെയ്വാൻ പോകുന്നതു്.

പങ്കജം:—ആ വിവാഹം എൻെറ ഷഷ്ടിപൂൎത്തിയുടെ ദിവസംതന്നെ നടത്തിക്കളയാം.

സോമ:—അതൊരു പക്ഷെ ശരിയായി വന്നേക്കാം. അതിനു ഞാൻ ഉത്തരവാദിയല്ല. സമയത്തേ പിടിച്ചു നിറുത്തുവാൻ എനിക്കു അധികാരമില്ല.

പങ്ക:—ഇപ്പോൾ എവിടെയാണു താമസം, എന്താണു ജോലി?

സോമ:—ഞാൻ എൻെറ ഒരു സ്നേഹിതൻ ഒരു ചെറിയ ഉദ്യോഗസ്ഥൻെറകൂടെയാണു താമസം. ജോലി, പങ്കജത്തേപ്പോലെതന്നെ, സമുദായസേവനം. അത്ര നിസ്സ്വാൎത്ഥമല്ല. ഒരു ചെറിയ ആണറേറിയം പററുന്നുണ്ടു്.

പങ്ക:—ഇതിനൊന്നിനും പോകാതെ ഞാൻ പറഞ്ഞതല്ലോ, ഇവിടെവന്നു താമസിച്ചു ഇവിടുത്തെ ഭരണം ഏററുകൊണ്ടാൽ അച്ഛനും അതു വലിയൊരു സഹായമായിരിക്കുമെന്നു്.

സോമ:—എന്തു്! ഇപ്പോൾ നില്ക്കുന്ന അരിവയ്പുകാരൻ കൂടുതൽ ശമ്പളം ചോദിക്കുന്നോ.? അതോ, കടയിൽ കൊടുത്തയക്കുന്ന ചക്രത്തിൽ വലിയൊരു ശതമാനം ആ മനുഷ്യൻ കമ്മീഷനായി എടുത്തുകളയുന്നോ?

പങ്ക:—ഞങ്ങൾ തറവാട്ടുകാരാണു്. അതോർത്തു സംസാരിക്കണം.

സോമ:—എൻെറ പൂർവ്വികരും അത്ര താണതല്ല. കരംതീരുവയും പലിശവരവും ഇല്ലെന്നേയുള്ളു.

പങ്ക:—അങ്ങനെയായിരുന്നെങ്കിൽ വീട്ടിൽവരുന്ന സംബന്ധക്കാരെ അരിവയ്പുകാരായി ഗണിക്കുമെന്നു പറയുകയില്ലായിരുന്നു.

സോമ:—ഇതിൽക്കൂടുതൽ സംസാരിച്ചാൽ നാം തമ്മിൽ പിണങ്ങിപ്പിരിയും

പങ്ക:—പിണങ്ങിപ്പിരിഞ്ഞാലും തരക്കേടില്ല. ഇങ്ങനെ അച്ഛൻെറ ശകാരം എത്രനാൾ കേട്ടുകൊണ്ടിരിക്കും!

സോമ:—ശകാരം വാങ്ങുന്നതിനു്, ഒരു പങ്കുകാരനെക്കൂടെ കിട്ടണമെന്നുള്ള ആഗ്രഹംകൊണ്ടായിരിക്കും പങ്കജം വിവാഹത്തെപ്പററി ശഠിക്കുന്നതു്. അങ്ങനെയാണെങ്കിൽ പറഞ്ഞേക്കൂ. എനിക്കു സമ്മതമാണു്. ഏതായാലും അകത്തുപോയി കുറച്ചു തേയിലകൊണ്ടു തരുമോ? വീട്ടിൽ വരുന്നവരെ എങ്ങനെ മാനിക്കാൻ അറിയാമെന്നു് ഞാൻ ഒന്നു പരീക്ഷിക്കട്ടെ. വിവാഹത്തിനു മുൻപു അറിയേണ്ട ഒരു സംഗതിയാണല്ലോ അതു്. സൽക്കാരസന്നദ്ധത എത്രയുണ്ടെന്നുതാൻ

പരീക്ഷിച്ചിട്ടാണോ വിവാഹം ചെയ്യതെന്ന് വല്ലവ രും ചോദിച്ചാൽ അതിനുത്തരം പറയണ്ടേ?

പങ്ക:—ആ പരീക്ഷയിൽ ചേരാൻ എനിക്കത്ര സമ്മത മില്ല.

സോമ:—അതാണു സ്ത്രീധൎമ്മം മറന്നു സംസാരിക്കുന്നതു്. എന്റെ മനസ്സുരുകുന്നു. ദാഹിച്ചു കണ്ഠവും വരളു ന്നു. (പങ്കജം പോകുന്നു)

(സോമൻ ഒരു കസേരയിൽ ഇരുന്നു പത്രം വായിക്കുന്നു. മാനേജർ പ്രവേശിക്കുന്നു. സോമൻ കാണുന്നു. കണ്ടതായി ഭാവി ക്കുന്നില്ല. മാനേജർ, സോമനെക്കണ്ടു് അത്ഭുതാധീ നനായി അടുത്തുവന്നു നോക്കുന്നു. സോമൻ പത്രവായന തുടരുന്നു.)

മാനേജർ:—ഏയ്! ഇതു്, ഏയ്! നിങ്ങളാരു്? ഞാൻ നി ങ്ങളോടാണു ചോദിക്കുന്നതു്. നിങ്ങളാരാണു്?

സോമ:—(മാനേജരെ നോക്കി) ഉം! എന്തുവേണം! Who are you please? You want to see whom?

മാനേ:—(ആത്മഗതം) സ്വരവും അതുതന്നെ. രാമൻത ന്നെയാണു് സംശയമില്ല.

സോമ:—Why, you are blinking? Evidently you want to see the old man?

മാനേ:—(ആത്മഗതം) ഈ ഇട്ടിരിക്കുന്ന കോട്ടു് എന്റേ താണല്ലോ. ഇതു് രാമൻതന്നെയാണു്. ഇവൻ എന്നെ കളിപ്പിക്കുകയായിരുന്നോ! (സോമൻ പത്ര വായന തുടരുന്നു) നിങ്ങളുടെ പേർ. രാമൻ—രാ മൻപിള്ള—രാമൻനായർ എന്നല്ലേ?

സോമ:—(പരിഹാസച്ചിരിയോടെ) എന്തു്, ഗണിതവും കൊണ്ടിറങ്ങിയിരിക്കയാണോ? ഞാൻ അതിൽ അത്ര വലിയ വിശ്വാസിയല്ല. തരക്കേടില്ല. പഴയ ഒരു ശാസ്ത്രമാണു്. പക്ഷേ, ഞാൻ ഒരു അവിശ്വാസിയാണു്. ഏ, ജ്യോത്സ്യൻ! നിങ്ങൾക്കു് ഇവിടെ വല്ലവരേയും കാണണമെങ്കിൽ അങ്ങേപ്പുറത്തുചെന്നു ചോദിക്കണം. ഞാൻ ഈ നാട്ടുകാരനല്ല. മുഖലക്ഷണം നല്ലതുപോലെ പഠിച്ചിരുന്നെങ്കിൽ നിങ്ങൾ അതറിയുമായിരുന്നു.

മാനേ:—നിങ്ങൾക്കു രാമൻ എന്നൊരു സഹോദരനുണ്ടോ?

സോമ:—ഗണിതം വിടുന്നില്ല. ഇനി സഹോദരിയുടെ പേർ പറഞ്ഞുനോക്കും. പേർ പറയുകയില്ലെങ്കിലും നിറം, തരം, വാൽ, കുളമ്പു്, ഇതൊക്കെ ഒന്നു പ്രസ്താവിച്ചുനോക്കും. ഇതു രണ്ടും എനിക്കില്ലെന്നു പറഞ്ഞാൽ, അങ്ങനെ ഒരു കുട്ടിയെ അമ്മ പ്രസവിച്ചിട്ടില്ലേ, എന്നാകും ചോദ്യം. അമ്മയുടെ പാതിവ്രത്യത്തിൽ ശങ്കതുടങ്ങും. അതും ശരിയല്ലെങ്കിൽ അയൽപക്കത്തു് അങ്ങനെ രണ്ടു പ്രസവം നടന്നിട്ടില്ലേ എന്നാകും. (കോപത്തിൽ) Get away idiot.

മാനേ:—(ആത്മഗതം) ഇതു വലിയ അത്ഭുതമായിരിക്കുന്നു. ഈ കോട്ടിൻെറ കാൎയ്യത്തിലാണു് എനിക്കു വലിയ അത്ഭുതം. എൻെറ അരിവയ്പുകാരനെപ്പോലെയിരിക്കുന്നു. ഞാൻ ഇന്നു വീട്ടിൽ ഇട്ടിട്ടുപോന്ന കോട്ടും നേരിയതുമാണെന്നതാനും ഇതു്. ഇതെല്ലാം കൂടെ എങ്ങനെ ഒത്തുവരാനാണു്?

സോമ:—(എഴുന്നേററു) താൻ ഇവിടെ ഇരിക്കു. അകത്തു നിന്നു് ഞാൻ ആളയക്കാം (പോകുന്നു)

മാനേ:—ഇതു് അവൻതന്നെ. ആ നേയ്ത്രും എൻേറതാണല്ലൊ. റാസ്കൽ! ഇവൻ ഏതോ ഒരു വലിയ കള്ളൻതന്നെയാണു്. ഇവൻെറ ചില സമയത്തെ വർത്തമാനങ്ങൾ കേട്ടാൽ സാധാരണ ഒരു അരിവയ്പുകാരനല്ലെന്നു നിശ്ചയിക്കാം. പോലീസ്സിൽ അറിയിക്കണം-

(പങ്കജം പ്രവേശിക്കുന്നു)

പങ്ക:—നിങ്ങൾക്കു് ഇവിടെ ആരെയോ കാണുവാനുണ്ടെന്നു പറഞ്ഞു. അച്ഛനു തീരെ സുഖമില്ല. വാവുതോറും വരുന്ന കാസത്തിൻെറ ഉപദ്രവംകൊണ്ടു കിടക്കുകയാണു്.

മാനേ:—ഇവിടെ ഇരുന്ന ആൾ ആരാണു്?

പങ്ക:—അദ്ദേഹം ഈ നാട്ടുകാരനല്ല. അച്ഛൻെറ ഒരു സ്നേഹിതനാണു്.

മാനേ:—ജോലി?

പങ്ക:—എന്തെന്നു ഞാൻ ചോദിച്ചിട്ടില്ല. ബീ. ഏ. പാസ്സായ ഒരാളാണു്.

മാനേ:—അതു കള്ളമാണു്.

പങ്ക:—ആയിക്കൊള്ളട്ടെ. പരമാൎത്ഥമാകണമെന്നു് ഇവിടെ ആൎക്കും ആഗ്രഹമില്ല.

മാനേ:—ആകട്ടെ. ഞാൻ അതു ശരിയായി നോക്കിക്കൊള്ളാം. എനിക്കു്, പങ്കജാക്ഷിഅമ്മയോടു് ഒരു

കാൎയ്യം പറഞ്ഞാൽ കൊള്ളാമെന്നു വിചാരിച്ചാണു്, ഞാൻ ഇങ്ങോട്ടു വന്നതു്.

പങ്ക:—എന്നോടു നിങ്ങൾക്കു് എന്തു പറയുവാനാണു്?

മാനേ:—എന്നെ. അറിയുകയില്ലായിരിക്കും. ഞാൻആണു് മാനേജർ ശേഖരൻനായർ എന്നു പറയുന്നതു്.

പങ്ക:—കൊള്ളാം.

മാനേ:—ഇനി ഞാൻ ആരെന്നു പറഞ്ഞുതരേണ്ടല്ലൊ.

പങ്ക:—പറഞ്ഞാലും പറഞ്ഞില്ലെങ്കിലും, തരക്കേടില്ല. എന്നോടു നിങ്ങൾക്കെന്താണു പറയുവാനുള്ളതു്?

മാനേ:—അപ്പോൾ എന്നെപ്പററി ഇതുവരെ കേട്ടിട്ടില്ലെന്നോ! അങ്ങനെ വരുവാൻ ഇടയില്ലല്ലൊ.

പങ്ക:—അതിൽ എനിക്കു് അത്ഭുതമൊ, മനസ്താപമോ ഇല്ല. നിങ്ങൾക്കു, ഞങ്ങളോടു വല്ലതും പറയുവാനുണ്ടെങ്കിൽ, അച്ഛനു സുഖമായിട്ടു് ഒരു ദിവസം വരണം.

മാനേ:—അതിരിക്കട്ടെ. പങ്കജാക്ഷിഅമ്മയുടെ അനാഥമന്ദിരമൊക്കെ എങ്ങനെയിരിക്കുന്നു?

പങ്ക:—നിങ്ങളെപ്പോലെ ലോകപ്രസിദ്ധന്മാരായ ആളുകൾ, അതിനെ സഹായിക്കുന്നതുകൊണ്ടു് ഭംഗിയായി കഴിയുന്നു.

മാനേ:—അതു് ആക്ഷേപിക്കുകയാണു്. ഞാൻ ഉടൻതന്നെ ഒരു നല്ല തുക സംഭാവനചെയ്യണമെന്നു വിചാരിച്ചിരിക്കുകയാണു്.

പങ്ക:—വളരെ നന്നു്. നല്ല ഒരു സ്ഥാപനത്തെ സഹായിക്കണമെന്നു തോന്നിയതു വളരെ നന്നുതന്നെ. അ

അിങ്ങനെയാണെങ്കിൽ ഇതിന്ന വിപരീതക്കാരിയായി കമലമ്മ എന്നൊരു സഖി എനിക്കുണ്ട്. അവരെ നിങ്ങൾ അറിയുമോ, എന്തോ!

മാനേ:—അതു് എന്റെ സഹോദരിയാണു്. ഞാൻ അക്കാൎയ്യമൊക്കെ നേരെ ആക്കാം. ഞാൻ അവിവാഹിതനാണു് എന്നറിഞ്ഞിരിക്കുമല്ലൊ.

പങ്ക:—അറിഞ്ഞാലും ഇത്ര പ്രായംചെന്നവരെ അനാഥമന്ദിരത്തിലെടുക്കുകയില്ല.

മാനേ:—(ചിരിച്ചിട്ടു്) ഞാൻ അതല്ല പറഞ്ഞതു്. അതുകൊണ്ടു് എന്റെ അപേക്ഷ—

പങ്ക:—അപ്പോൾ അനാഥമന്ദിരത്തെക്കുറിച്ചുള്ള ചിന്തയൊക്കെ ഇത്രവേഗം വിട്ടു. ഇല്ലേ?

മാനേ:—ഇല്ല. അതിൽ ഞാൻ വലിയ ഉത്സാഹിയാണു്.

പങ്ക:—വളരെ നന്നു്. നിങ്ങളെ ഈശ്വരൻ സഹായിക്കും.

(പോകുന്നു.)

മാനേ:—(ആത്മഗതം) കേട്ടതുപോലെതന്നെ സൌന്ദൎയ്യവും. സമ്പത്താണെങ്കിൽ നാലഞ്ചുലക്ഷത്തിന്ന വരും. ഒററസ്സന്താനം. പക്ഷെ, ലോകത്തെപ്പററി ഒരു നിശ്ചയവുമില്ല. അല്ലെങ്കിൽ നമ്മെപ്പററി കേൾക്കാത്തതായി, ഇന്നു് ഈ തിരുവിതാംകൂറിൽ വല്ലവരുമുണ്ടാകുമോ! അതു തന്നെയുമല്ല. എന്റെ ആലോചന അറിഞ്ഞിട്ടില്ലെന്നോ? പെണ്ണുങ്ങളുടെ കള്ളം! ആകട്ടെ, പിന്നൊരുദിവസം വരാം. അതുതന്നെയുമല്ല, ആ രാമന്റെ കള്ളവേഷം കണ്ടതിൽ പാതിച്ചിന്ത അങ്ങോട്ടായിപ്പോയിതാനും

(കൎട്ടൻ.)

---

## രംഗം ൻ.

### മാനേജരുടെ വീട്.

(കമലവും സോമനും. സോമൻ കറിക്കു നുറുക്കുന്നു. കമലം പുസ്തകംവായിക്കുന്നു)

കമലം:—എടാ രാമാ! എന്നിട്ട്, ഇത്രവലരെ സമ്പത്തുണ്ടായിട്ട്, ഈശപാരിക്കുട്ടിക്കു്, ഒരു പൊട്ട ഡാക്കരെ മാത്രമേ കിട്ടിയുള്ളൂ. അല്ലേ?

സോമൻ:—ഡാക്കിട്ടർ പൊട്ടനെന്നോ കൊച്ചമ്മേ! ചികിത്സയിൽ പണം അടിച്ചുവാരുകയില്ലേ? രണ്ടുപേരെ കൊന്നാൽ രൂപാ നൂറു കയ്യിലായില്ലേ?

കമലം:—അതേ, അതേ. ശീമയ്ക്കു പോയിട്ടു വന്നവരൊക്കെ പതിനേഴു രൂപാ ശമ്പളത്തിൽ കമ്പൌണ്ടർ ജോലിക്കു നടക്കുന്നു. എടാ! പിന്നെ, നമ്മുടെ പേഷ്ക്കാരുടെ മകൾ സാവിത്രിയെ ഒരു ബാരിസ്റ്റർ സംബന്ധം ചെയ്യാൻ പോകുന്നോടാ?

സോമ:—കേട്ടു. കേട്ടു. ആ കുഞ്ഞിനു വന്ന ഭാഗ്യം നോക്കണേ.

കമ:—എന്തൊരു ഭാഗ്യം! അയാൾക്കുകൂടെ ചിലവിനന്വേഷിക്കണം. പക്ഷെ, ആ അവലക്ഷണത്തിനു വേറെ ആരെ കിട്ടും?

സോമ:—അതിരിക്കട്ടെ കൊച്ചമ്മാ. യജമാനന്റെ സംബന്ധാലോചന കൊള്ളാമോ? ആ കുഞ്ഞിനു് ഏഴെട്ടുലക്ഷത്തിന്റെ വകയുണ്ടെന്നാണല്ലോ കേട്ടതു്.

കമ:—നീ പോടാ. ഏഴെട്ടുലക്ഷം! വല്ലതും ഒന്നോ ഒന്നരയോ ലക്ഷത്തിൻെറ വക കാണും. പക്ഷെ, മുഖത്തുനോക്കിയാൽ ഒരു വക്കത്തില്ലാത്തപെണ്ണു്. പ്രായവും കുറെക്കൂടിപ്പോയി.

സോമ:—കൊച്ചമ്മയേക്കാൾ ഒരു പത്തുവയസ്സിനിളപ്പംവരികയില്ലേ.?

കമ:—ഛൂ. ശവമേ! എനിക്കത്ര പ്രായമോ.?

സോമ:—ആ വിചാരിപ്പുകാരദ്ദേഹത്തിൻെറ മോളേപ്പററി അയ്യോ! വെളിയിൽ ഇറങ്ങിനടക്കാൻവയ്യാ. തിരിയുന്നിടത്തെല്ലാം ചീത്തപ്പേരു്. ഏതാണ്ടൊരുമന്ദിരത്തിനെന്നും പറഞ്ഞു് എന്തെല്ലാം ചീത്തകൾ കാണിക്കുന്നു.!

കമ:—അനാഥമന്ദിരമെടാ! അനാഥമന്ദിരം! സകല അഭാസത്തരവും കയ്യിൽഉണ്ടു്. എടാ, നിനക്കു് ഒരു കാൎയ്യംചെയ്യാമോ? വഴിയിൽവച്ചു കാണുമ്പോൾ മുഖത്തുനോക്കി രണ്ടു നല്ല ശകാരംകൊടുക്കാമോ?

സോമ:—കൊള്ളാം. ഇവിടുത്തെ എൻെറ പൊന്നെജമാനൻ സംബന്ധംചെയ്തു കൊച്ചമ്മയാക്കിക്കൊണ്ടുവരാൻ ഇരിക്കുന്നു. എന്നിട്ടു് ഞാൻ ശകാരിക്കണംപോലും !

കമ:—ഇവിടുത്തെ യജമാനനോ? ഞാൻ അവളെ ഈ വീട്ടിൽകയററുകയില്ല. അണ്ണൻ എൻെറ വാക്കു മറുത്തുപോകുമോ എന്നു നോക്കട്ടെ.

സോമ.:—എന്നാൽ രാമനങ്ങു തമ്മന്തംചെയ്യട്ടോ, പൊന്നുകൊച്ചമ്മേ?.

കമ:—(പ്രസന്നവദനയായി) ചോദിക്കെടാ, അങ്ങനെ ചോദിക്കു്. കുറെപ്പേർ നില്ക്കുമ്പോഠംവേണം. അങ്ങിനെയാണു് ആക്ഷേപിക്കേണ്ടതു്. നിനക്കു സംബന്ധം ചെയ്യണമെന്നുപറയണം. ഇനി അവഠം ഇങ്ങനെ പ്രസംഗിച്ചുകൊണ്ടുനടക്കരുതു്. സമുദായത്തിനു തന്നെ കുറച്ചിൽ.

(മാനേജർ പ്രവേശിക്കുന്നു.)

മാനേ:—എടാ രാമാ! നീ ഇതുവരെ എവിടെയായിരുന്നു?

സോമ:—കിണററിൻററുത്തായിരുന്നു. വെള്ളം കോരുകയായിരുന്നു. തൊട്ടിയൊന്നു നന്നാക്കിക്കണം യജമാനേ.

മാനേ:—വെള്ളം കോരുകയോ? കമലം, ഇവൻ ഇക്കഴിഞ്ഞരണ്ടുമണിക്കൂർ എന്തുചെയ്യുകയായിരുന്നു.?

കമ:—ആ ശവം കിടന്നു ക്രൂക്കം വലിച്ചുറങ്ങുകയായിരുന്നു. എന്നിട്ടു പെണ്ണിനോടുപറഞ്ഞു് ഞാൻ മുഖത്തു ഒരുകുടംവെള്ളം എടുത്തൊഴിപ്പിച്ചപ്പോഠം അവൻ ഉണൎന്നു.

മാനേ:—തിച്ച്യയാണോ? എൻെറ. കോട്ടും നേരിയതുമൊക്കെ വല്ലവരുമെടുത്തുകൊണ്ടുപോയൊ?.

സോമ:—(പരിഭ്രമത്തിൽ) അയ്യോ! കള്ളന്മാർ എൻെറ പൊന്നെജമാൻെറവീട്ടിലും കേറിയോ! ചെന്നുനോക്കട്ടെ (പോകാൻഭാവിക്കുന്നു.)

മാനേ:—നില്ലെടാ അവിടെ. അതൊക്കെ അവിടെ കിടപ്പുണ്ടു്.

സോമ:—പിന്നെ ഞാൻ മോട്ടിക്കുമെന്നു വിചാരിച്ചോ?. ഹതുകൊള്ളാം.

മാനേ:—(ആത്മഗതം) ഇവനല്ല അതു്- ഇവൻെറ മുഖഭാവം കണ്ടാൽ തീൎച്ച്യയാക്കാമല്ലോ. (പ്രകാശം)എടാ, നിനക്കു ചേട്ടനോ അനുജനോ ഉണ്ടോ?.

സോമ:—ഇതു രാമായണം മുഴുവൻ വായിച്ചിട്ടു്, സദാരത്തിനെ ആരുകൊണ്ടുപോയി എന്നു് എൻെറ പൊന്നെജമാനൻ ചോദിക്കുകയാണല്ലോ. എനിക്കു ആരോരുമില്ല, എന്നെ ആജീവനാന്തം രക്ഷിച്ചുകൊള്ളണമെന്നു്, ഞാൻ വന്നുകേറിയപ്പോഠംതന്നെ പറഞ്ഞല്ലോ. പൊന്നെജമാനനെ, അങ്ങനെ വല്ലവരും പൊന്നെജമാനൻെറ അടുത്തുവന്നോ? ഏതോ, പോലീസിൽ ചേരാൻ വന്നിട്ടു്, തിരിച്ചുപോകാൻ പണമില്ലാത്ത കള്ളന്മാർ വന്നിരിക്കും.

മാനേ:—ഒന്നുമില്ല. ആകട്ടെ, വെറുതെ ചോദിച്ചു. എടാ, നിൻെറ കയ്മള്ളുടെ എഴുത്തൊന്നും വന്നില്ലല്ലോ.

സോമ:—കൊള്ളാം- അവർ വിറച്ചോണ്ടു് എഴുതുകില്ലേ! ആനയ്ക്കുറിയാൻവയ്യാ അതിൻെറ ബലം. വലിയ കോടിപ്രഭുക്കളാണെങ്കിലും, ഉദ്യോഗസ്ഥന്മാരെന്നു കേട്ടാൽ പേടിയാണു്. ഒരാഴ്ച്യയ്ക്കകം തീയതി തീൎച്ചപ്പെടുത്തി എഴുതി അയക്കും-

(മാനേജർ പോകുന്നു)

കമലം:—എടാ, അയാളെ കണ്ടിട്ടു്, ഒരു ചൊക്കനെപ്പോലെയിരിക്കുന്നല്ലോടാ.

സോമ:—ഇതു മനസ്സിൽ ഇരുത്തി പറയുന്നതല്ലെ. എ

നിക്കറിയാമേ. കൊച്ചുകയ്മളദ്ദേഹത്തിനെപ്പോലെ ഒരു സുന്ദരനെ ഇന്നു്, ഈ തിരുവനന്തപുരത്തു കാണിച്ചുതരാമെങ്കിൽ ഞാൻ ഒരു സമ്മാനം ആക്കെങ്കിലും കൊടുക്കാം.

കമ:—ആകപ്പാടെ അണ്ണനും നീയുംകൂടി ആലോചിച്ചു്, തീയതി തീച്ച്പ്പെടുത്താൻ പോവുകയാണു്. അല്ലെ?

സോമ:—പിന്നെ കൊച്ചുകയ്മളദ്ദേഹത്തിനു ശീമയിൽ പോകാൻ ഇനി താമസിക്കുവാൻ നിവൃത്തിയില്ല

കമ:—അത്ര വളരെ സ്വത്തുണ്ടോടാ?

സോമ:—അയ്യയ്യോ. പൊന്നുതമ്പുരാനു് ഇത്ര കരംതീരുവ കാണുകയില്ലല്ലോ. ഡ്രാഫിക്കിലോ മററോ ഏതാണ്ടു് ഒരു വലിയ ഉദ്യോഗം കൊടുക്കാമെന്നു പറഞ്ഞിട്ടു്, കൊച്ചങ്ങുന്നു മുഖത്തിനൊരാട്ടുകൊടുത്തു-

കമ:—ടാഫിക്കു് സൂപ്രണ്ടായിട്ടോ?

സോമ:—എനിക്കീ ചള്ളിൻെറ ഒന്നും പേരറിഞ്ഞുകൂടാ. സൂപ്രേണ്ടായിട്ടോ കണുക്ഷേബിളായിട്ടോ എന്നൊന്നും എനിക്കറിഞ്ഞുകൂടാ.

കമലം:—കാൺസ്റ്റബിളോ! അതു നല്ല നേരംപോക്കാണു്. നീ വേഗം അടുക്കളയിലേക്കു ചെല്ല് (പോകുന്നു)

സോമ:—അതെ, കൊച്ചമ്മേ! അന്നു പാവപ്പെട്ട ഗോവിന്ദപ്പിള്ളച്ചേട്ടനെ ചീത്തപറഞ്ഞപ്പോഴും ഇതോക്കേണ്ടതായിരുന്നു. ഒരു കാൺസ്റ്റബിളിൻെറ പ്രിയപതിയായി തീരുന്ന ആ കാഴ്ച്ച കാണാൻ രസമുണ്ടു്.

(കർട്ടൻ)

---

## രംഗം ൯.

### പങ്കജത്തിന്റെ വീട്ട്.

(ഗോവിന്ദപ്പിള്ള പ്രവേശിക്കുന്നു)

ഗോവിന്ദപ്പിള്ള:—(ആത്മഗതം) ഇനി ഇപ്പോൾ സോമന്റെകഥ ചോദിക്കും. ഞാൻ കള്ളം പറയാതിരിക്കുന്നതെങ്ങിനെ! പങ്കജത്തിനോടു കള്ളംപറയുന്നതിൽ മനസ്സിന്നു വിഷമം ഇല്ല. വിചാരിപ്പുകാരദ്ദേഹത്തിന്റെ മുഖത്തു നോക്കി, ഗുരുത്വദോഷം എങ്ങനെ ഉച്ചരിക്കും!

(പങ്കജം പ്രവേശിക്കുന്നു)

പങ്ക:—ഗോവിന്ദപ്പിള്ളച്ചേട്ടനു എത്ര ആളയച്ചാലും ഇങ്ങോട്ടു തിരിഞ്ഞുനോക്കുകയേ ഇല്ല. കൂട്ടുകാരന്റെ ഗുണദോഷങ്ങൾ കേട്ടിട്ടായിരിക്കും.

ഗോ. പിള്ള:—ആരുടെ, സോമൻനായരുടേതോ? ഞങ്ങൾ തമ്മിൽ കണ്ടിട്ടു വളരെ നാളായി.

പങ്ക:—ഇപ്പോൾ എവിടെയാണു താമസം?

ഗോ: പിള്ള:—ഞാൻ പണ്ടു താമസിച്ച വീട്ടിൽതന്നെ.

പങ്ക:—അതേ. അടങ്ങി ഒതുങ്ങി താമസിക്കേണ്ടവർ അങ്ങനെ താമസിക്കുകയേ ഉള്ളൂ സ്നേഹിതന്റെ കാര്യമാണു ഞാൻ ചോദിച്ചതു്.

ഗോ: പിള്ള:—സോമൻനായർ എവിടെയാണു താമസമെന്നു ഞാൻ അറിഞ്ഞില്ല.

പങ്ക:—അതു ഞാൻ വിശ്വസിക്കുന്നില്ല. ഗോവിന്ദപ്പിള്ളച്ചേട്ടനെ അറിയിക്കാതെ അവിടെ ഒന്നും ചെയ്യുകയില്ലല്ലൊ.

ഗോ: പിള്ള:—അങ്ങിനെയൊന്നും തീച്ചയാക്കണ്ടാ. ആ അഗ്നിശലാക എങ്ങോട്ടാണു പാഞ്ഞുതെറിക്കുന്നതെന്നു് ആക്കും അറിഞ്ഞുകൂടാ.

(കമലം പ്രവേശിക്കുന്നു.)

കമലം:—വെറുതേയല്ല പങ്കജാക്ഷിഅമ്മയ്ക്കു മററുള്ളവരോടു്, ഇത്ര വെറുപ്പും വിരോധവും. ഉപദേശിക്കുന്ന ആൾ ഗുരുത്വദോഷത്തിൻെറ വസിഷ്ഠനാണു്.

പങ്ക:—വരണം, കമലമ്മ. ആരേപ്പററിയാണു പറയുന്നതു്?

കമ:—ഈ നില്ക്കുന്ന കിഴവനെപ്പററിത്തന്നെ. ഈയാൾ ഞങ്ങളുടെ വീട്ടിൽ ചില സ്വാതന്ത്ര്യങ്ങൾ കാണിച്ചു. ഞാൻ പിടിച്ചു വെളിയിൽ തള്ളിച്ചു. ഇവരെയൊക്കെ ഒരു നിലയിൽ നിറുത്തണം. മനസ്സിലായോ?

പങ്ക:—ഞാൻ വളരെ ബഹുമാനത്തോടുകൂടി കരുതുന്ന ഒരാളാണു് ഗോവിന്ദപ്പിള്ളച്ചേട്ടൻ.

ഗോ: പിള്ള:—അങ്ങനെ സമഭാവന കാണിക്കുന്നതുകൊണ്ടുതന്നെ, പങ്കജാക്ഷിഅമ്മയെക്കുറിച്ചു പല കള്ളങ്ങളും പറഞ്ഞുകൊണ്ടു്, ഈ ശ്രീമതി നടക്കുന്നതു്.

കമ:—ഞാൻ എന്തുപറഞ്ഞുകൊണ്ടു നടക്കുന്നുവെടോ?

ഗോ: പിള്ള:—പിന്നെ, മര്യാദയ്ക്കു സംസാരിച്ചില്ലെങ്കിൽ അനുഭവമറിയാമോ?

കമ:—പങ്കജം! ഇങ്ങനെ എന്നെ വിളിച്ചുവരുത്തി ആക്ഷേപിക്കുകയാണോ?

ഗോ: പിള്ള:—അതു നല്ല ന്യായം! ആരാണു വഴക്കു തുടങ്ങിയതു്?

കമ:—നോക്കിക്കൊള്ളു! ഞാൻ അണ്ണനോടു പറഞ്ഞേക്കാം. പങ്കജം, എനിക്കൊരു കാൎയ്യം രഹസ്യമായി പറയാനുണ്ടു്.

ഗോ: പിള്ള:—അതെ. അണ്ണൻ പങ്കജാക്ഷിഅമ്മയുടെ സ്വത്തിൽ കണ്ണുവച്ചിട്ടുണ്ടു്. അതുകൊണ്ടു പങ്കജത്തിനോടു രമ്യപ്പെട്ടുകൊള്ളണമെന്നു് അണ്ണൻ പറഞ്ഞയച്ചിട്ടുണ്ടു്. അതല്ലെ രഹസ്യം?

പങ്ക:—വരണം കമലമ്മ. ചേട്ടൻ പോകണം.

(കർട്ടൻ.)

## രംഗം ൧൦.

ചാലക്കമ്പോളം.

(സോമൻ കുറേ മലക്കറിയും വാങ്ങി നടക്കുന്നു. അരിക്കച്ചവടക്കാരൻ ചെട്ടിയാർ പുറകെ ചെന്നു പിടികൂടുന്നു.)

സോമൻ:—(തിരിഞ്ഞുനിന്നു്) വലിയകാൎയ്യം! എനിക്കിതു ചുമക്കാൻ വഹിയാതെ നടക്കുകയായിരുന്നു. (സാമാനം ചെട്ടിയാരുടെ തലയിലേയ്ക്കു നീട്ടിയിട്ടു്) താൻ ഇതെടുത്തുകൊള്ളൂ. ഇവിടെ അടുത്തുവരെക്കൊണ്ടുവന്നാൽമതി നടക്കൂ വേഗം.

ചെട്ടിയാർ:—പട്ടുക്കാളീ! നീ എന്നൈ ഏമാററിപോട്ടായ്, അല്ലവാടാ? ഒനക്കു ശമ്പളം അറുന്തുറുരൂപായ് എൻറുചൊല്ലി എന്നൈ ഏമാററി എൻ കയ്യിലിരുന്ന ഇരുപത്തഞ്ചുരൂപായും തട്ടിക്കൊണ്ടുപോയ് വിട്ടായ്. കള്ളപ്പട്ടുക്കാളീ! ഉന്നൈ നാൻ വിടമാട്ടേൻ.

സോമ:—അല്ലാ! ചുമട്ടുകാരൻ എന്നു വിചാരിച്ചു് ഈ ഭ്രാന്തന്റെ കയ്യിൽ നല്ലോരു ചക്രത്തിനു വാങ്ങിച്ച സാമാനങ്ങൾ ഞാൻ ഏല്പിച്ചുപോകുമായിരുന്നല്ലോ. നടക്കെടൊ, നടക്കു്. ഇങ്ങനെയുള്ളവരെക്കണ്ടാൽ ഞാൻ കാപ്പികുടിക്കാൻ നാലുകാശെങ്കിലും കൊടുക്കുക പതിവുണ്ടായിരുന്നു: ഇന്നു് ഒന്നുമില്ല.

കച്ചവ:—എനക്കു തരവേണ്ടിയ പണത്തെ രൊക്കം തരാവിട്ടാൽ, ഉന്നൈ നാൻ ഇന്ത പോലീസ് ലാക്കോപ്പിലെ ഏല്പിത്തു വിടുവേൻ. കള്ളപ്പയൽ; പോക്കിരി.

S ... KRISHNA ...

സോമൻ:—(ചിരിച്ചിട്ട്) പ്രാന്താ! നോക്കണേ, ഇവിടുത്തെ പോലീസ്സിൻെറ ഭരണം! ഉരളമ്പാറ സ്ഥിരം ജന്മിയായി കഴിയേണ്ട വാണിയനെ, ഇങ്ങനെ വഴിയെ അഴിച്ചുവിട്ട്, വഴിപോകുന്നവക്കു "പോക്കിരി, കള്ളൻ" എന്നൊക്കെ സ്ഥാനപ്പേരുകൾ കൊടുപ്പിക്കുക! (കയ്യുംപിടിച്ചിട്ട്) നടക്ക് സ്റ്റേഷനിലേക്ക്. നടക്ക്. ഇതിനു ചോദിക്കാൻ ആളുണ്ടോ എന്ന്. ഒന്നറിഞ്ഞുകളയാം.

ചെട്ടി:—അങ്കെ താനേ നാനും വറേൻ. എനക്കു് ഏതോ കൊഞ്ചം പണം മുടക്കി ഒരു ശിന്നയാപാരം ഉണ്ടായിരുന്തത്. ഉന്നെപ്പോലത്ത ചില പോക്കിരികൾക്കു കടംകൊടുത്തു് നാൻ തെരുവും തിണ്ണയുമാനേൻ. പഴക്കാറപ്പയക്കൾ. മഹാപാപികൾ.

സോമ:—(അനുതാപം ഭാവിച്ച്)അയ്യോ! അതാണോ ഈ കിറുക്കിനു കാരണം? പാവം! എന്തായിരുന്നു കച്ചവടം? വെററക്കച്ചവടം ആയിരുന്നോ?

ചെട്ടി:—ഉന്നൈ നാൻ വിടവേ മാട്ടേൻ. അന്നൈക്കു അന്ത പെരുപൊയ് ചൊല്ലി എന്നിടത്തിലിരുന്ത അന്ത ഇരുപത്തിയഞ്ചു രൂപായും വാങ്കാമൽ ഇരുന്തയാനാൽ ഉന്നൈ മന്നിച്ചിരിക്ക പാത്തേൻ.

സോമ:— പാവം! എന്നിട്ട്, ഇപ്പോൾ താൻ എവിടെ താമസിക്കുന്നു? പൊന്നുതമ്പുരാൻ തിരുമനസ്സുകൊണ്ടു് അനാഥശാല ഉണ്ടാക്കുന്നുണ്ട്. അതിൽപോയി കിടന്നുകൊള്ളൂ. എന്നെവിടൂ. എൻെറ യജമാനനു് നേരത്തേ ചോറു കാലമാക്കിയില്ലെങ്കിൽ ഞാനും ത

ന്നപ്പോലെ ഇങ്ങനെ അലഞ്ഞു നടക്കേണ്ടിവരും. വിട്ടൂ! ഉച്ചയ്ക്കു വീട്ടിൽവന്നാൽ വല്ല കഞ്ഞിയോ, വെള്ളമോ വല്ലതും തരാം.

ചെട്ടി:—അടേ. പോക്കിരി! എന്നൊടാ കള്ളവേഷം പോട്ടമെരട്ടിപ്പാക്കിറായാടാ? നീ അല്ലാവാടാ അന്തബീഏക്കാരൻ ജംപുലിംകം!

സോമ:—ശരി മലയാളിയായ എന്നെ താൻ തമിഴനുമാക്കി. സലാം. ആ സ്തുതി ഞാൻ സ്വീകരിക്കുന്നു. എൻെറ പേർ ഒന്നുകൂടി കേൾക്കട്ടെ. മറന്നുപോകാതെ പഠിച്ചുവച്ചേയ്ക്കണമല്ലോ.

ചെട്ടി:—അടടാ. അന്ത പട്ടക്കാളി സോമൻനായർ ബി. ഏ. നീ അല്ല എൻറു ചൊല്ലപ്പുറപ്പെട്ടിരിക്കിറായിപോലിരിക്കെ. നല്ല കാര്യം!

സോമ:—ശരിശരി; നമുക്കൊരു പരിക്ഷകൂടി കിട്ടി. എന്തു ചെയ്യാം സ്നേഹിതാ. താൻ ഉരുളമ്പാറ യൂണിവേഴ്സിററിയിലെ ചാൻസലർ ആയിപ്പോയല്ലോ. ഈ പരീക്ഷ വല്ലവരും വകവച്ചുതന്നെങ്കിൽ കടക്കൊള്ളി ഉന്താതെ കാലം കഴിക്കാമായിരുന്നു. എൻെറ പേരെന്തു്? കാമദേവൻ നായരെന്നോ? ജാതി രണ്ടായിപ്പോയി. അല്ലെങ്കിൽ തൻെറ മകളെ ഞാൻ സംബന്ധം ചെയ്തുകൊള്ളാമായിരുന്നു. കണ്ടാൽ കാമദേവനാണെന്നു താൻതന്നെ സമ്മതിക്കുന്ന സ്ഥിതിക്കു്, മകളുടെ അഭിപ്രായം വേറെ വരാൻ തരമില്ല.

ചെട്ടി:—അടേ തിരുട്ടുപ്പയലേ! അറുന്തൂറുരൂപാ ശമ്പളം കിടച്ചാച്ചു് എൻറു ചൊല്ലി—

സോമ:—എത്രുറുപ്പാ? അറുന്തൂറോ? ഭേഷ്. ഇപ്പോൾ വല്ല പ്പോഴും കൂടിയിരിക്കുമ്പോൾ രണ്ടുറുപ്പാ യജമാനൻ തന്നാലായി. തനിക്കു വല്ല ചേതവുമുണ്ടോ! അറുന്തൂറല്ല, അടുത്ത മൂച്ചിന് ആറായിരവും ആക്കിയേക്കും. മനസ്സ് അത്ര ശുദ്ധമാണ്. പോക്രു. തന്റെ അടുത്തു കുറേനേരംകൂടിനിന്നാൽ ഞാനും കിറുക്കനായിപ്പോകും (സാമാനവുമായി കടക്കുന്നു. ചെട്ടിയാർ ഇളിഭ്യനായി നില്ക്കുന്നു.)

(കർട്ടൻ.)

---

## രംഗം ൧൧

### ഡവലപ്പ്മെൻറുകമ്മീഷണരുടെ വസതി.

(മാനേജർ പ്രവേശിക്കുന്നു. ശിപായി താണുതൊഴുന്നു)

മാനേജർ:—കമ്മീഷണർ ഇവിടെ ഇല്ലേടോ?

ശിപായി:—ഉത്തരവ്. അകത്തുണ്ട്. ഉറക്കമാണ്. ഉത്തരവ്.

മാനേ:—ഇങ്ങു വരാൻ പറയൂ. ഞാൻ വന്നിരിക്കുന്നു എന്നു പറയൂ!

ശിപായി:—ഉത്തരവ്. ഉറക്കമാണ്—

മാനേ:—ഛെ- കഴുതെ; ഞാൻ അല്ലെ പറഞ്ഞതു്!

(ശിപായി പോകുന്നു)

ഞാൻ അതിഗൌരവമായ ഒരു കാര്യം പറയുവാൻ വന്നിരിക്കുമ്പോൾ ഉറക്കമോ! ഇപ്പോഴാണ് നമ്മുക്ക് പ്രമോഷനു് ഒരവസരം. കമ്മീഷണർ ഒന്നെഴുതിയാൽ, ഡിവാൻജി മറിച്ചുത്തരവിടുകയില്ല. നമ്മുടെ പേർ കമ്മീഷണർ എഴുതാതെയിരിക്കുമോ? അതില്ല. പക്ഷെ ഞാൻ പറഞ്ഞില്ലെന്നുവേണ്ടാ. അതുകൊണ്ടു്, ഇവിടെ ഒന്നറിയിച്ചേക്കാം, അത്രമാത്രം മതി.

(കമ്മീഷണർ ഉറക്കച്ചടവോടു പ്രവേശിക്കുന്നു.)

മാനേ:—(ഇരുന്നിട്ടു്) ഇന്നലെ ഭക്തിവിലാസത്തു പോയെന്നുകേട്ടു. ഇവിടുത്തെ ശ്രമം എവിടംവരെയായി എന്നറിയാമെന്നുവിചാരിച്ചു വന്നതാണ്.

കമ്മി:—എൻെറ ശമ്പളക്കൂടുതൽകാര്യമോ! എവിടെ ആകാനാണ്? നമുക്കുവേണ്ടി ശുപാർശചെയ്യാൻ ആ

ളില്ല. വഴക്കുണ്ടാക്കാൻ പത്രങ്ങളുമില്ല. സവ്വേശി പായിയുടെ പ്രമോഷനേപ്പററിപ്പോലും രൂക്ഷമായി വാദിക്കുന്ന കൌൺസിലും അസംബ്ളിയും ആയതു കൊണ്ടു്, അവിടെ പറഞ്ഞാൽ വിലയുമില്ല.

മാനേ:—പക്ഷെ, മററുള്ളവൎക്ക ചെയ്തുകൊടുത്ത ആനുക്രുല്യം ഇവിടത്തോടു കാണിച്ചാൽ മതിയല്ലോ.

കമ്മീഷ:—മിസ്റ്റർ നായൎക്കു് അറിയാമല്ലൊ; എഴുപത്തെട്ടാമാണ്ടു് തുലാം നാലാംതീയതി ഞാൻ സവ്വീസ്സിൽ കയറി കെ. എസ്സ്. എഴുപത്തിഒൻപതു വൃശ്ചികത്തിലും. ഞാൻ സ്ഥിരംമജിസ്റ്റ്രേട്ടായി, രണ്ടു വഷം കഴിഞ്ഞാണു് കെ. എസ്സിനെ, ആക്ടിംഗായി നിയമിച്ചതു്. അതുവേണ്ടാ, വി. പി. മാധവറാവു എന്താണെഴുതിയിട്ടുള്ളതെന്നു നോക്കണം. ഇപ്പോൾ കെ. എസ്സിനു എണ്ണൂറും, എനിക്കു വെറും അറുനൂറും. ഇതൊന്നും മിസ്റ്റർ നായരെ ഞാൻ പറഞ്ഞു കേൾപ്പിക്കണ്ടല്ലോ. എൻെറ ആഫീസിലെ മാനേജരാണല്ലോ മിസ്റ്റർ നായർ. ഞാൻ എന്തുകഷ്ടപ്പെട്ടു ജോലിചെയ്യുന്നെന്നും നിങ്ങൾക്കറിയാമല്ലൊ.

മാനേ:—അവിടുത്തേയ്ക്കു ശമ്പളക്കൂടുതൽ കിട്ടും. സംശയമില്ല.

കമ്മീഷ:—മിസ്റ്റർ നായർ വിചാരിച്ചാൽ എനിക്കതു സാധിക്കും.

മാനേ:—ഇരിക്കട്ടെ. നമ്മുടെ ആഫീസിൽ ഒരു റേഴ്സ

ണൽ അസിസ്റ്ററൻറിനെ നിയമിക്കാൻ പോകുന്നു വെന്നു കേട്ടല്ലോ. അതെന്തായി?

കമ്മീ:—അന്നു ഞാൻ നിങ്ങളോടു പറഞ്ഞതുപോലെ ദിവാൻജിയോടു ഞാൻ പറഞ്ഞു. നമ്മുടെ സ്കീം കാണിച്ചു. അദ്ദേഹം അതു സമ്മതിച്ചു. ഇന്നാർ വേണമെന്നുള്ളതു് എഴുതിഅയക്കുവാൻ പറഞ്ഞിരിക്കയാണു്.

മാനേ:—അതിനു് ഇനി വല്ല ശുപാർശക്കാരും വന്നുചേരുമോ എന്തോ!

കമ്മീഷ:—കൊള്ളാം! മിസ്റ്റർ നായരുടെ അവകാശം തട്ടാനോ? ദിവാൻജിയെ ഒന്നു കണ്ടേക്കണം.

മാനേ: – ഞാൻ നാളെ കാണുന്നുണ്ടു്.

കമ്മീഷ:—അതുമതി. മിസ്റ്റർ നായരുടെ കാര്യത്തിൽ ആരും ശ്രമിക്കണ്ടാ. ദിവാൻജിക്കു് അതറിയരുതെ. എൻെറ കാര്യമല്ലേ ആരുടെയും രക്ഷയില്ലാതെ കിടക്കുന്നതു്.

മാനേ:—അതൊക്കെ ശരിയാക്കാമെന്നു്. ഈ മാസത്തിൽ എനിക്കൊരടിയന്തിരമുണ്ടു്. എൻെറ സഹോദരിയെ അസംബ്ളിമെംബർ ഉമ്മട്ടിക്കയ്മളുടെ അനന്തിരവൻ കെ. പി. കയ്മൾ വിവാഹം ചെയ്യുന്നു.

കമ്മീഷ:—എങ്ങനെ! എങ്ങനെ! അതു ഞാൻ അറിഞ്ഞില്ലല്ലോ. കൊള്ളാം- ഉമ്മട്ടിക്കയ്മളുടെ അനന്തിരവൻ. ശരി. ശരി. നല്ല സ്വത്താണു്- പയ്യൻ ബി. ഏ. ആയിരിക്കും.

മാനേ:—ബീ. ഏ. യാണു്. മെഡിസിന്റ പഠിക്കുവാൻ വരുന്ന മാസത്തിൽ ശീമയ്ക്കു പോകുന്നു.

കമ്മീഷ:—വളരെ സന്തോഷം. വളരെ സന്തോഷം. ആ കെപ്പാടെ നമുക്കു രണ്ടുപേക്കും ഈ മാസം വളരെ വിശേഷപ്പെട്ടതായിരിക്കും. മിസ്റ്റർ നായരുടെ കാൎയ്യത്തിൽ സംശയിക്കാനൊന്നുമില്ല. എന്റെ കാൎയ്യമാണു സംശയം.

മാനേ:—അംശതാന്നും പേടിക്കേണ്ടെന്നു്.

കമ്മീ:—അതുമതി, ആ ഉറപ്പുമതി. ഇരിക്കട്ടെ. മിസ്റ്റർ നായർ ഈയിടെ വിവാഹം ചെയ്യാൻ പോകുന്നുവെന്നു കേട്ടല്ലൊ.

മാനേ:—തീൎച്ച്യായില്ല. നമ്മുടെ വിചാരിപ്പുകാരുടെ മകറം—

കമ്മീ:—അതെ. ഞാൻ കേട്ടു. ഒന്നാംതരം സംബന്ധം. നാലഞ്ചുലക്ഷത്തിന്റ വരും. ഒരു കുട്ടിമാത്രം.

മാനേ:—അതിൽ ആ ദ്രോഹി ഗോവിന്ദപ്പിള്ള ചില ഏഷണികറം പറയുന്നുണ്ടു്. അയാളുടെ അടുത്തുണ് ഇവിടുന്നു അനുവദിക്കാതിരിക്കുന്നതെന്തു്? അയാറം വിഷമമാണു്. വിചാരിപ്പുകാരദ്ദേഹത്തിനോടോ ആ പെൺകുട്ടിയോടോ ചെന്നു് ഏതാണ്ടോ എന്നെപ്പററി കള്ളങ്ങറം പറഞ്ഞതുകൊണ്ടു്, മുൻപു കണ്ട ഉത്സാഹം വിചാരിപ്പുകാരദ്ദേഹത്തിനു് ഇപ്പോറം കാണുന്നില്ല.

കമ്മീഷ:—എടാ—ഇവൻ—ഈ ഗോവിന്ദപ്പിള്ള അത്ര വിഷമമോ? അതു സാരമില്ല. ഞാൻ വിചാരിപ്പുകാരെ

ഒന്നു കാണാം. ഈയിട സുഖമില്ലാതെ കിടക്കയാണെന്നു കേട്ടു.

മാനേ:—അദ്ദേഹത്തിന്റെ സമ്മതമാണെങ്കിൽ ആ പ്രാരബ്ധവും വേഗം അങ്ങൊത്തുക്കമായിരുന്നു. ആ ഗോവിന്ദപ്പിള്ളയുടെ പെൻഷൻ വേഗം ഉത്തരവിട്ടേക്കണം.

കമ്മീ:—അവൻ പാവമാണു്. കേറിക്കിടക്കുവാൻ സ്ഥലമില്ല.

മാനേ:—(കോപിച്ചു്) എന്തുവച്ചു്?

കമ്മീഷ:—ഇല്ല. മിസ്റ്റർ നായരെ അങ്ങനെ ധിക്കരിച്ച അവനെ ഞാൻ ഇനി ആഫീസിൽ കയററുകയില്ല. വെളിയിൽ വല്ലതും അയച്ചാലോ?

മാനേ:—ഒന്നും വേണ്ട. അയാളെ ഉടൻ പിരിച്ചയക്കണം.

കമ്മീഷ:—ചെയ്യാം ചെയ്യാം. എന്നാൽ വിശേഷമൊന്നുമില്ലല്ലോ. പിന്നെ കാണാം.

(കർട്ടൻ)

[library stamp]

## രംഗം ൧൨.

### കാഴ്ചബംഗ്ലാവു തോട്ടം.

(ഗോവിന്ദപ്പിള്ളയും സോമനുംകൂടിയിരിക്കുന്നു)

സോമൻ:—അതുകൊണ്ടു ചേട്ടാ! അങ്ങനെ ഒരു വിദ്യഎടുക്കാതെ നിവൃത്തിയില്ല. ചേട്ടൻെറ ശത്രു ഇല്ലിദ്ദ്യനാകും. എനിക്കു നല്ല ഒരുദ്ദ്യോഗവും കിട്ടും.

ഗോവിന്ദപ്പിള്ള:—ഇതു വല്ലാത്ത ആലോചനയാണെൻെറ നുജാ. വല്ലാത്ത ആലോചന. വല്ലവരും സത്യം കണ്ടുപിടിച്ചാൽ ജയിലിൽ പോകാൻ വേറെ കാരണം അന്വേഷിക്കേണ്ടാ.

സോമ:—ചേട്ടാ. ജീവിതം ഒരു പാശികളിയാണ്. എറിയുക. ഒക്കന്നെങ്കിൽ ഒത്തു. അല്ലെങ്കിൽ താഴെ. അങ്ങനെയുള്ള ധൈര്യത്തോടും മനസ്സാന്നിദ്ധ്യത്തോടുംകൂടി പെരുമാറാത്തവൎക്ക് ആപത്തൊന്നും വരുകയില്ലായിരിക്കും. പക്ഷെ, ഉയൎച്ച്യും പൂജ്ജ്യംതന്നെ. ഞാൻ ഒരു കാൎയ്യം ചോദിക്കുന്നു. നമ്മുടെ ഗവണ്മെൻറ് മുക്കിനു മുക്കിന് വിദ്യാലയങ്ങളും കാളേജുകളും ഉണ്ടാക്കിയിരിക്കുന്നു. വിദ്യാഭ്യാസപ്പനിക്കു് ഒരുഡിഗ്രികൂടിയെന്നു്, രാജ്യഭരണറിപ്പോൎട്ടിൽ കാണിക്കുന്നതാണു മേന്മയെന്നു വന്നിരിക്കുമ്പോൾ അങ്ങിനെചെയ്യുന്നതിൽ എന്തിനു ഗവണ്മെൻറിനെ കുററപ്പെടുത്തണം! അങ്ങിനെ സജ്ജീകരിച്ചിരിക്കുന്ന വ്യവസായശാലയിൽനിന്നു ഫോൎഡുകമ്പനിയിലെ മോട്ടോർ

കാർകളുടെ ജനനത്തേക്കാൾ കൂടുതൽ വേഗത്തിൽ ബീ. ഏ. ക്കാർ വെളിയിൽ വരുന്നു. ഇവക്കു തൊഴിൽ എവിടെ? കാലക്ഷേപമാൎഗ്ഗമെവിടെ? ഭക്ഷണംകഴിക്കാതെ എങ്ങിനെ കഴിച്ചുകൂട്ടും! അപ്പോൾ പ്രക്ഷോഭണങ്ങൾ തുടങ്ങുകയായി. കുറേക്കൂടെ കടന്നനില്ക്കുന്ന ദിക്കുകളിൽ ബോംബുപ്രയോഗങ്ങളായി. ബോൾഷവിസപ്രചരണമായി. സർവ്വത്ര അസ്വസ്ഥതയുമായി. തൊഴിലില്ലായ്മസൈന്യത്തിൽ ഒരു ഹവാൽദാർ ആയ ഞാൻ വളരെ പതിഞ്ഞമട്ടാണു് എടുത്തിരിക്കുന്നതു്. ഒരു വെറും ശിന്നഭക്തിവിലാസവഞ്ചന. അതിനു് അവിടുത്തെ ഒരു ഡഫേദാരെ ചേട്ടൻ പരിചയപ്പെടുത്തിത്തന്നാൽ മതി. മനസ്സിലായോ? കാൎയ്യം ഏറ്റോ?

ഗോവി: ഒന്നല്ല കൂടുതൽ ആളുകളെ പിടിച്ചുതരാം. ഞാൻ പറയുന്നതുപോലെ കേൾക്കാൻ അവിടെ ധാരാളമാളുണ്ടു്. അതുതന്നെയുമല്ല, ഇതിൽ അവക്കു് ആപത്തൊന്നും വരാനുമില്ലല്ലോ.

സോമ:—ഒന്നുംവരാനില്ല. ഞാൻ ദിവാൻജി ഇരിക്കുന്നതിന്റെ അടുത്തെങ്ങും പോകയില്ല. നാലഞ്ചുദിവസം വെറുതെ അവിടെഒക്കെച്ചെന്നു് ഒന്നിരിക്കാൻ അനുവാദം കിട്ടണം. പിന്നെ എന്നോടു ബഹുമാനമായി ഒന്നുപെരുമാറുകയുംവേണം. ഡവലപ്പുമെൻറു കമ്മീഷണരെ ദിവാൻജിക്കു വലിയ വിശ്വാസമാണു്. മറയന്മാരെ വിശ്വസിക്കാമല്ലോ. കമ്മീഷണർ എ

ഴുതുന്നതു് ഉടൻ അനുവദിക്കും. കമ്മീഷണർക്കു് ഇപ്പോൾ ദിവാൻജിയുടെ സേവ ആവശ്യവുമുണ്ടു്. ഇത്രയും കൊത്തും കോളും ഒത്തുവന്നിരിക്കുമ്പോൾ, എന്നെപ്പോലെയുള്ള ഒരാൾക്കു്, വല്ലതും സാധിക്കുമോ, എന്നറിയണ്ടേ? "താൻപാതി, ദൈവംപാതി" ഇങ്ങനെ ചില ശ്രമങ്ങൾ ചെയ്തില്ലെങ്കിൽ മരിച്ചു്, അങ്ങുചെല്ലുമ്പോൾ ഈശ്വരൻ ചോദിച്ചെങ്കിലോ "എടാനിനക്കു് ഇന്ന ഇന്ന അവസരം കിട്ടിയില്ലേ? നീ എന്തുകൊണ്ടു് ആ അവസരം ഉപയോഗിച്ചില്ല?" അദ്ദേഹം എന്നെ നരകത്തിൽ തള്ളിക്കളയും. അവിടെചെന്നുകിടന്നു മാനേജർശേഖരൻനായരുമായി അടിപിടികൂടാൻ എന്നെക്കൊണ്ടുസാദ്ധ്യമല്ല. ചേട്ടനു് ഒരു കാര്യംനിശ്ചയമാണേ. ഈ പേഴ്സണൽ അസിസ്റ്റന്റു് ഉദ്യോഗം ഇവനേക്കാൾ നല്ലതുപോലെ നോക്കാൻ എനിക്കുകഴിയുമേ.

ഗോവി:—അതുകഴിയും: അനുജനേപ്പോലെ ബുദ്ധിസാമർത്ഥ്യമുള്ള ഒരുത്തനെ ഞാൻ കണ്ടിട്ടില്ല.

സോമ:—ഹൃദയവിശാലതയോ! ഞാൻ ഈ കള്ളവേഷങ്ങളൊക്കെകെട്ടുകയും കള്ളത്തരങ്ങൾ ഒക്കെ ചെയ്യുകയും ചെയ്യുന്നെന്നുവച്ചു് സാധുക്കളിലിത്രകാരുണ്യം എന്നേപ്പോലെഅധികമാക്കുമില്ല. ചേട്ടാ! എനിക്കുകിട്ടുന്നശമ്പളംമുഴവൻ ഞാൻ സാധുജനസംരക്ഷണത്തിനായി ചിലവാക്കുവാനാണു നിശ്ചയിച്ചിരിക്കുന്നതു്. ഈ മാനേജർ ശേഖരൻനായരേ? അയാളേപ്പോലെ ഇത്ര

പിത്തുക്കനെണ്ടോ?. ശനിയാഴ്ച പിച്ചക്കാർ കേറിവരാതിരിക്കുന്നതിനുവേണ്ടി, ആ മഹാപാപി, ഗേററു തുറക്കുകയേപാടില്ല എന്നാണുത്തരവുചെയ്തിരിക്കുന്നതു്. പിന്നെ, ഏഷണിക്കാൎക്കും, സ്വാത്ഥലോലുപൎക്കും, രാജ്യവും തമ്പുരാനും എങ്ങനെയെങ്കിലും കഴിഞ്ഞുകൊള്ളട്ടെ എന്നു കരുതുന്നവൎക്കും മാത്രമല്ല തിരുവിതാംകൂർ സൎക്കാർ സവ്വീസ് കരുതിയിരിക്കുന്നതെന്നും ഒന്നു വരുത്തേണ്ടതല്ലേ?.

ഗോവി:—അതു ശരിതന്നെ. പക്ഷേ ഇതിൽ ആപത്തു വന്നെങ്കിലോ!.

സോമ:—ആപത്തോ! പരമകാരുണികനായി ഒരു മൂപ്പിന്നു മുകളിൽ ഇരിപ്പുണ്ടല്ലോ. ഈ ഉദ്യമത്തിൽ ആപത്താണു വരുന്നതെങ്കിൽ ഞാൻ ജയിലിൽകിടന്നു് "എന്നോടിതു ചെയ്യേണ്ടിയില്ലായിരുന്നു" എന്നു് അദ്ദേഹത്തോടു കലശൽക്കൂട്ടും. "എടാ നീ ഇച്ചെയ്തതു തീരെ തെററായിരുന്നു. അതിനു നിന്നെ ഒന്നു ശിക്ഷിക്കണമെന്നാണു് ഞാൻ വിചാരിക്കുന്നതു്" എന്നു് അവിടുന്നു മറുപടിഅരുളുകയാണെങ്കിൽ ആ ശിക്ഷ സസന്തോഷം സ്വീകരിച്ചുകൊള്ളുവാനുള്ള ഈശ്വരഭക്തി എനിക്കുണ്ടു്. എൻെറ ചേട്ടാ, നാം അനാഥരല്ല. നമ്മെഒക്കെ രക്ഷിക്കുവാൻ ത്രാണിയുള്ള ഒരാൾ നമ്മെ നോക്കിനില്ക്കുന്നുണ്ടു്. നിങ്ങൾ, ഭസ്മചന്ദനക്കുറിക്കാർ അതു ധരിക്കാതെ, ഉള്ള മന്ത്രങ്ങളും സ്തോത്രങ്ങളും ഉരുവിടുകയാണു്. അതി

നൊരു ഫലവുമില്ല. (ഒരുവശത്തേക്കുനോക്കി) അ ല്ലെ! ഈ വരുന്നതാരു്! എൻെറ യജമാനൻ മിസ്റ്റർ ശേഖരൻ നായരല്ലേ! ചേട്ടാ. അഭിനയം നന്നായി രിക്കണേ.

(മാനേജർ പ്രവേശിക്കുന്നു. ഗോവിന്ദപ്പിള്ള എഴുനേററുതൊഴുന്നു. മാ നേജർ സോമനെനോക്കി സംഭ്രമിക്കുന്നു. സോമൻ തുറിച്ചുനോക്കിയി രിക്കുന്നു.)

മാനേജർ:—നിങ്ങഠം, നിങ്ങഠം, (ഗോവിന്ദപ്പിള്ളയോടു്) ഗോവിന്ദപ്പിള്ളേ! ഈ മനുഷ്യനെ അറിയുമോ?

ഗോവി:- ഉത്തരവു്.

സോമ:—ഏയ് മനുഷ്യൻ, നിങ്ങഠംക്കു് എന്നോടുതന്നെ ചോദിക്കാം. നിങ്ങഠം ആരെന്നറിഞ്ഞിട്ടു് ഞാൻ ആരു് എന്നു ഞാൻതന്നെ പറയാം. അതിനു് ഈ വൃദ്ധാസ്നേഹിതൻ ദ്വിഭാഷിയാകേണ്ട.

മാനേ:—ആരാണു ഗോവിന്ദപ്പിള്ളേ! ഇദ്ദേഹം.

സോമ:—(ഗോവിന്ദപ്പിള്ളയോടു്) നിങ്ങഠം തത്വമുള്ളവ നാണെങ്കിൽ പറയരുതു്.

മാനേ:—നാം തമ്മിൽ ഒരിക്കൽ വിചാരിപ്പുകാരദ്ദേഹത്തി ൻെറ വീട്ടിൽവച്ചു കണ്ടല്ലോ.

സോമ:—(ഓർമ്മിച്ചിട്ടു്) ഓ ശരി, ശരി. ആ ജ്യോത്സ്യൻ. അന്നെനിക്കു സഹോദരനുണ്ടോ, സഹോദരിയുണ്ടോ എന്നൊക്കെ ചോദിച്ചില്ലേ? ജ്യോത്സ്യൻ അന്നു വ ന്നിട്ടു പോയില്ലേ? ഞാൻ റെയിൽവെയിൽ ഒരു ജോ ലിക്കാരനാണു്.

മാനേ:—അതു ശരിയാണോ, ഗോവിന്ദപ്പിള്ളേ?

സോമ:—അതു മര്യാദകേട്ട്. ഞങ്ങ൦ ഇംഗ്ലീഷുപഠിച്ചവർ ഈ പ്രവൃത്തിക്ക ചില പേരുകളാണു് കൊടുത്തിട്ടുള്ളതു്. ജ്യോത്സ്യൻ കടക്ക. ഈ സ്വഭാവവും ഇത്രയും പല്ലും വച്ചുകൊണ്ടു് നിങ്ങ൦ തിരുവനന്തപുരത്തു്, ഇത്രയുംനാ൦ എങ്ങനെ കഴിച്ചുകൂട്ടിയെന്നാണു് എനിക്കത്ഭുതം (ഗോവിന്ദപ്പിള്ളയോടു്) ഇരിക്കണം സ്നേഹിതാ (ഗോവിന്ദപ്പിള്ളയെ ഇരുത്തുവാൻ ശ്രമിക്കുന്നു).

മാനേ: (നടന്നിട്ടു്) ഗോവിന്ദപ്പിള്ളേ! ഇങ്ങുവരൂ!

ഗോവി:—ഉത്തരവു് (പിടിവിടുവിച്ചുപോകുന്നു.)

(മാനേജരും ഗോവിന്ദപ്പിള്ളയും മറയുന്നു)

സോമ:—ഇനി ഓടട്ടെ. മാനേജരുടെ അടുക്കളയിലേക്കു് ഓടട്ടെ. ഈ ആ൦ ഇപ്പോ൦ അവിടെ പറന്നെത്തും.

(കർട്ടൻ.)

## രംഗം ൧൩.

### മാനേജരുടെ വീട്.

(സോമൻ മേശപ്പുറത്തുള്ള ഫയൽക്കെട്ടു ധൃതിയിൽ നോക്കുന്നു.)

സോമൻ:—ശരി. സ്കീം അനുവദിച്ചു. പേഴ്സണൽ അസ്സിസ്റ്റൻറിൻെറ ശമ്പളമെന്തു്! മുന്നൂററിഅൻപതു രൂപാ. ഒന്നാംതരം ശമ്പളം.

(മാനേജർ മുമ്പിലും പപ്പുക്കയ്മൾ പുറകിലുമായി പ്രവേശിക്കുന്നു. സോമൻ ഫയൽ നോക്കുകയാണു്. മാനേജർ പുറകിൽ ചെന്നുനിൽക്കുന്നു. സോമൻ ഏറുകണ്ണിട്ടു നോക്കി വിവരം അറിഞ്ഞിട്ടും ഫയൽ മറിക്കുന്നു.)

സോമൻ:—(അത്ഭുതഭാവത്തിൽ) ഇത്രയുംകെട്ടു കടലാസ്സ്, യജമാനൻ ഇവിടെ കൊണ്ടുവച്ചിട്ടു് എഴുതാത്ത ഒരു താളില്ലല്ലോ. നോക്കണെ ഒരു വേണ്ടാത്തവേല. വല്ലവരും എഴുതിയിട്ട കടലാസ്സൊക്കെ കൊണ്ടുവന്നു കെട്ടിവച്ചേക്കുക. പള്ളിക്കൂടം കൊച്ചുങ്ങളുടെ നോട്ടുബുക്കായിരുന്നെങ്കിൽ എത്ര കടലാസ്സു വലിച്ചുകീറാമായിരുന്നു.

(മാനേജർ സോമൻെറ തലക്കു ഞോട്ടുന്നു. സോമൻ, തിരിഞ്ഞുനോക്കി സംഭ്രമിച്ചു മാറിനിൽക്കുന്നു)

മാനേ:—നീ എന്തോന്നെടാ ഇവിടെ ചെയ്യുന്നതു്?

സോമ:—(തലതടവി) ഒന്നുമില്ലേ.

മാനേ:—നിനക്കു കടലാസ്സു വേണം. ഇല്ലെ? അധികപ്രസംഗി! (കയ്മളോടു്) മിസ്ററർ കയ്മൾ! നിങ്ങളുടെക്രൂടെ ഇവൻ താമസിക്കുമ്പോളും ഇത്ര ധിക്കാരി

യും താന്തോന്നിയുമായിരുന്നു. അല്ലേ? (സോമൻ കയ്മളെ നോക്കുന്നു)

പപ്പുക്കയ്മൾ:—കുറച്ചൊക്കെ അങ്ങനെയായിരുന്നു.

സോമ:—(പരിഭവസ്വരത്തിൽ) അതെ, അതേ; വല്ല പാട്ടും ഇവിടത്തെ യജമാനന്റെ അടിയും ചവിട്ടും ഏററു കഴിച്ചുകൂട്ടാമെന്നു വച്ചപ്പോൾ, പണ്ടത്തെ ഒരെജമാനൻ വന്നു്, താന്തോന്നിയാണ് ധിക്കാരിയാണു് എന്നു് ഒരു താങ്ങൽകൂടി. ഞാൻ ഉപ്പുചേക്കാൻ മറന്നുപോയിരിക്കും.

മാനേ:—(കോപത്തോടെ) ച്ഛീ! എന്തുപറഞ്ഞെടാ?

സോമ:—(വിങ്ങിയസ്വരത്തിൽ) അല്ലാതെ ഇതിനെന്തോന്നു ശേഷം പറയുന്നു, പൊന്നെജമാനേ! ഇപ്പോൾ ശീമയിൽചെന്നു രാജ്യം പിടിച്ചടക്കാൻ പോകുന്ന ഈ കൊച്ചെജമാനന്റെ കൂടെ (കൈചുരുക്കി) ഇത്ര പ്രായത്തിൽ ഞാൻ ചേന്നതാണു്. ഞാൻ വച്ചുകൊടുത്ത ചോറാണു് ഈ കാണുന്നദേഹം. എന്നിട്ടു് വെറും ഡ്രാഫിക്ക്കൺക്ലേബിൾമാരെപ്പോലെ പൂവ്വം മറന്നു പറയുന്നതു കേട്ടില്ലേ!

പപ്പു:—(സംഭ്രമിക്കുന്നു)

മാനേ:—പോടാ അപ്പുറത്തു്. മിസ്ററർ കയ്മൾ! ഇന്നു വലിയ കയ്മൾചേട്ടൻ വരുമെന്നു പറഞ്ഞിട്ടുണ്ടു്. കണ്ടില്ലല്ലോ. ഉച്ചവണ്ടിക്കുവരുമെന്നു വിചാരിച്ചാണു ഞാൻ വെളിയിൽ എങ്ങും ഇറങ്ങാതെ ഇരുന്നതു്.

ഒന്നിറങ്ങിയിട്ടുവരാം. (സോമനോട്) എടാ, തിരുവാഴ്ത്താനെ! കയ്മളദ്ദേഹം വന്നാൽ കുളിക്കാനോ കാപ്പികുടിക്കാനോ ഒക്കെ ശരിയാക്കികൊടുക്കണം. (പോകുന്നു)

സോമ:—എന്തു്, കയ്മളെ! താൻ എനിക്കെത്രരൂപ കയ്ക്കൂലിതന്നാൽ മതിയാകും? ഒരു ഇളമുറത്തമ്പുരാനു കിട്ടേണ്ട ബന്ധമല്ലെ, ഞാൻ ചുളുവിൽ തട്ടിയെടുത്തു തന്നതു്.

പപ്പു:—അതെ. അതെ. അമ്മാവൻ ഇപ്പോഠം വരുമ്പോഠം ഞാൻ എന്തുമറുപടിയാണു പറയേണ്ടതു്? അന്നു സംബന്ധത്തിനു വല്ലവിധത്തിലും കഴിച്ചുകൂട്ടി. നമ്മുടെ പഠിത്തത്തിൻെറ പരമാൎത്ഥവും ഉദ്യോഗപ്പേരും പറഞ്ഞാൽ മാനേജരദ്ദേഹം പാളയം ലാക്കപ്പിൽ ആക്കിക്കും.

സോമ:—അങ്ങനെ പോയാൽ കൂടെവരുവാൻ അദ്ദേഹത്തിൻെറ സഹോദരികൂടി ഉണ്ടല്ലോ. താൻ പരമഭാഗ്യവാൻ. മററുള്ളവർ ഇതാ അടുക്കളയും എച്ചിൽകലവുമായികഴിയുന്നു.

(കമലമ്മ പ്രവേശിക്കുന്നു.)

കമലം:—എന്തു രാമാ! നീ ഇവിടെനിന്നു സൊള്ളുകയാണു്. അല്ലേ? ശവമേ! (കയ്മളോടു്) ഞാൻ അവിടെ ഒരു കാൎയ്യം പറഞ്ഞേക്കാം. ചെറുപ്പത്തിലെ കൂടെവന്ന വാല്യക്കാരൻ ആണെങ്കിലും ശരി, വാല്യക്കാ

രെ ഒരത്തുത്തിക്കകെത്തേ നിത്താവു. അല്ലെങ്കിൽ വി വരംകെട്ട ഈൗവകകക്കാർ തലയിൽ ചാടിക്കയെറും.

സോമ:—അതേ. കൊച്ചമ്മമാർ വന്നുചേരുന്നതു്, വാല്യക്കാരുടെ രാഹു തുടങ്ങുമ്പോളാണെന്നു് എനിക്കറിയാം. മാനേജർയജമാനൻ സംബന്ധം ചെയ്യുമ്പോൾ ഞാൻ അവിടെ പൊയ്യ്ക്കൊള്ളാം.

കമ:—ശരിയായി. ആ ധിക്കാരിപ്പെണ്ണിൻെറ കൂടെ നീ ചേരും. അവളുടെ ഭാവമോ? വൈശ്രവണൻ തിരുമനസ്സിലെ പ്രിയപുത്രിയാണെന്നാണു് ആ ശവത്തിൻെറ ഭാവം. ഞാൻ നോക്കിയിട്ടു് അത്ര ഞെളിയുവാൻ ഒരു കാൎയ്യവും കാണുന്നില്ല. ഒരു കയ്ക്കൂലിപ്പാപി അച്ഛൻ കള്ളനെല്ലുളനു് കംറ ഒക്കെ ഉണ്ടാക്കിയിട്ടുണ്ടു്. എന്നല്ലാതെ അതു് അധികനാൾ നീണ്ടുനില്ക്കുമെന്നു തോന്നുന്നില്ല.

സോമ:—കൊച്ചമ്മയ്ക്കു് എല്ലാവരേയും ഒരു പുച്ഛം.

കമ:—ഛേ! എന്തുപറഞ്ഞെടാ! നീ ഉടക്കുവാക്കു പറയാറുമായോ?

പപ്പു:—അവൻെറ നാക്കു ചീത്തയാണു കമലം! കൊച്ചുന്നാളിലേ ഉള്ള ഒരു ദൂഷ്യമാണു്.

സോമ:—എന്നാൽ കൊച്ചങ്ങുന്നു ദയവുണ്ടായി എന്നെ ഡ്രാഫിക്കിൽ ചേത്തേക്കണം. (കയ്മളെ നോക്കുന്നു. കയ്മൾ പരിഭ്രമിക്കുന്നു.)

കമ:—ട്രാഫിക്കിൽ ഇവനെ ഒരു കാൺസ്റ്റബിൾ ആക്കിയേക്കാം. ഈൗ ശവത്തിനു് ആ ശേവുകമാണു ചേ

രുന്നതു്. അവിടുന്നു സൂപ്രണ്ടിനോടോ മറ്റോ പറഞ്ഞു്, അതൊന്നു സാധിച്ചുകൊടുക്കണം. ശവം, പോയി തൊലയട്ടെ.

സോമ:—അങ്ങനെ പറയണം കൊച്ചമ്മാ. അങ്ങുന്നു വിചാരിച്ചാൽ ട്രാഫിക്കിലെ കാര്യത്തിൽ തീരെ സംശയിപ്പാനില്ല. അങ്ങത്തേക്കു് അവിടെ അത്ര പിടിയാണു്.

പപ്പു:—വരൂ, കമലം; നമുക്കകത്തേക്കു പോകാം.

(രണ്ടുപേരും പോകുന്നു.)

സോമ:—ബലേ! അതാ പോകുന്നു തിരുവിതാംകൂറിലെ ഒരു ട്രാഫിക്ക് കാൺസ്റ്റബിളും അദ്ദേഹത്തിന്റെ മിസ്സിസ്സ് കാൺസ്റ്റബിളും.
ഹിപ്പ് ഹിപ്പ് ഹുറൈ, ഹിപ്പ് ഹിപ്പ് ഹുറൈ.

(കർട്ടൻ.)

---

## രംഗം ൧൪.

### ഭക്തിവിലാസം താഴെമുറികളിൽ ഒന്നു്.

(സോമൻ യൂറോപ്യൻവേഷത്തിൽ ഇരുന്നു പത്രം വായിക്കുന്നു. ഡവലപ്പ്മെൻറു കമ്മീഷണർ നിശ്ശബ്ദപാദനായി അടുത്തെത്തി ഒരു കസാലയിൽ ഇരിക്കുന്നു.)

കമ്മീഷണർ:—(പതുക്കെ ഒരു ശിപായിയെ ആംഗ്യം കാണിച്ചു വിളിക്കുന്നു. ശിപായി പ്രവേശിക്കുന്നു.)

കമ്മീഷ:—(ഒരു കാർഡ് എടുത്തു കൊടുത്തു) ഈ കാർഡ് മുകളിൽ കൊണ്ടുകൊടുക്കൂ.

ശിപായി:—നിവൃത്തിയില്ല. ദിവാൻജിയജമാനൻ ഇന്നു് ആരെയും കാണുന്നില്ല. കാർഡ് വാങ്ങിക്കൂടെന്നു പ്രൈവററു് സെക്രട്ടറിയജമാനൻ പറഞ്ഞിട്ടുണ്ടു്.

കമ്മീ:—ഇതൊന്നു കൊണ്ടുകൊടുക്കണം

ശിപായി:—നിവൃത്തിയില്ലെന്നു പറഞ്ഞപ്പോഠം?

സോമ:—(കടലാസ് താഴ്ത്തി, കമ്മീഷണരേയും ശിപായിയേയും നോക്കി) കൊണ്ടുകൊടു് ജൽദി

ശിപായി:—ഉത്തരവു്. (വാങ്ങിക്കൊണ്ടു പോകുന്നു.)

കമ്മീ:—(സങ്കോചത്തോടെ) സാർ! ഞാൻ അറിയുന്നില്ല.

സോമ:—(കടലാസ്സിൽനിന്നും കണ്ണെടുക്കാതെ) ഓ. ഞാൻ ഒരു മലയാളി. ഡിവാണുമായി സ്വല്പം പരിചയമുണ്ടു്.

കമ്മീ:—എന്തായിരിക്കുമോ വന്നതു്!

സോമ:—ഇല്ലാ. കേപ്പിൽ ഒരാഴ്ച താമസിക്കാൻ വന്നു. ഡിവാൺ എങ്ങനെയോ അറിഞ്ഞു. കാർ അയച്ചു. ഇവിടെ വന്നിട്ടു രണ്ടുമൂന്നു ദിവസമായി.

കമ്മീ:—സ്ഥിരതാമസം?

സോമ:—ഡൽഹിയിൽ. ഒരു ന്യൂസ്പേപ്പർ ബിസിനസ്സിൽ (അഭിമുഖംനോക്കി) നിങ്ങൾ സ്റ്റേററിലെ ഒരാഫീസർ ആയിരിക്കും!

കമ്മീ:—എസ്സ്, സർ; ഞാൻ ഡവലപ്പ്മെൻറ് കമ്മീഷണരാണ്.

സോമ:—ഓ. ശരി. ഇപ്പോൾ ഒരു പുതിയ സ്കീം അയച്ചിട്ടുണ്ടല്ലോ. അതെ. ഡിവാൺ നിങ്ങളെപ്പററി വളരെ പ്രശംസിച്ചു പറഞ്ഞു. ഓക്കുന്നു. ഓക്കുന്നു.

കമ്മീ:—മെനി ഹംബിൾതാംക്സ് സർ, ഞാൻ ആദ്യം സർവ്വീസ്സിൽ പ്രവേശിച്ചതു് ആയിരത്തിഎഴുപത്തെട്ടിലാണ്. എന്നേക്കാൾ രണ്ടുവർഷം കഴിഞ്ഞു പ്രവേശിച്ചതാണു കെ. എസ്സ്. ഞാൻ ആക്ടിംഗുമജിസ്റ്റ്രേട്ടായിരിക്കുമ്പോൾ—

സോമ:—അതെ. അതൊക്കെ, ആ മെമ്മോറിയലിൽ പറഞ്ഞിട്ടുണ്ടല്ലോ.

കമ്മീ:—(സംതൃപ്തനായി) സാർ ആ മെമ്മോറിയൽ കണ്ടു. ഇല്ലെ?

സോമ:—അതാണല്ലോ നിങ്ങൾക്കു ഇരുന്നൂറുരൂപ ശമ്പളക്കൂടുതൽ കിട്ടുമെന്നു ഞാൻ ഉറപ്പുപറയുന്നതു്.

കമ്മീ:—മെനിമെനി സിൻസിയർലി ഹംബിൾ താം ക്സ് സർ

(ശിപായി പ്രവേശിക്കുന്നു)

ശിപായി:—യജമാനനെ വിളിക്കുന്നു.

സോമ:—എന്നെയോ കമ്മീഷണരെയൊ?

ശിപാ:—അല്ല. യജമാനന്നെ.

സോമ:—ഓ, ബോദർ! ഞാൻ ഒരു ഫ്രണ്ടുമായി സംസാരിച്ചുകൊണ്ടിരിക്കുകയാണെന്നു പറയൂ. അല്ലെംകിൽ ഡിവാൺ ഇങ്ങു വരാൻ പറയൂ

കമ്മീ:—അയ്യോ, സാർ—

സോമ:—ഓ, ശരിതന്നല്ലൊ. പക്ഷെ ഡിവാൺ വളരെ നല്ലവനാണ്. ആകട്ടെ ഞാൻ പോകാം. ഒട്ടും ഭയപ്പെടേണ്ട. (പോകുന്നു.)

കമ്മീ.—(ശിപായിയോടു്) ഇവർ വലിയ സ്നേഹിതന്മാർ ആണ്. അല്ലേ?

ശിപായി: ആരു്?

കമ്മീഷ:—ഇദ്ദേഹവും ഡിവാണും.

ശിപായി:—കൊള്ളാം. ഒരു കുഴിയിൽ ചാകാൻ ഇരിക്കുകയല്ലേ. വന്നതിൽപിന്നെ, രണ്ടുപേരുംകൂടി എഴുതുകയും വലിച്ചുകീറുകയും പിന്നെയുമെഴുതുകയുമൊക്കെയാണ്. പല ഉദ്യോഗസ്ഥന്മാരുടെയും പേരുകൾ ഇംഗ്ലീഷിൽ പറയുന്നതു കേൾക്കാം.

കമ്മീഷ:—ആങ്ഹാ! എന്റെ പേർ പറയുന്നതു കേട്ടോ?

ശിപായി:—(ഓൎമ്മനടിച്ചു്) കേട്ടു. കേട്ടു "കമ്മീഷണർ ഗ്രഡ്ഡ്, മാനേജർ ബാഡ്" എന്നൊരിക്കൽ ദിവാൻജിയജമാനൻ ഉത്തരവായി.

കമ്മീ:—(ശ്രദ്ധയോടെ) എന്തു ! എന്തുപറഞ്ഞു? "കമ്മീഷണർ ഗുഡ്" എന്നോ! ശരി, ശരി. ദയവുള്ള ആളാണെ. മാനേജരെപ്പററി അപ്പോൾ അങ്ങനെയാണോ അദ്ദേഹത്തിൻെറ അഭിപ്രായം!

ശിപായി:—ഇന്നാളിൽ മാനേജരദ്ദേഹം ഇവിടെ കാണാൻ വന്നിരുന്നല്ലോ. ദിവാൻജിയജമാനൻ ഉറക്കെ എന്തൊക്കെയോ തട്ടിക്കേറുന്നതു കേട്ടു. (ചെവി ഓൎമ്മിച്ചു്) എന്നെ വിളിക്കുന്നു. (പോകുന്നു)

കമ്മീ:—ആങ്ഹാ. അപ്പോൾ ആ ഡംഭാചാരി ശേഖരൻനായർ എന്നെ ചതിക്കുകയായിരുന്നല്ലോ. അയ്യോ! ഞാൻ പേഴ്സണൽഅസിസ്റ്റൻറായി അയാൾ വേണമെന്നെഴുതിയിരുന്നെങ്കിൽ നമ്മുടെ ശമ്പളക്കൂട്ടുതലും പോകുമായിരുന്നല്ലോ. (ശിപായി പ്രവേശിച്ചു് ഒരു തുണ്ടുകടലാസു് കമ്മീഷണരുടെ കയ്യിൽ കൊടുക്കുന്നു.)

കമ്മീ:—(അതു വാങ്ങി കണ്ണാടി മൂക്കിൽവച്ചു വായിക്കുന്നു) "യുനീഡ്നോട്ടു് സീ ദി ഡിവാൺ. എവരിതിങ്ങ് ആൾ റൈററ്" ഇതാരുതന്നെടൊ?

ശിപായി:—ഇവിടെനിന്നും പോയ യജമാനൻ.

കമ്മീ:—അദ്ദേഹം എന്തുചെയ്യുന്നു?

ശിപാ:—രണ്ടുപേരുംക്രൂടി വലിയ വൎത്തമാനം.

കമ്മീ:—ശരി. എന്റെ വണ്ടിവിളിക്കേ. ഞാൻ പോയേക്കാം (പോകുന്നു)

(സോമൻ പ്രവേശിക്കുന്നു.)

(സോമൻ ഒരു മുണ്ടും ഷർട്ടും മാത്രം. ഹാറവും ബൂട്സും ഒക്കെ കെട്ടി കക്ഷത്തിൽ വച്ചിരിക്കുന്നു.)

സോമ:—ശിപായിഅണ്ണാ! അദ്ദേഹം പോയോ?

ശിപായി:—പോയി. താൻ ഇനി ഉപദ്രവിക്കാൻ വന്നേക്കരുതു്. ഗോവിന്ദപ്പിള്ളഅദ്ദേഹം പറഞ്ഞതുകൊണ്ടു് ഞങ്ങൾ ഇത്രയും വേഷംകെട്ടി.

സോമ:—പൊന്നണ്ണാ! വിചാരിച്ചകാര്യം ഇത്തവണ പററിയില്ലെങ്കിൽ ഇനിയും വരുമേ.

ശിപായി:—പോവൂ, ക്രവേ. ആണുങ്ങൾ വല്ലവരും വന്നേക്കും.

(കർട്ടൻ)

---

## രംഗം ൧൫.

ധവലപ്പുമെൻറുകമ്മീഷണരുടെ വസതി.

(കമ്മീഷണർ ഫയൽനോക്കിക്കൊണ്ടിരിക്കുന്നു.
ഗോവിന്ദപ്പിള്ള ഓടിച്ചെല്ലുന്നു.)

ഗോവിന്ദപ്പിള്ള:—ഭക്തിവിലാസത്തെ കാറിൽ ഒരാൾ ഈ നടയിലിറങ്ങി.

കമ്മീഷണർ:—(ഞെട്ടിഎഴുന്നേററു്) ഭക്തിവിലാസത്തെ കാറിലോ! ഈ നടയിലോ! (മുന്നോട്ടുനടക്കുന്നു. സോമൻ യൂറോപ്യൻവേഷത്തിൽ പ്രവേശിക്കുന്നു.)

സോമൻ:—ഗുഡ്മാർണിങ്ങ് കമ്മീഷണർ!

കമ്മീ:—(താണു്) എസ്സ് സർ.

(പരിഭ്രമിച്ചു് ഒരു കസേര ഒരുക്കുന്നു.)

സോമ:—(ഇരിക്കുന്നു) സിററ്ഡൌൺ പ്ലീസ്.

കമ്മീ:—എസ്സ് സർ. (ഇരിക്കുന്നു)

സോമ:—ഞാൻ ഒരു ദൂതനായിവന്നിരിക്കയാണു്. ഹാ-ഹാ. ഹാ!

കമ്മീ:—എസ്സ് സർ. മെനി മെനി താംക്സ്.

സോമ:—കംമ് ഓൺ (രണ്ടുപേരും തമ്മിൽ മന്ത്രിക്കുന്നു)

കമ്മീ:—(കടലാസ്സെടുത്തു കുറിക്കുന്നു) എസ്സ് സർ.

സോമ:—ആൾറൈററ്. ഞാൻ പോകുന്നു.

കമ്മീ:—ഞാൻകൂടെ പടിക്കലേക്കു വരുന്നുണ്ടു്.

സോമ:—യു, ഷുഡ്നോട്ടു്.

(പോകുന്നു)

കമ്മീ:—(ആത്മഗതം) ശരി. അപ്പോൾ കെ. സോമൻനായർ ബി. ഏ.; വിചാരിപ്പുകാരുടെ വീട്ടിൽ താമസം. ആരായിരിക്കുമോ ഈയാൾ? ഡിവാൻെറ അടുത്തു് ഈ സോമൻനായൎക്കു പിടി എന്തായിരിക്കും! എന്തായാലും നമുക്കു സന്തോഷമായി. നമ്മുടെ വിചാരിപ്പുകാരുടെ ആരോ ആണല്ലോ. (പ്രകാശം) ഗോവിന്ദപ്പിള്ളെ! വിചാരിപ്പുകാരുടെ വീട്ടിൽ ഒരു ചെറുപ്പക്കാരൻ താമസം ഉണ്ടോ?

1904

ഗോവി:—ഉത്തരവു്. ആ കുട്ടിയെ ഒരു സോമൻനായർ സംബന്ധംചെയ്യുന്നു.

കമ്മീ:—ശരിശരി. അതാണു്, എന്തായാലും വിചാരിപ്പുകാർ ഭാഗ്യമുള്ളവനാണു്.

ഗോവി:—അതു പിന്നെ പറയണോ. ധാരാളം സമ്പാദ്യമില്ലേ?

കമ്മീ.—അതല്ല. ആ കുട്ടിയുടെ സംബന്ധക്കാരൻ അത്രയോഗമുള്ളവനാണു്. എനിക്കും വലിയ സന്തോഷമായി. വിചാരിപ്പുകാൎക്കു് ഇങ്ങനെ ഒരു സഹായം ചെയ്യുന്നതിനു്, ഞാൻ കാരണക്കാരൻ ആകുന്നല്ലോ. (ഡി. ഒ. എഴുതുന്നു).

പ്യൂൺ! (ശിപായി പ്രവേശിക്കുന്നു.)

കമ്മീ:—ഈ കവർ കൊണ്ടുചെന്നു് ഉടൻ ഭക്തിവിലാസത്തു കൊടുക്കു. മനസ്സിലായോ?

ശിപായി:—ഉത്തരവു്.

കമ്മീ:—പ്രൈവററു് സെക്രട്ടറിയുടെ കയ്യിൽതന്നെ കൊടുക്കണം.

ശിപായി:—ഉത്തരവ് (കവർ കൊടുക്കുന്നു. ശിപായി പോകുന്നു.)

കമ്മീ:—കാര്യമെല്ലാം ശരിയായെന്നു വിചാരിപ്പുകാരോടു പറഞ്ഞേക്കണം.

ഗോവി:—ഉത്തരവ്. ഏതു കാര്യമെന്ന്—

കമ്മീഷ:—താൻ ഇതു പറഞ്ഞാൽ മതി.

ഗോവി:—ഇതു കേട്ടാൽ ഉടൻ, സുഖമില്ലെങ്കിലും അദ്ദേഹം ഇവിടെ എത്തും. യജമാനെപ്പററി അത്ര കാര്യമാണ്.

കമ്മി:—എനിക്കങ്ങോട്ടോ! എൻെറ ഈ കെട്ടിടം വയ്ക്കുന്നതിന് എന്നെ അദ്ദേഹം എത്രസഹായിച്ചിട്ടുണ്ടെന്നറിയാമോ.?

(മാനേജർപ്രവേശിക്കുന്നു.)

കമ്മി:—വരു നായരെ.

മാനേജർ:—(ഗോവിന്ദപ്പിള്ളയെനോക്കി) താൻ എന്തിനു വന്നു, അദ്ദേഹത്തിൻെറ സമയം മിനക്കെടുത്തുന്നൊടൊ?

കമ്മീ:—മാനേജർ! എൻെറ വീട്ടിൽവരുന്നവരോടു കാര്യങ്ങൾ ചോദിക്കേണ്ടതുഞാനാണ്.

മാനേ:—(അത്ഭുതാധീനനായി) അല്ലാ, ഞാൻ പറയുന്നതു്.—

കമ്മീ:—ഒന്നും പറയേണ്ടാ. നിങ്ങൾ എന്തിനുവന്നു?

മാനേ.—എനിക്കു് ഒരു കാര്യംപറയുവാനുണ്ടായിരുന്നു. ഈ ഗോവിന്ദപ്പിള്ളയുടെ പേപ്പർ ഉത്തരവിട്ടില്ലേ?

കമ്മീഷ:—നിങ്ങൾ എന്നോടു ചോദിക്കാറായോ.? ഞാൻ

മാനേജരും നിങ്ങൾ കമ്മീഷണരുമായിരിക്കും. ഈ ഉത്തരവുതരാനാണോ ഇങ്ങോട്ടുവന്നതു്! പൊയ്യ്ക്കൊള്ളൂ. പക്ഷെ കുറച്ചു സൂക്ഷിച്ചിരിക്കണം.

മാനേ:—(അത്ഭുതാധീനനായി) ഇവിടുന്നു് ഏതോ ഏഷണികേട്ടു.—

കമ്മീ:—(കോപിച്ചു്) എന്തുപറഞ്ഞു.?

മാനേ:—എനിക്കുരഹസ്യമായി കുറെ കാര്യങ്ങൾ പറയാനുണ്ടു്.

കമ്മീ:—സമയമില്ല. പൊയ്യ്ക്കൊള്ളണം.

മാനേ:—എന്റെകാര്യം.

കമ്മീ:—അതു് ആഫീസിൽ(പോകുന്നു.)

ഗോവി:—അപ്പോൾ ഈ നിന്ദ നമ്മുടെ ആഫീസിലെല്ലാവക്കുമുള്ള ഒരു രോഗമാണ്. അല്ലെ അങ്ങുന്നെ?.

മാനേ:—കീപ് കഫയററ്. ഞാനിതിനു പകരം ചോദിച്ചേക്കാം.

ഗോവി:—മറയത്തരം ഒന്നുംകാണിക്കരുതെ. വല്ലതും തട്ടിക്കേറാനുണ്ടെങ്കിൽ എന്നോടോമറേറാ ആയിക്കൊള്ളണം.

മാനേ:—സൂക്ഷിച്ചു സംസാരിക്കുവെടോ,

(പോകാൻതുടങ്ങുന്നു.)

ഗോവിന്ദ:—ഇതുകൊണ്ടും ആയില്ലെന്നാണു തോന്നുന്നതു്. എന്തോ കൂടുതൽ ആപത്തുവരുവാനുള്ള ലക്ഷണംകാണുന്നുണ്ടു്.

(കർട്ടൻ.)

---

## രംഗം ൫൬.

(മാനേജരുടെ വസതി. പപ്പൂക്കയ്മളും സോമനും.)

സോമൻ:—(മുറിതൂക്കുന്നു.) അങ്ങോട്ടു മാറിനിൽക്കു കയ്മ ളെ! യജമാനൻ കച്ചേരിയിൽനിന്നു വരാറായി.

പപ്പൂക്കയ്മൾ:—ഞാൻ ഇനി എന്തുചെയ്യണമെടോ? എ ൻെറ അവധിതീരാറായി.

സോമ:—തനിക്കവധിതീൎന്നാലെന്തു്, ആയുസ്സുതീൎന്നാലെ ന്തു്! സുഖമായിരുന്നുണ്ണരുതോ? (മുറിതൂക്കുന്നു.)

കമലം:—(പ്രവേശിച്ചു്)ഛര: പൊടിയാക്കാതെതൂക്കെടാ. കൊച്ചുയജമാനൻ നില്ക്കുന്നതു കണ്ടില്ലേ? അധിക പ്രസംഗി

(മാനേജർ പ്രവേശിക്കുന്നു.)

മാനേജർ:—(കോപത്തോടെ) റാസ്കൽസ്. ദ്രോഹികൾ വീട്ടിൽവരുമ്പോൾ തുറപ്പയാണു ശകുനം (സോമനോ ട്) എന്തെടാ, ഇവിടം നേരത്തേ തൂക്കാഞ്ഞതു്? ഗു രുത്വമുള്ള ഒരെണ്ണം ഈ വീട്ടിലില്ല. വെറുതേയാ ണോ പോകുന്നെടത്തെങ്ങും ഗുണം പിടിക്കാത്തതു്.

സോമ:—വീട്ടിൽ വന്നുകയറുമ്പൊഴാണോ പൊന്നുയജമാ നനേ ശകുനം.

മാനേ:—ച്ഛീ. റാസ്കൽ, എന്തു പറഞ്ഞു നീ? കയ്മകളെ! നിങ്ങൾ വന്നതിൽ പിന്നെ, ഇവൻ വലിയ ധിക്കാരി യായിപ്പോയി. വാല്യക്കാരെ നിറുത്തേണ്ടതിങ്ങനെ യല്ല. എല്ലാം പിഴച്ചിട്ടാണു് ഇവിടെ. വെറുതെ

യാണോ പേഴ്സണൽ അസിസ്റ്റൻറുദ്യോഗം ഭാഗ്യമുള്ളവരാരോ തട്ടിക്കൊണ്ടു പോയതു്!

സോമ:—അതിനു പാവപ്പെട്ട രാമനെന്തു പിഴച്ചു അങ്ങുന്നേ?

മാനേ:—(സോമനെ അടിക്കുന്നു. സോമൻ കൈകൊണ്ടു തടുക്കുന്നു) എന്തെടാ ഇതിനും കാലമായോ? (വീണ്ടും അടിക്കാൻ ഓങ്ങുന്നു. സോമൻ പിടിച്ചു തള്ളിയിട്ടു കടക്കുന്നു)

മാനേ:—അവനെ പിടിക്കു കയ്മളെ. ആ റാസ്കൽ ഇന്നു പോലീസ്സ് സ്റ്റേഷനിൽ—പിടിക്കു അവനെ.

(കയ്മൾ പോകുന്നു)

കമലം:—അണ്ണനെന്തു പററി?

മാനേ:—ആ പേഴ്സണൽ അസിസ്റ്റൻറു ഉദ്യോഗം ന്യായമായി എനിക്കു കിട്ടേണ്ടതാണു്. അതിനു ഒരു സോമൻനായരെയോഎത്തുകോമട്ടിയെയോനിയമിച്ചിരിക്കുന്നു. കമ്മീഷണക്കു രണ്ടുദിവസമായി എന്നോടു വലിയ വിരോധം.

കമ:—അണ്ണനോടോ? അണ്ണനുവേണ്ടി ഒന്നുംചെയ്യാൻ ആരും ഈ രാജ്യത്തിലില്ലേ?

മാനേ:—ഏയ്! അതൊക്കെ ഞാൻ പറഞ്ഞുകൊണ്ടുനടന്ന പൂച്ചുവിദ്യകൾ അല്ലായിരുന്നോ?

(ഗോവിന്ദപ്പിള്ള പ്രവേശിക്കുന്നു)

മാനേ:—എന്തെടോ താൻ വന്നതു്? താനും എന്നെ തള്ളിയിടാനോ എൻെറ ചെകിട്ടത്തടിക്കാനോ വരുകയായിരിക്കും.

ഗോവി:—അല്ല സാർ. വിചാരിപ്പുകാരദ്ദേഹത്തിൻെറ വീട്ടിൽ നാളെ ഒരു വിശേഷമുണ്ട്. അക്കാര്യം ഇവിടെവന്നു പറയണമെന്നു പറഞ്ഞു.

മാനേ:—എന്തു വിശേഷം?

ഗോവി:—അദ്ദേഹത്തിൻെറ മകൾ കുട്ടിയുടെ വിവാഹത്തിനുള്ള നിശ്ചയം.

കമ:—ആരു്?

ഗോവി:—ഒരു സോമൻനായർ എന്ന ആൾ.

മാനേ:—ശരി-ശരി. ആങ്ഹാ! സോമൻനായരോ! അയാൾക്കു ജോലി?

ഗോവി:—ഇന്നലെ ഏതോ ഒരുദ്യോഗം കിട്ടി എന്നു കേട്ടു.

മാനേ:—അതെ. അവനായിരിക്കും പേഴ്സണൽ അസിസ്റ്റൻറു്.

(സോമൻനായർ പ്രവേശിക്കുന്നു)

സോമ:—അതെ. മിസ്റ്റർ നായർ. ഞാൻതന്നെയാണു് പേഴ്സണൽ അസിസ്റ്റൻറ്. വിവാഹനിശ്ചയത്തിന നിങ്ങളെ ക്ഷണിക്കുവാനാണു ഞാൻ വന്നിരിക്കുന്നതു്.

കമ:—അയ്യോ! ഇതു നമ്മുടെ രാമനല്ലേ!

സോമ:—അതെ കൊച്ചമ്മ. രാമനും സോമനും തമ്മിൽ ഒരക്ഷരത്തിൻെറ വ്യത്യാസമല്ലേ ഉള്ളു. അതുപോലെതന്നെ അരിവയ്പുകാരനും പേഴ്സണൽ അസിസ്റ്റൻറും തമ്മിൽ.

(മാനേജർ സ്തബ്ധനായി നിൽക്കുന്നു)

സോമ:—നാളെ നേരത്തെ വരണം. അതു കഴിഞ്ഞാണു ഞാൻ ആഫീസിൽ ചാർജ്ജെടുക്കാൻ വരുന്നതു്. ഓ. നമ്മുടെ ആഫീസ്സിലെ രണ്ടുപേർ ഇവിടെയുണ്ടല്ലോ. ഗോവിന്ദപ്പിള്ളച്ചേട്ടാ! പത്തുമണിക്കു ആഫീസ്സിൽ ഹാജരായിക്കൊള്ളണം. മിസ്റ്റർ നായർ ഈ പാവത്തിനോടു ക്ഷമിച്ചേക്കണം. കൊച്ചമ്മ! രാമൻ പോയിവരട്ടെ. അല്ലെങ്കിൽ ഗോവിന്ദപ്പിള്ളച്ചേട്ടൻ ഇറങ്ങണം. എനിക്കു മാനേജരോടു ഒരു കാര്യം പറയാനുണ്ടു്.

(ഗോവിന്ദപ്പിള്ള പോകുന്നു)

സോമ:—(മാനേജരുടെ കൈക്കു പിടിച്ചു) മിസ്റ്റർ നായർ! നമുക്കു് ഇനി ഒരു വലിയ കാര്യം കിടക്കുന്നു. നിങ്ങളുടെ സഹോദരിയുടെ ഭർത്താവു്—നമ്മുടെ കൊച്ചുകയ്മൾ—സ്വത്തു ധാരാളമുണ്ടു്. അയാൾക്കിപ്പോൾ ഒരു ചെറിയ ഉദ്യോഗമുണ്ടു്. ചെറുതാണു്. അതിൽനിന്നൊരു പ്രമോഷൻ കൊടുപ്പിക്കണം. ഞാൻകൂടി പണിയാം. അല്ലെങ്കിൽ അതു കളഞ്ഞിട്ടു്, ബി. ഏ.-ക്കു വായിക്കുവാൻ പറയണം. ഇപ്പോൾ അയാളുടെ ലാവണം ഒരു ട്രാഫിക്ക്കാൺസ്റ്റബിളായിട്ടാണു്. അതു നമുക്കു ശരിയാക്കണം. വളരെ സന്തോഷം. (പോകുന്നു)

(മാനേജരും കമലവും സ്തബ്ധരായി നിൽക്കുന്നു.)

(കർട്ടൻ)

---

KRISHNA VILASAM ... MALAYA...

## രംഗം ൧൨.

### വിചാരിപ്പുകാരുടെ വീട്.

(സോമൻ ആഫീസ്സിൽ പോകുവാനുള്ള വേഷത്തിൽ, ഗോവിന്ദപ്പിള്ള, പങ്കജം)

സോമൻ:—അണ്ണാച്ചി ഇങ്ങു് ഇറങ്ങി വന്നില്ലെ! വിചാരിപ്പുകാരദ്ദേഹത്തെ ബുദ്ധിമുട്ടിക്കുകയായിരിക്കും.

ഗോവി:—വരാറായി. അവിടെ ആശീൎവ്വാദങ്ങളുംമററും നടക്കുന്നു.

(ചെട്ടിയാർ ദേഹം മുഴുവൻ ചന്ദനവും പൂശി, രണ്ടുമൂന്നു പട്ടുംകെട്ടി, ഒരു വലിയ ഹാരവും കഴുത്തിലിട്ടു പ്രവേശിക്കുന്നു)

ചെട്ടിയാർ:—സന്തോഷം; റമ്പസന്തോഷം. എനക്കു് ഇനിമേൽ കടയും വേണ്ടാം കച്ചവടവും വേണ്ടാം. എൻവാണാൾ ഇനിമേൽ യശമാനുടയ താസനായി കഴിഞ്ഞാൽ പോതും. മുരുകൻ അന്ത രണ്ടു പൊണ്ടാട്ടിക്കാറൻ അന്ത കുമാരകോവിലപ്പൻ അവനാൽ താൻ ഇന്ത പാക്യം വന്തതു്. യശമാനുടെയ യോകവും അല്ലാ ഇന്ത കൊച്ചമ്മയുടെ യോകവുമല്ലാ. ഇന്ത അടിമയുടെ യോകം താൻ യോകം.

സോമ:—ഭാഗ്യം വന്നതു കൊള്ളാം. ഇനി വഴിയിൽവച്ചു കാണുമ്പോൾ കഴുത്തിനു കുത്തിപ്പിടിക്കരുതു്. അതു മാത്രം ചെയ്താൽ മതി.

കച്ചവ:—(തലകുലുക്കി) കെട്ടിക്കാരൻ മേതാവി! എന്നെ എപ്പടി എല്ലാം താൻ ഏമാററിപ്പോട്ടാർ. നാം

പൈത്ര്യക്കാരനാം. എന്നാവിനെന്തെ! പൊല്ലാത്ത ആ ശാമി.

സോമ:—ഒരു കാർ വന്നു നിന്ന ശബ്ദം കേട്ടല്ലോ. ആരായിരിക്കും അതു്?

പങ്ക:—ഇവിടുത്തെ കാർ ആയിരിക്കും.

(പപ്പുക്കയ്മളും കമലവും പ്രവേശിക്കുന്നു.)

സോമ:—വരണം, വരണം, കയ്മളങ്ങുന്നെ! കള്ളൻ എന്നെ കളിപ്പിച്ചു. അല്ലേ? വളരെ മുൻപെ, നിങ്ങൾ ട്രാഫിക്ക് ഉദ്യോഗം രാജിവച്ചു. എന്നെ ആദ്യമായി ഈ ലോകത്തിൽ ഒരാൾക്കു കളിപ്പിക്കുവാൻ കഴിഞ്ഞു. ഭദ്രകാളിയേയും പിശാചു പിടിക്കും.

പപ്പുക്കയ്മൾ:—നിങ്ങളുടെ ഭാഗ്യത്തിൽ എനിക്കും കമലത്തിനും നിവ്യാജമായ ആനന്ദമുണ്ടു്. ഞാൻ ഇന്നു വൈകുന്നേരം ശീമക്കു പോകുന്നു. അതിനു യാത്ര ചോദിക്കുവാൻകൂടെയാണു വന്നതു്. നാം രണ്ടും ഭൃത്യജോലിയിൽ പ്രവേശിച്ചു. രണ്ടുപേരും കുറെ ഒക്കെ പഠിച്ചു. അല്ലേ?

സോമൻ:—വളരെ നന്നു്. പണമുള്ള ആളുകൾ ഇവിടെ കിടന്നു ബീ. ഏ. യോ എം. എ യോ ജയിച്ചു്, മററുള്ളവൻെറകൂടെ ഉദ്യോഗത്തിനു തല്ലാതെ ശീമയിലുമൊക്കെ പോകണം.

ചെട്ടിയാർ:—ആമാം. ശരിയായ യോശനൈ. നമുക്കു് അന്നംഅളിക്കും പൊന്നുതമ്പുരാൻ വിജയംചെയ്തു തിരുമ്പി വന്ത ശീമൈ അല്ലവാ അതു്.! നമ്മുടെയ പൊന്നുതമ്പുരാനിക്കു് വേണ്ടിയ മരിയാതൈചെയ്തു്,

നമ്മുടെ രാജ്യത്തുക്ക വേണ്ടിയ കൂടുതൽമഹിമെ ഉണ്ടാക്കിന പെരിയ ചക്രവത്തി അരശാളക്കൂടിയ നാടല്ലവാ അതു്! അങ്കെ, താൻ പോകവേണം. അപ്പൻ പെരിയ സ്ഥാനമാനങ്കളുടൻ തിരുമ്പിവരവേണം. മുരുകൻ തുണൈയായിരിപ്പാർ.

പങ്ക:— (കമലത്തിനോട്ട്) വരണംകമലമ്മ. നമുക്കു അകത്തേക്കുപോകാം.

സോമ:— എന്റെകൊച്ചമ്മ ഒന്നും ഉരിയാടാതെന്നില്ക്കുന്നല്ലോ.

കമലം:— അണ്ണൻവരാമെന്നുപറഞ്ഞു കണ്ടില്ല.

സോമ:— മാനേജരദ്ദേഹമൊ! എന്തൊക്കെയായാലും അദ്ദേഹത്തെ കാണുമ്പോഠം ഉള്ളിൽ ഒരു ഭയം തോന്നുന്നുണ്ടു്.

മാനേജർ:—(പ്രവേശിച്ചു്) ഭയമല്ല സ്നേഹമാണു് അനുജാ. ഞാൻ കുറെഒക്കെ അഹങ്കരിച്ചു. അതിനു നല്ല സമ്മാനവുംകിട്ടി.

സോമ:— (മാനേജരുടെ രണ്ടുകയ്യുംപിടിച്ചു് തൊഴുന്നു) ഈ അവസരത്തിൽ നമുക്കു് ഇങ്ങനെ പ്രാത്ഥിക്കാം. നമ്മെ കാത്തുരക്ഷിക്കുന്ന ശ്രീചിത്തിരതിരുനാഠം പൊന്നുതമ്പുരാൻതിരുമനസ്സുകൊണ്ടു് ആയുരാരോഗ്യസമ്പത്സമൃദ്ധിയോടെ വാണരുളുമാറാകട്ടെ!

(എല്ലാവരും തിരുമനസ്സിലേക്കു ചീയേഴ്സ് വിളിക്കുന്നു.)

(കർട്ടൻ)

J12

Indic Digital Archive Foundation
gpura.org